Reg. M. No. 2293

ഒററപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 || 1129 ധനു 1—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഡിസംബർ 16 || ലക്കം 17

## മഹിളകളുടെ നിഗളം


(പ്രഫസർ കെ. ജെ. അഗസ്റ്റിൻ എം. എ. എൽ. ററി.)

നിഗളവും അസൂയയും പുരുഷന്മാരെക്കാൾ കൂടുതലുള്ളതു സ്ത്രീകൾക്കാണെന്നു ചില അപവാദവ്യവസായികൾ പറയാറുണ്ടു്. ഔദ്ധത്യത്തിൽനിന്നാണ്—അതെ, അഹംഭാവം അഥവാ നിഗളത്തിൽനിന്നാണു്—അസൂയയുടെ ഉത്ഭവം. നാം അർഹിക്കുന്നുവെന്നു നമുക്കു നല്ല നിശ്ചയമുള്ള ഐശ്വര്യം നമുക്കു ലഭിക്കാതിരിക്കുകയും, വേറൊരാൾക്കു് അതു സുലഭമാകുകയും ചെയ്യുന്നതു കാണുമ്പോളുള്ള "കണ്ണുകടി"യെയാണല്ലോ നാം അസൂയയെന്നു പറയുന്നതു്. പക്ഷേ, അതിനെത്തുടർന്നു്, "അതുശരി! ഇതിനെക്കാൾ ഉയർന്ന സ്ഥാനമാനങ്ങൾ ഞാൻ കരസ്ഥമാക്കും" എന്നുള്ള ഒരു വെല്ലുവിളിയും ദൃഢനിശ്ചയവുമാണു് സംജാതമാകുന്നതെങ്കിൽ, ആ "അസൂയ" സ്വാഗതാർഹമാണെന്നു ഞാൻ പറയും. മനശ്ശാസ്ത്രത്തിൽ, Sublimation എന്നാണു് ഈ "വികാരസംസ്കരണ"ത്തിനുള്ള ഇംഗ്ലീഷ് സംജ്ഞയെന്നു തോന്നുന്നു. വിദ്യാഭ്യാസപ്രവർത്തകന്മാർക്കു് അത്യന്തം ഉപയോഗപ്രദമെങ്കിലും, സാധാരണക്കാർക്കു രസശൂന്യമായ ഇതിന്റെ ശാസ്ത്രീയവശങ്ങളിലേക്കു കാടുകയറുന്നതിനു ഞാനിവിടെ മുതിരുന്നില്ല. "ലേഖനവിഷയവുമായി പറയത്തക്ക ബന്ധമൊന്നുമില്ലാത്ത ഇത്തരം ഖണ്ഡികകൾ ഉപക്രമമായി എഴുതാമോ സർ?" എന്നു് "കൊച്ചുമിടുക്ക"നായ ഒരു ശിഷ്യൻ ചോദിച്ചാൽ, "പ്രഫസറന്മാർക്കാകാം. നിങ്ങൾ ഉപന്യാസമെഴുതുമ്പോൾ വയ്യാ" എന്നു്, ചിരിച്ചുകൊണ്ടു് ഞാൻ മറുപടിപറയും.

മഹിളകളുടെ നിഗളമാണു് മനുഷ്യവർഗ്ഗത്തിന്റെ ക്ലേശങ്ങൾക്കെല്ലാം കാരണമെന്നു പലരും കരുതുന്നു. പറുദീസായിലെ "വിജ്ഞാന"വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നുള്ള ദൈവകല്പനയുടെ ലംഘനംമൂലമാണല്ലോ മനുഷ്യർ മരണത്തിനും, പീഡകൾക്കും, നരകശിക്ഷയ്ക്കും വിധേയരാകേണ്ടിവന്നതു്? ദൈവത്തോടു പകരംചോദിക്കുന്നതിനുമുതിന്ന സാത്താൻ അതിനുള്ള കരുക്കളായി നമ്മുടെ ആദിമാതാപിതാക്കളെ ഉപയോഗിക്കാൻ തീരുമാനിച്ചതും, സർപ്പവേഷധാരിയായി ഏദൻതോട്ടത്തിൽ കടന്നതും, ആദ്യം കണ്ട സ്ത്രീയെ അവന്റെ സംഭാഷണചാതുര്യംകൊണ്ടു വശീകരിച്ചതും, ആംഗലകവിസാർവ്വഭൗമനായ മിൽട്ടൺ അദ്ദേഹത്തിന്റെ "പറുദീസാനഷ്ട"ത്തിൽ വളരെ തന്മയത്വത്തോടുകൂടി വർണ്ണിച്ചിട്ടുണ്ടു്. ആ സംഭവദിവസം, ഉദ്യാനത്തിൽ ഒരു "ഈവിനിങ്ങ്‌വാക്കിനു്" (അതോ, പ്രഭാതവിനോദത്തിനോ?) തനിച്ചുപോകണമെന്നു "ഈവി"നു തോന്നി. ആദം തടസ്സം പറഞ്ഞു. "എന്താ ഇത്ര ഭയം? അപകടങ്ങളിൽ പെടാതെ മടങ്ങിവരാനുള്ള തന്റേടം എനിക്കില്ലെന്നാണോ? എന്നിൽ വിശ്വാസവും സ്നേഹവുമുണ്ടെങ്കിൽ എന്തിനീ ആശങ്കകൾ?" എന്നെല്ലാം. പരിഭവവും അഹംഭാവവും കലർന്ന മൃദുലവാക്കുകളുപയോഗിച്ചു് ഭർത്താവിന്റെ അനുവാദം വാങ്ങിക്കൊണ്ടു്, ആ മഹിളാമണി

ണ്ടോന്നു് ദൈവത്തെ മനുഷ്യനാക്കാൻ ആ വീരമാതാവിനു കഴിഞ്ഞതു; അവർ അന്നു വിഡ്ഢിത്തം (?) ചെയ്യാതിരുന്നെങ്കിൽ, ക്രിസ്തു ലോകത്തിൽ ജനിക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. അങ്ങനു് ഭൂമിയിൽ പിറന്നു്, തന്റെ സദുപദേശമണികൾ വിതറുകയും, സഭ സ്ഥാപിക്കുകയും ചെയ്യാതിരു

ൽ അതു ക്ഷന്തവ്യമല്ലേ? സ്ത്രീകൾക്കു നിഗളമില്ലെങ്കിൽ ജീവിതം എത്ര ശുഷ്കമായേനെ? മുഖസ്തുതികൊണ്ടും സമ്മാനങ്ങൾകൊണ്ടും മല്ലാക്ഷീമണിമാരെ പ്രീണിപ്പിക്കുന്നതിനു പുരുഷന്മാർക്കുള്ള കഴിവു് അവരുടെ നിഗളത്തെയല്ലേ ആശ്രയിക്കുന്നതു്? നിഗളസന്താനമായ അലങ്കാരഭ്രമം സ്ത്രീകൾക്കില്ലെങ്കിൽ, പാക്ക




കൊടുങ്ങല്ലൂർ മാർത്തോമ്മാനഗറിലെ പൊന്തിഫിക്കൽ ഷ്റൈൻ.
മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടു് ഡിസംബർ 6-ാംനു- ആഘോഷപൂർവ്വം ഇവിടെ സ്ഥാപിച്ചു.

പുറപ്പെട്ടു; സർപ്പവുമായി സംഭാഷണത്തിലേർപ്പെട്ടു. തന്റെ സൗന്ദര്യത്തേയും ബുദ്ധിവൈഭവത്തേയുംപററിയുള്ള വർണ്ണനകേട്ടു നിഗളലഹരിപിടിച്ചു, അവന്റെ ന്യായവാദങ്ങളെല്ലാം ശരിവച്ചു. കനി ഭക്ഷിച്ചാൽ ദൈവസമമാകാമെന്നുള്ള അഹംഭാവജന്യമായ വ്യാമോഹത്താൽ വശീകൃതയായി. വിലക്കപ്പെട്ട ഫലം തിന്നുകയും, പുഞ്ചിരിയും കൊഞ്ചലും കരച്ചിലും വാചാലതയും കൊണ്ടു പാവപ്പെട്ട ഭർത്താവിനെ പാട്ടിലാക്കി, അദ്ദേഹത്തെക്കൊണ്ടു പഴം കഴിപ്പിക്കുകയും തൽഫലമായി മനുഷ്യകുലത്തെ പരമാനന്ദത്തിൽനിന്നു നിരാശയിലേക്കു തള്ളിവിടുകയും ചെയ്തുവെന്നാണു് ആദിമാതാവിന്റെ പേരിലുള്ള ചാർജ്ജ്. ഇന്നത്തെ വനിതാവക്കീലന്മാർ അതിനു തക്ക മറുപടിനൽകുന്നുണ്ടു്. ഈവിന്റെ അഹംഭാവം മനുഷ്യർക്കു ദോഷമല്ല ഗുണമാണു് ചെയ്തതു; അന്നങ്ങനെ ചെയ്തതുകൊന്നെങ്കിൽ, മനുഷ്യരുടെ ഭാവി എത്ര പരിതാപകരമാകുമായിരുന്നേനെ? അതിനിടവരുത്തിയ സ്ത്രീരത്നം എത്ര മഹത്തായ ലോകസേവനമാണു് ചെയ്തതു? എന്നെല്ലാമാണു് മഹിളകളുടെ എതിർവാദം. അതിനു മറുപടി പറയാൻ കോൺഗ്രസ് നേതാക്കന്മാരോ കവിമുന്നണിക്കാരോ തന്നെവേണം.

വാദം ശരിയല്ലെന്നും, മഹിളകളുടെ നിഗളത്തിനു ബീജാവാപം ചെയ്തു ആദിമാതാവു വലിയ ദ്രോഹമാണു് പണ്ടു മനുഷ്യകുലത്തോടു ചെയ്തതെന്നും സങ്കല്പിക്കുക. എന്നാൽത്തന്നെ, അതിനായി ഇന്നത്തെ സ്ത്രീകളെ കുറ്റപ്പെടുത്താമോ? ഒരിക്കലും പാടില്ലെന്നു ഞാൻ പറയും. മാലാഖമാർക്കും നിഗളം ബാധിച്ച സ്ഥിതിക്കു്, ബലഹീനരായ മനുഷ്യരെ—വിശിഷ്യ, അബലകളെന്ന അപരനാമത്താൽ വിശ്രുതരായ സ്ത്രീകളെ—കുറെയൊക്കെ നിഗളം ബാധിച്ചുപോയാ

കളും സിനിമാശാലകളും മീററിങ്ങു"ഹാളു"കളും ദേവാലയപരിസരങ്ങളും കവിതാശൂന്യമാകയില്ലേ? സ്വർണ്ണപ്പണിക്കാരും പട്ടുവ്യാപാരികളും, ഹെയർഓയിൽ, സെൻറു്, പൗഡർമുതലായവയുടെ നിർമ്മാതാക്കളും തൊഴിലില്ലാതെ എത്രമാത്രം കഷ്ടപ്പെട്ടേനെ? അതിനാൽ, മഹിളകളുടെ നിഗളം സഭയ്ക്കും സമുദായത്തിനും നന്മവരുത്തുന്ന കാര്യങ്ങളിലേക്കു തിരിച്ചുവിടാൻ ശ്രമിക്കുകയാണു്, അവരെ ശകാരിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതിനെക്കാൾ കൂടുതൽ ബുദ്ധിപൂർവ്വകമെന്നു തോന്നുന്നു. അതിനുള്ള ഒരു "വിനീതനിർദ്ദേശ"മാണു് ഈ ലേഖനംവഴി അവതരിപ്പിച്ചുകൊള്ളുന്നതു്.

ഒരു കുടുംബത്തിൽ ഒരു ബി. എ. ക്കാരനോ, ഒരു ഉദ്യോഗസ്ഥനോ, ഒരു വൈദികനോ, ഒരു മെത്രാനോ ഉണ്ടാകുമ്പോൾ അതിൽ ഏററവും കൂടുതൽ അഭിമാനിക്കുന്നതും, അക്കാര്യം സ്ഥാനത്തും അസ്ഥാനത്തും പ്രസ്താവിക്കുന്നതിൽ ബദ്ധശ്രദ്ധരാകുന്നതും സ്ത്രീകളാണല്ലോ—അവർക്കതിനു തീർച്ചയായും അവകാശമുണ്ടു്. തന്റെ സഹോദരൻ, ഭർത്താവു്, മകൻ, ഒരുയർന്ന നില പ്രാപിക്കുമ്പോൾ കുറെയൊക്കെ നിഗളിക്കാത്ത സ്ത്രീ, സ്ത്രീയല്ല. അമ്മമാർക്കു് അതിനുള്ള അർഹത നിസ്തർക്കമാണു്. താൻ പാലൂട്ടി, താരാട്ടി വളർത്തിപ്പുലർത്തിയ മകന്റെ ഉയർച്ച കണ്ടാനന്ദിക്കുന്നതിനാണു് ഓരോ മാതാവും കൊതിക്കുന്നതു്. സ്വപുത്രവിജയമാണു് ഓരോ മാതാവിന്റെയും ദിവാസ്വപ്നചലച്ചിത്രത്തിലെ കഥാവസ്തു. തന്റെ ഓമനക്കുഞ്ഞുങ്ങളാണു് ഒരമ്മയുടെ ജീവിതകവിതയിലെയും ചെറുകഥകളിലെയും നായികാനായകന്മാർ. പലരും തങ്ങളുടെ കുഞ്ഞുങ്ങൾക്കു ഐഹികസുഖഭാഗ്യങ്ങൾ ആശംസിക്കുന്നു. ചുരുക്കം ചിലർ തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തിനു സമർപ്പിക്കുന്നു. തന്റെ ഒരു കുഞ്ഞെങ്കിലും വൈദികനോ കന്യാസ്ത്രീയോ ആയിക്കാണാൻ ആഗ്രഹിക്കുന്നു.

മക്കൾ നല്ല ക്രിസ്ത്യാനികളായി, നല്ല പൗരന്മാരായി വളർന്നുവരുന്നതു കാണുന്നതു് ഒരു ക്രിസ്തീയമാതാവിനു എത്ര ആശ്വാസപ്രദമാണു? ഇക്കാലത്തു പ്രത്യേകിച്ചും? ആ സ്ഥിതിക്കു കുടുംബത്തിൽ ഒരു വൈദികനുണ്ടായാലോ? കത്തോലിക്കാപ്രവർത്തനത്തിനു നവോന്മേഷം നൽകുന്നതിനും ഇടവകകളുടെ ഭരണഭാരവും വേദപ്രചാരണവും കാര്യക്ഷമമായി നടത്തുന്നതിനും, കമ്മ്യൂണിസം മുതലായ സഭാശത്രുക്കളുടെ കൈയേററത്തെ നയവിശേഷത്തോടെ പ്രതിരോധിക്കുന്നതിനും സമർത്ഥവും സുശക്തവുമായ ഒരു വൈദികവ്യൂഹത്തിന്റെ ആവശ്യം അനുദിനം കൂടുതലായി അനുഭവപ്പെട്ടുകൊണ്ടാണിരിക്കുന്നതെങ്കിലും കേരളക്കരയിലേയും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലേയും മിഷൻവേല വേണ്ടപോലെ പുരോഗമിപ്പിക്കുന്നതിനാവശ്യമുള്ളവരിൽ ഒരു ചെറിയ ശതമാനത്തെ നൽകുന്നതിനു മാത്രമേ ഇപ്പോൾ നമുക്കു കഴിയുന്നുള്ളൂ. ലൗകികപ്രലോഭനവ്യാമോഹികളായ ഇന്നത്തെ ചെറുപ്പക്കാരിൽനിന്നു് "ശേഷി"യും "ശേമുഷി"യുമുള്ളവർ മുന്നോട്ടുവരുന്നതിനു ഉന്മേഷം കാണിക്കുന്നില്ല. അതിനു വേണ്ടിയുള്ള ഒരു ശക്തിയായ പ്രചാരണം—ഒരു കുരിശുയുദ്ധം തന്നെ—നടത്തേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ നിഗളത്തെ നല്ലൊരായുധമായി ഈ "യുദ്ധ"ത്തിൽ വിനിയോഗിക്കാമെന്നെനിക്കു തോന്നുന്നു.

അടുത്തകാലത്തു പ്രസിദ്ധം ചെയ്ത "Great Catholic Mothers" എന്ന രസകരമായ ഒ

രിംഗ്ലീഷ് പുസ്തകം ഞാനിയിടെ വായിച്ചു. പത്തു മാതാക്കളെപ്പററിയാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നതു്. ആ ഗ്രന്ഥം ഒരിക്കൽ വായിക്കുന്ന ഒരു മാതാവു്, തന്റെ ഒരു പുത്രനെ അഥവാ പുത്രിയെ ദൈവത്തിനു സമർപ്പിക്കാമെന്നു വാഗ്ദാനംചെയ്യാതിരിക്കയില്ല.

എല്ലാം മാതാക്കളെപ്പററിയുള്ള വിവരണങ്ങളും രസകരമാണെങ്കിലും, ഞാൻ ഏററവും രസിച്ചതു് കട്ടിനാൾ വോണിന്റെ വാത്സല്യമാതാവിന്റെ കഥയിലാണ്. പ്രോട്ടസ്റ്റൻറായി ജനിച്ചു്, പിന്നീടു് കത്തോലിക്കയായിത്തീന്ന ആ വനിതാമണി, വെയിത്സിലെ ഒരു സൈനികോദ്യോഗസ്ഥനെ വിവാഹംചെയ്തു. കുടുംബനായികയുടെ കൃത്യനിർവ്വഹണത്തിൽ അദ്വിതീയയായിരുന്നു ആ മഹിള. പ്രസന്നത, വിനോദരസികത്വം മുതലായവയാൽ അവർ കുടുംബത്തെ സ്വർഗ്ഗതുല്യമാക്കി. ഇരുപതുകൊല്ലത്തെ ദാമ്പത്യജീവിതത്തിൽ അവക്കു പതിമൂന്നു സന്താനങ്ങളുണ്ടായി. ചിരിയും കളിയും നിറഞ്ഞ ആ കുടുംബോദ്യാനത്തിലെ മാലാഖയായിരുന്നു ആ അമ്മ. കുട്ടികളെ അധികമൊന്നും നിയന്ത്രിക്കാതെയും ശിക്ഷിക്കാതെയും വളത്തി. അവരെല്ലാം ഉത്തമകത്തോലിക്കരായി വളന്നു. അവരിൽ നാലുപേർ കന്യാസ്ത്രീകളും, ആറുപേർ വൈദികരുമായി ഒടുവിൽ. ആ അമ്മയുടെ ഇന്ദ്രജാലം നമ്മുടെ മാതാക്കളും പഠിച്ചെങ്കിൽ!

ഈ പത്തു മക്കളുടെ കഥ കുറച്ചുകൂടി കേൾക്കുമ്പോഴാണു നാം അത്ഭുതപ്പെടുന്നതു്. ഒരു മകൾ വിസിറേറഷൻ കോൺവെന്റിൽ ചേന്നു; ഒരുത്തി ഉപവിയുടെ സഹോദരിയായി. ഒരുത്തി "പൂവർ ക്ലെയർ" മഠത്തിലാണ് അംഗമായതു്. നാലാമത്തെ സഹോദരി സെൻറ് അഗസ്റ്റിൻസ് മൊണാസ്റ്ററിയിൽ ചേരുകയും കാലാന്തരത്തിൽ അവിടത്തെ ശ്രേഷ്ഠത്തിയായി ഉയരുകയും ചെയ്തു. വൈദികരായ സഹോദരന്മാരിൽ പ്രഥമൻ ഹെർബർട്ട് ഒരു കട്ടിനാളായി; റോജർ, സിഡ്നിയിലെ ആർച്ച് ബിഷപ്പായി; ജോൺ, സെബാസ്റ്റപ്പോളിലെ മെത്രാനായി; ജോസഫ്, ഒരു ബെനഡിക്ടൻ ആശ്രമം സ്ഥാപിക്കുകയും അതിന്റെ പ്രിയോർസ്ഥാനം സമത്ഥമായി അലങ്കരിക്കുകയും ചെയ്തു. ബെണ്ണാർഡ് ഒരു ജസ്വിററാകാനാണു തീരുമാനിച്ചതു്. അദ്ദേഹം ഇംഗ്ലണ്ടിലെ ഏററവും വലിയ ഒരു മതപ്രാസംഗികനായി പ്രസിദ്ധിയാജ്ജിച്ചു. "കെനെം" എന്ന സഹോദരൻ ഒരു സാധാരണ വൈദികനായിരുന്നെങ്കിലും, അദ്ദേഹം സ്പെയിൻ, തെക്കേഅമേരിക്ക മുതലായ രാജ്യങ്ങളിൽ പര്യടനം നടത്തി, വെസ്റ്റ്മിൻസ്റ്റർ കത്തീഡ്രലിനുവേണ്ടി ഇരുപതിനായിരം പവൻ ശേഖരിച്ചുകൊണ്ടുവന്നു.

നിർഭാഗ്യവശാൽ, പതിമൂന്നാമത്തെ കുഞ്ഞിന്റെ ജനനത്തോടുകൂടി അവരുടെ മാതാവു ചരമമടഞ്ഞതിനാൽ, ആ മഹതിക്കു്, തന്റെ ആശാലത പുഷ്പിച്ചു നൽകിയ മധുരഫലം ആസ്വദിക്കുന്നതിനു ഭാഗ്യമുണ്ടായില്ല. അവർ അവരുടെ മക്കളുടെ ഭാവി ദശിച്ചിരുന്നെങ്കിൽ, എത്ര വിശുദ്ധയായിരുന്നെങ്കിലും നിശ്ചയിച്ചുപോയേനെ എന്നാണ്, എനിക്കു തോന്നുന്നതു്. ഒരു മകൻ കട്ടിനാൾ, ഒന്നു മെത്രാപ്പോലീത്താ, ഒന്നു മെത്രാൻ, ഒരു പ്രിയോർ, ഒന്നാംതരം വിശ്രു[illegible] ലെ കഥ

കത്തോലിക്കാമാതാവിനു എന്നാണിമ്മാതിരി ഭാഗ്യമുണ്ടാവുക? കേരളത്തിലെ ചില മഹിതാമണികൾക്കു മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും മാതാക്കളാകാൻ ഭാഗ്യമുണ്ടായി. ആ മഹാഭാഗ്യത്തിനു പ്രത്യേക ദൈവാനുഗ്രഹം വേണം. ഏതായാലും, ദൈവത്തിനുവേണ്ടി ഓരോ മാതാവും ഒരു മകനെയെങ്കിലും വൈദികനായി സമപ്പിക്കട്ടെ! ഭാവി ആരുകണ്ടു? കട്ടിനാൾ ടിസ്സെറാങ്ങ് തിരുമേനിയുടെ സന്ദശനവും, പാറേക്കാട്ടിൽ തിരുമേനിയുടെ അഭിഷേകവും കത്തോലിക്കാ കേരളത്തിന്റെ ശ്രദ്ധയെ മതപരമായ കാഴ്ചകളിലേക്കു സവിശേഷം ആകർഷിച്ചിരിക്കുന്ന ഈ സുവർണ്ണാവസരത്തിൽ, സ്ത്രീകളുടെ നിശ[illegible]ളും എന്റെ വ[illegible]ചനിർദ്ദേശത്തിലേക്കു തിരിഞ്ഞെങ്കിൽ!

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## IX കത്തോലിക്കാ പുനരൈക്യാനന്തരം

### കോതമംഗലത്തുവച്ചു് ചെയ്ത പ്രസംഗം

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

മാർ ഈവാനിയോസു തിരുമേനിയുടേയും മാർ തെയോഫിലോസു തിരുമേനിയുടെയും പുനരൈക്യത്തിനുശേഷം കേരളത്തിലുള്ള ഒട്ടനേകം കത്തോലിക്കാ ദൈവാലയങ്ങളിൽ വന്ദ്യതിരുമേനിമാക്കു വമ്പിച്ച സ്വീകരണങ്ങൾ നൽകുകയുണ്ടായിട്ടുണ്ടു്. പ്രസ്തുത സ്ഥലങ്ങളിലെല്ലാം, തങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുണ്ടായ കാരണങ്ങളേയും, കേരളത്തിലെ അകത്തോലിക്കാ സഹോദരങ്ങൾ കത്തോലിക്കാസഭാ പുനരൈക്യം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയേയും, അകത്തോലിക്കരുടെ പുനരൈക്യത്തിനു പ്രവത്തിക്കുന്നതിനു കത്തോലിക്കർക്കുള്ള കടമയേയും പുരസ്കരിച്ചു മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു് നിരവധി പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു്. ചരിത്രപരവും വിശ്വാസവിഷയകവുമായ പ്രസ്തുത പ്രസംഗങ്ങളിൽ പലതും അക്കാലത്തുതന്നെ ലഘുലേഖകളായി അച്ചടിക്കുകയും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്കയുണ്ടായിട്ടുണ്ടു്. എന്റെ അന്വേഷണഫലമായി പ്രസ്തുത പ്രസംഗങ്ങളിൽ ഒട്ടനേകം ലഭിച്ചിട്ടുണ്ടെങ്കിലും ഇനിയും പലതും ലഭിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. ആകയാൽ വന്ദ്യതിരുമേനിയുടെ പ്രസംഗങ്ങൾ അച്ചടിച്ചിട്ടുള്ളവ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അവ സദയം എന്റെപേക്കു (പട്ടം P. O.) അയച്ചുതരണമെന്നപേക്ഷിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ ജീവചരിത്രഗ്രന്ഥത്തിൽ അവയെല്ലാം ചേക്കുന്നതിനും തദ്വാരാ പ്രയോജനം കൈവരുത്തുന്നതിനും സാധിക്കുന്നതാണു്.

കോതമംഗലത്തുവെച്ചു നൽകിയ സ്വീകരണാവസരത്തിൽ—ആയിരക്കണക്കിനു കത്തോലിക്കരും യാക്കോബായക്കാരും സംബന്ധിച്ചിരുന്ന മഹായോഗത്തിൽ—അഭിവന്ദ്യ തിരുമേനി ചെയ്ത ഒരു പ്രസംഗമാണു ചുവടേ ഉദ്ധരിക്കുന്നതു്.

“മാർത്തോമ്മാശ്ലീഹായുടെ സന്താനങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ വത്തിക്കണമെന്നുള്ളതു് അവശ്യം ആവശ്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ദൈവികമായി ചിന്തിക്കുന്നപക്ഷം അതു് അത്യന്താപേക്ഷിതമെന്നു് ബോദ്ധ്യപ്പെടുന്നതാണു്. പഴയ മുറിവിനെ കരിച്ചുകളയുവാൻ പരിശുദ്ധാത്മാവിന്റെ പ്രേരണയല്ലാതെ മററു യാതൊന്നിനും സാധിക്കുന്നതല്ല. യാക്കോബായസഭയിൽ ഇന്നോളം ഉണ്ടായിട്ടുള്ള സർവ്വവിധ കുഴപ്പങ്ങളും ദൈവം ചൂണ്ടിക്കാണിക്കുന്നതു് എന്താണെന്നു ഗ്രഹിക്കുവാൻ വേണ്ട അനുഗ്രഹം പ്രസ്തുതസഭയിലെ അംഗങ്ങൾക്കു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രാത്ഥിക്കാം. എത്രയോ സംവത്സരങ്ങളായി ഭിന്നിച്ചുപോയ സഹോദരങ്ങളുടെ മനസ്സുതിരിവിനുവേണ്ടി സർവ്വകത്തോലിക്കാ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും പ്രാത്ഥനകൾ നടത്തിക്കൊണ്ടാണു് ഇരുന്നിട്ടുള്ളതു്. അനേകലക്ഷം കത്തോലിക്കർ നടത്തിക്കൊണ്ടിരുന്ന ആ നിലവിളിയുടെ ഫലമായിക്കൂടെയാണു് മാതൃസഭയുമായി പുനരൈക്യപ്പെടുവാൻ നമുക്കു ഭാഗ്യം സിദ്ധിച്ചതെന്നു നാം സുദൃഢം വിശ്വസിക്കുന്നു.

കത്തോലിക്കാസഭയിൽ ചേന്നതിനുശേഷം അകത്തോലിക്കർ, വിശേഷിച്ചു യാക്കോബായക്കാർ പലവിധത്തിലുള്ള അപവാദങ്ങൾ നമ്മെപ്പററി പറഞ്ഞു പരത്തിക്കൊണ്ടിരിക്കുന്നതായി അറിയുന്നു. അവരുടെ ദൃഷ്ടിയിൽ നാം കള്ളനും ചതിയനുമായിത്തീന്നിരിക്കുന്നു. “ഞങ്ങളെ പററിച്ചതുപോലെ അദ്ദേഹം നിങ്ങളേയും പററിക്കും” എന്നാണു് അവർ കത്തോലിക്കരോടു പറയുന്നതു്. യാക്കോബായസഭയിലെ വഴക്കും മത്സരവും അഹങ്കാരവും അനുസരണമില്ലായ്മയും ഉപേക്ഷിച്ചുപോന്നതിൽ പരിശുദ്ധാത്മാവു് നമ്മെ പററിക്കുകതന്നെ ചെയ്തു. യാക്കോബായ സഹോദരങ്ങൾ അവരുടെ മനസ്സിനെ ദൈവത്തിൽ സമപ്പിക്കുന്നപക്ഷം പരിശുദ്ധാത്മാവു നിശ്ചയമായും അവരേയും പററിക്കുമെന്നാണു് നമ്മുടെ ബോദ്ധ്യം. കാരണം, സത്യം ഒന്നുമാത്രമല്ലാതെ പലതുണ്ടാകുവാൻ നിവൃത്തിയില്ല എന്നുള്ളതത്രെ.

നാം ചതിയനും വഞ്ചകനുമാണെന്നുള്ള അവരുടെ പ്രസ്താവനയിൽ എത്രമാത്രം പരമാത്ഥമുണ്ടെന്നു നിങ്ങളോടു പറയുന്നതിനു നാം ആഗ്രഹിക്കുന്നു. യാക്കോബായസഭാംഗങ്ങളിൽനിന്നും ബഥനിക്കുവേണ്ടി കുറെ പണം പിരിച്ചുണ്ടാക്കി എന്നതു വാസ്തവംതന്നെ. യാക്കോബായസഭയുടെ ഉള്ളിൽ കയറി ഇരുപതു സംവത്സരക്കാലം മുന്നിട്ടു നിന്നു പ്രവത്തിച്ചതുമൂലം യാക്കോബായ പാത്രിയക്കീസുമായി ബന്ധമുള്ള എന്തെങ്കിലും സ്ഥാപനം നിമ്മിക്കുന്നതു തലമുറതലമുറയായി വ്യവഹാരങ്ങൾക്കു കാരണമായി തീരുമെന്നുള്ള ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടു കേവലം സ്വതന്ത്രമെന്നുള്ള നിലയിലാണു് നാം ബഥനി സ്ഥാപിച്ചതു്. യാക്കോബായപാത്രിയക്കീസിനെ സ്വീകരിക്കാതെ യാക്കോബായസഭയിലുള്ള ആരാധനക്രമങ്ങൾ സ്വീകരിച്ചതുകൊണ്ടുമാത്രം ഒരാൾ യാക്കോബായക്കാരൻ ആകുമെങ്കിൽ ആവിധത്തിൽ നാമും ഒരു യാക്കോബായക്കാരൻ ആയിരുന്നു. നേരെമറിച്ചു യാക്കോബായ പാത്രിയക്കീസിനെ സ്വീകരിക്കാത്തവൻ യാക്കോബായക്കാരൻ ആകാൻ ഇടയില്ലാത്തപക്ഷം നാം യാക്കോബായക്കാരൻ ആയിരുന്നില്ല. ബഥനി സ്ഥാപിച്ച കാലത്തു കത്തോലിക്കാസഭയിൽ ചേരണമെന്നു സ്വപ്നത്തിൽപ്പോലും നാം വിചാരിച്ചിരുന്നില്ല. യാക്കോബായ സഭാംഗങ്ങളേയും ഇതരമതങ്ങളിലും സഭകളിലും ഉൾപ്പെട്ടവരേയും ആത്മീയമായ വിധത്തിൽ ഉയത്തിക്കൊണ്ടുവരുന്നതിനുള്ള ഒരുപകരണം എന്നുള്ള നിലയിലാണു് നാം ബഥനി സ്ഥാപിച്ചതു്. ആദ്യം ആശ്രമവും, അനന്തരം മഠവും, പിന്നീടു പള്ളികളും നാം സ്ഥാപിച്ചു. അവ ഒന്നിന്മേലും യാക്കോബായ പാത്രിയക്കീസിനാകട്ടെ ആ പാത്രിയക്കീസിന്റെ ഭരണാധികാരത്തെ സമ്മതിക്കുന്ന ഏതെങ്കിലും മേല്പട്ടക്കാരനാകട്ടെ യാതൊരു അധികാരവും കത്തവ്യവും ഉണ്ടായിരുന്നില്ലതാനും.

ബഥനിക്കുവേണ്ടി നാനാജാതി മതസ്ഥരായ ഒട്ടനേകർ തങ്ങളാൽ കഴിവുള്ള സംഭാവനകൾ നൽകിയിട്ടുണ്ടു്. എത്രയോ പ്രയോജനകരമായ ഒരു സ്ഥാപനമാണു ബഥനി എന്നുള്ള ബോദ്ധ്യം നിമിത്തം കത്തോലിക്കരായ പലരും നമ്മെ അന്നു സഹായിച്ചിട്ടുണ്ടു്. മാത്രമല്ല, ഹിന്ദുക്കളും മഹമ്മദീയരും നമുക്കു് സംഭാവനകൾ നൽകിയിരുന്നു. നമ്മുടെ പരിചിതന്മാരും, സ്നേഹിതന്മാരും, ചാർച്ചക്കാരും യാക്കോബായക്കാരായിരുന്നതിനാൽ അവരിൽനിന്നുമാണു് ഗണ്യമായ സംഖ്യ ലഭിച്ചിട്ടുള്ളതു് എന്ന വാസ്തവം കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. പണപ്പിരിവുകാലത്തു നാം ഒരു സ്ഥലത്തു ചെന്നിരുന്നപ്പോൾ എത്രയും ലുബ്ധനായ ഒരു യാക്കോബായക്കാരൻ ഏതാനും പവൻ തന്നെ നമുക്കു നൽകുകയുണ്ടായി. മററു് ഒരിടത്തുചെന്നപ്പോൾ “ബഥനി ഒരുകാലത്തും യാക്കോബായ പാത്രിയക്കീസിനു് അധീനമാകുകയില്ലെന്നു് ഉറപ്പു പറയുന്നപക്ഷം ഇതാ 500 രൂപാ” എന്നു പറഞ്ഞുകൊണ്ടു വേറൊരുവൻ അഞ്ഞൂറുരൂപാ നമ്മെ ഏല്പിക്കയുണ്ടായി. കത്തോലിക്കാസഭയിൽ ചേരുന്നതിനുമുമ്പായി ബഥനിയെ സംബന്ധിച്ചു ചെയ്യേണ്ടതുപോലെ എല്ലാം നാം ചെയ്തിട്ടുണ്ടെന്നാണു് നമ്മുടെ ഉത്തമബോദ്ധ്യം.

ബഥനി ഒരുവിധത്തിലും ഏതെങ്കിലും ഒരു സഭയുടേതു് ആയിരിക്കണമെന്നു നമുക്കു് ആരംഭത്തിൽപ്പോലും ഉദ്ദേശമുണ്ടായിരുന്നില്ല. അതിനാൽ ബഥനിക്കായി മൂലധനത്തിലേക്കു സംഭാവനചെയ്തിട്ടുള്ള എല്ലാവരേയും ക്ഷണിച്ചുവരുത്തി വടശ്ശേരിക്കരവച്ചു ഒരു യോഗം നാം വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം അനുസരിച്ചു മൂന്നു ട്രസ്റ്റികളുടെപേക്കു് ബഥനിസ്വത്തുക്കൾ നൽകുകയാണു ചെയ്തതു്. അന്നത്തെ യോഗനിശ്ചയത്തിൽ ബഥനിസ്വത്തുക്കളുടെമേൽ യാക്കോബായ പാത്രിയക്കീസിനോ പോപ്പിനോ അധികാരമോ അവകാശമോ ഇല്ല എന്നു സ്പഷ്ടമായി രേഖപ്പെടുത്തുകയാണുണ്ടായതു്. അതേവരെയുള്ള കണക്കുകളും അവിടെവച്ചു പരിശോധിച്ചു പാസ്സാക്കുകയുംചെയ്തു. ബഥനിവക പള്ളികൾ വെക്കുവാനായി പലരും നമുക്കു സ്ഥലം ദാനമായി നൽകിയിരുന്നു. അതു് അവരവക്കുതന്നെ നാം തിരികെ കൊടുത്തു. ആശ്രമത്തിനായി ജോൺവക്കീൽ സംഭാവനചെയ്ത 100 ഏക്കർ സ്ഥലത്തിന്റെ ആധാരവും നാം തിരികെ കൊടുത്തു. പെരുനാട്ടിൽ ബഥനി ആശ്രമം ഇരിക്കുന്ന 300 ഏക്കർ സ്ഥലം നമ്മുടെ വീട്ടിൽനിന്നും ലഭിച്ച പണംകൊണ്ടു വാങ്ങിയതായിരുന്നു. നമ്മുടെ സ്വന്തമായി വേറെയും പണം ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു്. മുൻവ്യവസ്ഥകൾക്കു വ്യത്യാസംകൂടാതെ മററു സ്വത്തുക്കളോടുകൂടെ അതും ട്രസ്റ്റികൾക്കു ഏല്പിച്ചുകൊടുത്തു. ബഥനിയുടെ ആദശമെന്തോ അതു സാധിക്കുവാൻ ആ ട്രസ്റ്റികൾ ഉത്സാഹിക്കുമെന്നാണു നമ്മുടെ വിശ്വാസം. നാം ഈ പറഞ്ഞതിൽനിന്നും യാക്കോബായസഭയുടേതായി യാതൊന്നും കത്തോലിക്കാസഭയിലേക്കു കൊണ്ടുവന്നിട്ടില്ലെന്നും കൊണ്ടുവരുവാൻതക്കവണ്ണം യാക്കോബായസഭയുടേതായി നമ്മുടെ കൈവശം ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നും സുവ്യക്തമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

കത്തോലിക്കാസഭയുമായി നാം പുനരൈക്യപ്പെട്ടതു് ഇക്കഴിഞ്ഞ സെപ്റ്റംബർ 20-ാം തീയതി ആയിരുന്നുവല്ലോ. പുനരൈക്യം പ്രാപിച്ചതിനുശേഷം കുറെ ആഴ്ചവട്ടക്കാലത്തേക്കു യാതൊന്നും ചെയ്യാതെ കേവലം ആദ്ധ്യാത്മികവിഷയങ്ങളിൽ നാം ദിവസങ്ങൾ കഴിക്കുകയാണു ചെയ്തതു്. നമ്മുടെ പുതിയ പ്രസ്ഥാനത്തിനു ദൈവത്തിന്റെ കൃപയും അനുഗ്രഹവും അത്യന്താപേക്ഷിതമാകയാൽ അതിനുവേണ്ടി നാം പ്രാത്ഥിച്ചുകൊണ്ടിരുന്നു. കഴിഞ്ഞ ഡിസംബർമാസം മുതലാണു് പ്രവൃത്തിപദ്ധതിയിൽ നാം കാലുവച്ചുണ്ടായതു് എന്നു പറയാം. ഇതിൽനിന്നും പുനരൈക്യപ്രസ്ഥാനത്തിനു നാലുമാസംമാത്രം പ്രായമേ ഉള്ളുവെന്നും ഒരു ശിശുവിനെന്നപോലെ അതിനു് ഇന്നു പരിരക്ഷണവും പരിപോഷണവും ആവശ്യമാണെന്നും പറയേണ്ടതില്ലല്ലോ. തിരുസ്സഭ ദൈവത്തിന്റേതു് ആകയാൽ അതിന്റെ അഭിവൃദ്ധിയെപ്പററിയും പോഷണത്തെക്കുറിച്ചും നാം ആകുലചിത്തനായിരിക്കുന്നില്ല. ദൈവത്തിന്റെ നിർദ്ദേശാനുസരണവും പൂർവ്വപിതാക്കന്മാരായ പലരുടേയും ആഗ്രഹാനുസരണവും നാം ചെയ്യേണ്ട കത്തവ്യം ഏതോ അതു നാം ചെയ്തിട്ടുണ്ടെന്നുള്ള ബോദ്ധ്യവും കൃതാത്ഥതയും നമുക്കുണ്ടു്. ദൈവംതന്നെ അവിടുത്തെ മക്കളെ വഴിനടത്തിക്കൊള്ളുമല്ലോ. ഇക്കഴിഞ്ഞ നാലുമാസത്തിനുള്ളിൽ ആയിരം യാക്കോബായക്കാരോളം പല സ്ഥലങ്ങളിൽനിന്നുമായി തിരുസ്സഭാമാതാവിന്റെ ആശ്ലേഷത്തിനു പാത്രീഭൂതരായിത്തീന്നിട്ടുണ്ടു്. 22 പട്ടക്കാരും 20-ൽപ്പരം ചാപ്പലുകളും ഉണ്ടായിക്കഴിഞ്ഞുമിരിക്കുന്നു. ഇവയ്ക്കെല്ലാം പണം എവിടെനിന്നുമുണ്ടായി എന്നു നിങ്ങൾ ഓരോരുത്തരും ആശ്ചര്യപ്പെടുന്നുണ്ടായിരിക്കും. ഇവയ്ക്കുള്ള പണം ദൈവത്തെ സ്നേ

# പുണ്യശ്ലോകനായ കയ്യാളശ്ശേരി മെത്രാനച്ചൻ തിരുമേനി

## (ഒരു അനുസ്മരണം)

(കെ. ഇ. ജോബ് എം. എ. എൽ. ററി.)

ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമമെത്രാനും ദൈവത്തിനും മനുഷ്യനും ഒരുപോലെ പ്രിയപ്പെട്ടവനും ആയിരുന്ന കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ തിരുമേനിയുടെ മെത്രാൻപട്ടാഭിഷേകം 1911 ഡിസമ്പർ 3-ാം തീയതിയാണ് കാൻഡിയിലുള്ള പേപ്പൽ സെമ്മിനാരിയിൽവച്ച് നടത്തപ്പെട്ടത്. അത് ഭാരതത്തിന്റെ ദ്വിതീയശ്ലീഹായായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ ചരമദിനമാണല്ലോ.

ആ അഭിവന്ദ്യ പിതാവിനു വിശുദ്ധ സേവ്യറിനോട് അതിരററ ഭക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഒരു പ്രധാനലക്ഷ്യം, അദ്ദേഹം റോമിൽവച്ച് തന്റെ പ്രഥമദിവ്യപൂജാസമർപ്പണത്തിനു തിരഞ്ഞെടുത്തത് ജസ്യൂററ് സഭക്കാരുടെ വകയായ "ജേസു" എന്നറിയപ്പെടുന്ന ദേവാലയത്തിലുള്ളതും, വിശുദ്ധന്റെ കൈയ്, ഒരു സ്വർണ്ണസ്ഫുടകത്തിൽ സൂക്ഷിച്ചുവരുന്നതുമായ ബലിപീഠമായിരുന്നു എന്നുള്ള വസ്തുതയാണ്. തന്റെ രൂപതാതിർത്തിക്കുള്ളിൽ സകലവിധത്തിലും സത്യവേദചൈതന്യം പ്രചരിപ്പിക്കണമെന്നും, സ്വജനങ്ങളെ ആദ്ധ്യാത്മികമായും സാമ്പത്തികമായും സംസ്കാരികമായും ഭൗതികമായും ഉയർത്തിക്കൊണ്ടുവരണമെന്നും ആ പിതാവ് അത്യധികമായി ആഗ്രഹിക്കുകയും അക്കാര്യം സാധിക്കുന്നതിനുവേണ്ടി ഇരവുപകലില്ലാതെ പരിത്യാഗപൂർവ്വം പ്രയത്നിക്കുകയും ചെയ്തിട്ടുള്ളത് അവയുടെ ഗുണഭോക്താക്കളായ ബഹുജനങ്ങൾക്ക് ഒരിക്കലും വിസ്മരിക്കുവാൻ നിവൃത്തിയുള്ളതല്ല എന്നുതന്നെയുമല്ല, അവയുടെ കൂടെക്കൂടെയുള്ള അനുസ്മരണം, വർത്തമാനഭാവികാലങ്ങളിലെ തലമുറകൾക്ക് കൃതജ്ഞതാനിർഭരമായ പ്രചോദനങ്ങൾ നൽകുവാൻ പര്യാപ്തമായിത്തീരുന്നതുമാണ്.

ഉൽകൃഷ്ടകുലജാതനും, സ്വദേശത്തും വിദേശത്തും ധാരാളം പ്രതാപവും സൽകീർത്തിയും മിത്രസമ്പത്തും സമാർജ്ജിച്ചിരുന്നവനും ആയ കയ്യാളശ്ശേരിപ്പിതാവിന്റെ ജീവചരിത്രത്തിൽ, ഗാംഭീര്യവും ഐശ്വര്യവും പ്രൗഢിയും ഉൾക്കൊള്ളുന്ന പല രംഗങ്ങളുണ്ടാവാം. എന്നാൽ അവയല്ല ഇവിടെ നമുക്കു ചിന്താവിഷയമായിട്ടുള്ളത്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിനയം, സുകൃതം, വിശുദ്ധി, ദൈവഭക്തി, ആദ്ധ്യാത്മികോൽക്കർഷത്തിലുള്ള മതിവരാത്ത തൃഷ്ണ — ഇവയൊക്കെയാണ് അനന്തരതലമുറകളുടെ പ്രചോദനത്തിനും അനുകരണത്തിനുമുള്ള കാര്യങ്ങൾ. ദൈവദത്തമായ പ്രസ്തുതപ്രവണതകളെ പരിപോഷിപ്പിക്കുന്നതിൽ അദ്ദേഹം തന്റെ സകല കഴിവുകളും ഉപയോഗിച്ചിരുന്നതായി നാം കാണുന്നു. അതായിരുന്നു ആ തിരുമേനിയുടെ ആദ്ധ്യാത്മികവിജയരഹസ്യം.

കയ്യാളശ്ശേരി മെത്രാനച്ചൻ തിരുമേനിയുടെ ജീവചരിത്രം റവ. ഫാദർ ഗ്രിഗറി കല്ലുപുറമ്പിൽ അവർകൾ 1951-ൽ ആലപ്പുഴ സെൻറാക്രൂസ്സ് പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു വായിച്ചുനോക്കിയാൽ ആ തിരുമേനിയുടെ ജീവിതത്തിൽ ബാല്യംമുതൽ പ്രശോഭിച്ചിരുന്ന പല ഉൽകൃഷ്ടസൽഗുണങ്ങൾ കരതലാമലകംപോലെ വ്യക്തമായി നമുക്കു ബോദ്ധ്യമാകുന്നതാണ്. അന്നത്തെ വിസ്തൃതമായ പ്രഥമ കോട്ടയം രൂപതയുടെ മെത്രാൻ ഡോക്ടർ കാർലോസ് ലവീഞ്ഞ തിരുമേനിയുടെ വാത്സല്യഭാജനമായിത്തീരുന്നതിനും, അദ്ദേഹത്തിൽനിന്നും 17-ാമത്തെ വയസ്സിൽ ആസ്തപ്പാടപ്പട്ടം സ്വീകരിക്കുന്നതിനും തദനന്തരം ആ ചെറുപ്രായത്തിൽത്തന്നെ റോമയിലുള്ള പ്രോപ്പഗാൻഡാ കോളേജിലേക്ക് വൈദികവിദ്യാഭ്യാസാർത്ഥം അയക്കപ്പെടുന്നതിനും ഇദ്ദേഹത്തിനു ഭാഗ്യമുണ്ടായതുതന്നെ യൗവനംമുതൽ അദ്ദേഹത്തിൽ പല ശ്രേഷ്ഠസൽഗുണങ്ങൾ ശോഭിച്ചിരുന്നതുകൊണ്ടാണ്. പിൽക്കാലത്ത് റോമയിൽ അദ്ദേഹത്തിന്റെ ഗുരുജനങ്ങൾതന്നെ ചെയ്തിട്ടുള്ള പല പ്രസ്താവനകൾ ഈ അനുമാനത്തെ ദൃഢപ്പെടുത്തുന്നുണ്ട്.

ഫാദർ ഗ്രിഗറിയുടെ ജീവചരിത്രത്തിൽനിന്നും താഴെപ്പറയുന്ന സംഭവങ്ങളെ സംഗ്രഹിച്ചുദ്ധരിക്കുന്നത് ഇവിടെ അവസരോചിതമായിരിക്കുമല്ലോ.


നമ്മുടെ കഥാനായകൻ റോമയിൽ പഠിച്ചുകൊണ്ടിരിക്കവേ ഒരുദിവസം പ്രോപ്പഗാൻഡാ വിദ്യാർത്ഥികൾ, അന്നു തിരുസ്സഭാഭരണം നടത്തിയിരുന്ന പതിമൂന്നാം ലെയോൻ പാപ്പായെ കാണുവാൻപോയി. ആ അവസരത്തിൽ ഹാസ്യകാരനും എന്നാൽ ചൈതന്യവും പ്രസരിപ്പും തികഞ്ഞവനുമായ കയ്യാളശ്ശേരി ശെമ്മാശ്ശന്റെ നാട്ടും വീട്ടും മാർപ്പാപ്പാ തിരുമേനി ചോദിച്ചറിഞ്ഞശേഷം "നീ നല്ലവനായിരിക്കണം" എന്നു കല്പിച്ചനുഗ്രഹിക്കുകയുണ്ടായി. ഈ അനുഗ്രഹം സഫലമായിത്തീരുകതന്നെ ചെയ്തു. അടുത്തുതന്നെ ഒരു ദിവസം ലവീഞ്ഞു മെത്രാൻ പ്രോപ്പഗാൻഡാ കോളേജ് സന്ദർശിച്ചവസരത്തിൽ, കോളേജ് റെക്ടർ കയ്യാളശ്ശേരിൽ ശെമ്മാശനെപ്പററി (Un piculo Santo) "ഒരു ചെറിയ പുണ്യവാൻ" എന്ന പ്രശംസാവചനങ്ങൾ ഉപയോഗിക്കുവാൻ ഇടയായതായി മേല്പറഞ്ഞ ജീവചരിത്രഗ്രന്ഥത്തിൽ പറയുന്നു. അപ്പോൾ, കൂടെയുണ്ടായിരുന്ന പഴയപറമ്പിൽ ലൂയിസച്ചനും (അദ്ദേഹം പിന്നീട് എറണാകുളം വികാരി അപ്പസ്തോലിക്കായായി) മററു സഹപാഠികളും ഇതിനു സാക്ഷികളാണ്. അദ്ദേഹം 1899 മേയ് 28-ാം തീയതി വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ, അദ്ദേഹത്തിനു പട്ടംകൊടുത്ത കർദ്ദിനാൾ കസ്സെററ തിരുമനസ്സുകൊണ്ട്, "പന്ത്രണ്ടുകൊല്ലം കഴിയുന്നതിനുമുമ്പ്, താങ്കൾ ഒരു മെത്രാനാകും" എന്ന് അനുഗ്രഹിച്ചതും അതു പ്രത്യക്ഷരം സഫലമായതും നമുക്കേവർക്കും അറിവുള്ളതാണല്ലോ.

ചങ്ങനാശ്ശേരി വികാരിയാത്തിന്റെ അപ്പസ്തോലിക്കവികാരിയായി ഈ തിരുമേനി കാൻഡിയിൽവച്ച് അഭിഷിക്തനായശേഷം തലസ്ഥാനമായ ചങ്ങനാശ്ശേരിയിൽ വന്നപ്പോഴുണ്ടായ വമ്പിച്ച സ്വീകരണവും ശ്രീ ഐ. സി. ചാക്കോ, ശ്രീ ജോൺ നിധീരി മുതലായ മഹാരഥന്മാർ, അദ്ദേഹം കയറിയിരുന്ന ഫിററൺവണ്ടി സ്വയം വലിച്ചുകൊണ്ടുപോയ കാര്യവും കണ്ടിട്ടുള്ള അസ്മാദൃശന്മാർ പലരും ഇന്നും ജീവിച്ചിരിപ്പുണ്ട്. അതുപോകട്ടെ. അതല്ലല്ലോ നമ്മുടെ ചിന്താവിഷയം. തന്റെ ഭരണീയരിൽ അദ്ദേഹം കണ്ട ദുർവാശി, ദുർവ്യവഹാരം, മദ്യപാനം, ദുർന്നാടകാസക്തി മുതലായ ദുർഗ്ഗുണങ്ങളെ ഉച്ചാടനംചെയ്യുന്നതിനും, തിരുഹൃദയഭക്തി, ദൈവമാതൃഭക്തി, തിരുക്കുടുംബഭക്തി, ദിവ്യകാരുണ്യഭക്തി ഇവമൂലം ജനങ്ങളുടെ ഹൃദയങ്ങളെ പവിത്രീകരിക്കുന്നതിനും, പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും വിദ്യാഭ്യാസം ദ്രുതഗതിയിൽ പ്രചരിപ്പിക്കുന്നതിനും, വിഭിന്നരായ ക്രൈസ്തവസഹോദരങ്ങളുടെ ഇടയിലും അക്രൈസ്തവരുടെ ഇടയിലും സത്യവേദം പ്രചരിപ്പിക്കുന്നതിനും അദ്ദേഹം വളരെ അധികം യത്നിച്ചിരുന്നു. അതുകൂടാതെ ആരാധനസഭ എന്ന പേരിൽ അറിയപ്പെടുന്ന ഒരു സന്യാസിനീസംഘം അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഈ സഭയിൽ ഇപ്പോൾ 24 കന്യാകാലയങ്ങളും 647 കന്യകകളും ഉള്ളതുകൂടാതെ അവർ അനേകം വിദ്യാലയങ്ങൾ നടത്തുകയും വിശുദ്ധ കുർബാനയുടെ ആരാധന ക്രമമായി നടത്തിവരികയും ചെയ്യുന്നു. അദ്ദേഹം തുടങ്ങിയിട്ടുള്ള സെൻറ് ബെർക്കുമൻസ് കോളേജ് ഇപ്പോൾ തിരുവിതാംകൂർ സർവ്വകലാശാലയിലെ ഒരു ഉൽകൃഷ്ട[illegible]

ഹിക്കുന്നവരും അവിടുത്തെ സാമ്രാജ്യം ഭൂമിയിൽ പ്രതിഷ്ഠിതമാകണമെന്നു ആഗ്രഹിക്കുന്നവരുമായ ദൈവമക്കളാൽ പ്രദാനം ചെയ്യപ്പെട്ട എന്നു നിങ്ങൾ മനസ്സിലാക്കിയാൽ മതിയാകും. നസ്രാണിസമുദായത്തിന്റെ സംഘടനയ്ക്കും, ഈ നാട്ടിൽ ക്രിസ്തീയസഭയുടെ പുനരൈക്യത്തിനുമായി ദൈവത്താൽ തുറക്കപ്പെട്ടിട്ടുള്ള ഈ വഴി സുഗമമാക്കുന്നതിലുള്ള പ്രയോജനത്തെയും അതിനുള്ള കടമയേയുംപററി ബോധ്യമുള്ള പലരും വിശിഷ്യാ കത്തോലിക്കരായ പള്ളിക്കാരും ജനങ്ങളും സ്വമനസ്സാലെ നമുക്കു സഹായങ്ങൾ നൽകിയിട്ടുണ്ട്.

ഈ അവസരത്തിൽ ബ. വികാരിയച്ചൻ നിങ്ങളോടുചെയ്ത സ്വാഗതപ്രസംഗത്തിൽ നമ്മെ സംബന്ധിച്ച് അതിശയോക്തിപരമായ ഒരു കാര്യം പറഞ്ഞതായി നാം ഓർക്കുന്നു. ക്രിസ്ത്വാബ്ദം 1653-ൽ കൂനൻകുരിശിന്മേൽ കെട്ടപ്പെട്ടതായ ആ പഴയ കയറിനെ പൊട്ടിച്ചതു നാമാണ് എന്നുള്ളതത്രെ അത്. ഏററം സ്തുത്യർഹമായ ആ പ്രവൃത്തി നാമല്ല ചെയ്യുവാനിടയായത്. പിന്നെയോ തലമുറതലമുറകളായുള്ള അനേകലക്ഷം കത്തോലിക്കരുടെ ഹൃദയപൂർവ്വകമായ കണ്ണുനീർത്തുള്ളികൾ എത്രയോ സംവത്സരങ്ങളായി ഇററിററു വീണുകൊണ്ടിരിക്കയാൽ ആ പഴയ കയർ ക്രമേണ ദ്രവിച്ചുദ്രവിച്ച് അവസാനം ഇക്കഴിഞ്ഞ സെപ്ററംബർ 20-ാംതീയതി പൊട്ടിപ്പോകുവാൻ ഇടയായിത്തീർന്നു എന്നുള്ളതത്രെ പരമാർത്ഥം. ആകയാൽ ഇക്കാര്യത്തിൽ നാമായിരുന്നില്ല പ്രവർത്തകൻ എന്നുള്ള കാര്യം നിങ്ങൾ ധരിക്കണമെന്നപേക്ഷിക്കുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് 1930-ൽ ചെയ്ത ഒരു അത്ഭുതമായും ഇതിനെ പരിഗണിക്കേണ്ടിയിരിക്കുന്നു.

അവസാനമായി കത്തോലിക്കരായ എവരോടും നമുക്ക് ഒരു പ്രത്യേകകാര്യം പറയുവാനുള്ളതു പറഞ്ഞുകൊണ്ടു നമ്മുടെ പ്രസംഗം ഉപസംഹരിച്ചുകൊള്ളാം. അഖിലലോകവ്യാപകമായ കത്തോലിക്കാസഭയുടെ അംഗങ്ങളാണു ഞങ്ങൾ എന്നുള്ള അഭിമാനത്തിൽമാത്രം നിങ്ങൾ ഒരിക്കലും തൃപ്തിയടയരുത്. തിരുസ്സഭാംഗങ്ങളായ നിങ്ങൾ കേരളത്തിലുള്ള അകത്തോലിക്കർ എവർക്കും മാർഗ്ഗദർശികളായിരിക്കുവാൻ തക്കവണ്ണം നിങ്ങളുടെ ജീവിതത്തെ പരിശുദ്ധമാക്കുകയാണു വേണ്ടത്. തിരുസ്സഭ ഒരുകാലത്തും നിങ്ങളുടെ ജീവിതത്താൽ അധിക്ഷേപിക്കപ്പെടുവാൻ സംഗതിവരുത്തുകയുമരുത്."




അത്യുന്നത കർദ്ദിനാൾ തിരുമനസ്സിലേക്ക് കൊടുങ്ങല്ലൂർ മാർത്തോമ്മാ നഗറിൽവച്ച് വെരി റവ. ഫാ. ക്ലെമെൻറ് സി. ഡി. അവർകൾ മംഗളപത്രം സമർപ്പിക്കുന്നു. പൊന്തിഫിക്കൽ ഷ്കെറനിന്റെ ഒരു ചെറുമാതൃകയിലാണ് കാസ്സററ് നിർമ്മിതമായിരിക്കുന്നത്.

മഹത്തായ
നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങൾ ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നത് സൗകര്യവും സുരക്ഷിതത്വവും കരുതിയാണ്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നു.

ഓറിയൻറ സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്ത് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിന് നിങ്ങളുടെ പണം

ഓറിയന്റ് സെൻട്രൽ ബാങ്കിൽ
നിക്ഷേപിക്കുക

ഹെഡ് ആഫീസ്:- കോട്ടയം


ബ്രാഞ്ചുകൾ

| | | |
|---|---|---|
| ഈരാററുപേട്ട | കുമരകം | പാമ്പാടി |
| എറണാകുളം | കോതമംഗലം | പിറവം |
| എരുമേലി | കൂട്ടിക്കൽ | പൂവരണി |
| കാളകെട്ടി | വടക്കൻപറവൂർ | തൊടുപുഴ |
| കോട്ടയം | പാലാ | തിരുവല്ല |
| | വൈക്കം | |

തീർത്ഥാളമായി വിലസുന്നതും ആർക്കും അജ്ഞാതമല്ല.

എന്നാൽ അദ്ദേഹത്തിനു കേരളത്തിലെ യാക്കോബായക്കാരുടെ പുനരൈക്യപ്രസ്ഥാനവുമായി ഒരു ഗാഢബന്ധമുള്ളത് അധികമാരും അറിഞ്ഞുകാണുകയില്ല. അന്ത്യോക്യൻ സുറിയാനി റീത്തിന്റെ ഉപയോഗം, പുനരൈക്യപ്പെട്ട യാക്കോബായ വൈദികർക്കുവേണ്ടി ഇദ്ദേഹമാണു റോമിലെ അറിവോടുകൂടി ആദ്യകാലങ്ങളിൽ അനുവദിച്ചുകൊടുത്തത്. പക്ഷേ കാലാന്തരത്തിലുണ്ടായ അഭിപ്രായാന്തരപ്രകാരം ആ മഹത്തായ പ്രസ്ഥാനത്തിനു താല്ക്കാലികമായ ഒരു ക്ഷതം തട്ടിയെങ്കിലും കുര്യാളശ്ശേരി മെത്രാനച്ചനു ഒരിക്കലും അതിന്റെ അഭിവൃദ്ധിയിൽ അധൈര്യമുണ്ടായിരുന്നില്ല. 1920-ാമാണ്ടിൽ ഈ വിഷയം സംബന്ധിച്ച് കുര്യാളശ്ശേരി തിരുമേനി ഒരാളോട് ഇങ്ങനെ പറയുകയുണ്ടായി: "ഇനിക്ക് 10 കൊല്ലത്തിനകം യാക്കോബായസഭയിലെ ഒരു നല്ലഭാഗം കത്തോലിക്കാസഭയിൽ ചേരുമെന്നുള്ളതു തീർച്ചയാണ്. ഞാൻ പറയുന്ന ഈ സംഗതി എഴുതിയിട്ടുകൊള്ളു. തീർച്ചയായും സംഭവിക്കും." മാർ ഈവാ

## For favours received




By M. G. George

നിയോസ്, മാർ തെയോഫിലോസ്, മാർ സെവേരിയോസ് എന്നീ വൈദികാദ്ധ്യക്ഷന്മാരുടേയും എൺപതിനായിരത്തോളംവരുന്ന വിശ്വാസികളുടേയും പുനരൈക്യം 1930 മുതൽ സമാരബ്ധമായിട്ടുള്ളതു യഥാർത്ഥത്തിൽ ഈ പ്രവചനത്തിന്റെ പൂർത്തീകരണമല്ലയോ?

കുര്യാളശ്ശേരിമെത്രാൻ തിരുമേനി തന്റെ 1914-ലെ യാത്രാവേളയിൽ അനുഭവിച്ച ക്ലേശങ്ങളുടെയും സങ്കടങ്ങളുടെയും വിവരണങ്ങൾ വായിച്ചാൽ കരയാത്ത ആളുകൾ കാണുകയില്ല. പ്രഥമലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട അവസരത്തിൽ തിരുമേനി ഫ്രാൻസിലായിരുന്നു. പലദിവസങ്ങൾ പട്ടിണിയായി ചുറ്റിത്തിരിഞ്ഞശേഷം ഒരു കന്യകാമഠത്തിന്റെ മുൻപിൽ പോയി ആംഗ്യംമൂലം ഭക്ഷണം യാചിച്ചതും, ഒരു കന്യാസ്ത്രീ മുകളിലത്തെ നിലയിൽനിന്നും ഒരു റൊട്ടി കീഴോട്ടിട്ടുകൊടുത്തതും, യാത്രയ്ക്കുള്ള ടിക്കറ്റു ലഭിക്കാതെ വിഷമിച്ചപ്പോൾ എവിടെനിന്നോ ഒരു വൃദ്ധൻവന്നു ടിക്കറ്റു വാങ്ങിക്കൊടുത്തശേഷം അപ്രത്യക്ഷനായ കഥയും ആരെയാണു പുളകംകൊള്ളിക്കാത്തത്?

അതുപോലെതന്നെ ഹൃദയസ്പർശകമായ പല വിവരങ്ങളും ആ വന്ദ്യപിതാവിന്റെ അവസാന റോമ്മായാത്രയിലും ചരമരംഗങ്ങളിലും കാണാം. അദ്ദേഹം പ്രഥമദിവ്യപൂജ അർപ്പിച്ച തിയതിയിൽതന്നെ അവസാനദിവ്യപൂജയും സമർപ്പിച്ചു. വിശുദ്ധ കുർബാനയുടേയും മിശിഹായുടെ തിരുഹൃദയത്തിന്റെയും ഭക്തിപ്രചാരകനായിരുന്ന ആ തിരുമേനിയുടെ പാവനനാമധേയം കേരളത്തിലെ കത്തോലിക്കർ ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

ചെറുകഥ

# കൊടുങ്കാറ്റിലകപ്പെട്ട കുടുംബനൗക

(പി. വി. ജോസഫ്, പട്ടണക്കാട്)

ജീവിതത്തോടുള്ള വെറുപ്പ്. അതാണു ജോസിനെ അപ്പോൾ ആ തെരുവീഥിയിൽക്കൂടി നടത്തുന്നത്. വികാരപ്രേരകൾ അവനെ തകിടംമറിക്കുന്നുണ്ട്. എല്ലാം എല്ലാം സഹിച്ചുകൊണ്ട് അവനെന്തോ ഒരു ലക്ഷ്യമുള്ളതുപോലെ പോകയാണ്. എങ്ങോട്ട്? എന്താണ് അവന്റെ ലക്ഷ്യം? ഒന്നുമില്ല വെറും നിരാശയുടെ കുഴിതോണ്ടിയുമായി അധഃപതനത്തിന്റെ താഴ്വരയിലേക്ക് തന്റെ ശവക്കുഴി തോണ്ടുവാൻ നീങ്ങുകയാണവൻ.

വഴിയരുകിൽ അങ്ങനെ തിങ്ങിനില്ക്കയാണ് കെട്ടിടങ്ങൾ, ആനന്ദത്തിന്റെ കേളീരംഗങ്ങളായ മാളികകൾ—അങ്ങനെ പലതും.

അതാ! അങ്ങകലെനിന്നും, സന്ധ്യയുടെ കാമുകൻ പാടുകയാണെന്നുതോന്നും, ഒരു മണിമാളികയിലെ റേഡിയോഗാനം. ആ ശബ്ദവീചികൾ ജോസിന്റെ മനസ്സിനെ വല്ലാതെയലട്ടുന്നുണ്ട്. അവനങ്ങനെ നടന്നു— എന്തോ ഒരു ലക്ഷ്യം ഉള്ളതുപോലെ.

"തോഴാ, നീ പോകയാണോ? വേദനനിറഞ്ഞ ഈ ജീവിതം സഹിക്കവയ്യാതെ നീ പോകയാണോ? നാഥാ, ഞാനും വരുന്നു. അങ്ങയുടെ പാദങ്ങളെ പിൻതുടർന്നുകൊണ്ട് ഞാനും വരുന്നു. അങ്ങ് എങ്ങോട്ടോ അങ്ങോട്ടു ഞാനും—വേണ്ടാ, അങ്ങു പോകേണ്ട—ദുഃഖപൂർണ്ണമായ ഈ ജീവിതം നമുക്കൊന്നിച്ചു കഴിക്കാം. വരൂ—നാഥാ....................."

അങ്ങനെ തുടരുന്നു ആ ശോകഗാനം—ആ റേഡിയോഗാനം.

ജോസ് അല്പനിമിഷങ്ങൾ അവിടെത്തന്നെ നിന്നുപോയി. ആ ഗാനം! അവന്റെ തലയ്ക്കുള്ളിൽ തിവണ്ടി ഇരമ്പിപ്പാഞ്ഞു. ഭയങ്കരമായ എന്തോ ഒന്ന് അവനെ പിടിച്ചുലച്ചു.

അടുത്തുള്ള വലിയ പള്ളിയിൽനിന്നും ണാം—ണ്ടാം—ണാം എന്ന നാദം അവന്റെ കർണ്ണപുടങ്ങളിൽ വന്നലച്ചു. കുരിശുമണിയാണത്. അവനറിയാതെ തന്നെ അവന്റെ നെറ്റിയിൽ കുരിശുവരച്ചുപോയി. സ്വേദകണങ്ങൾ പറ്റിപ്പിടിച്ചിരുന്ന അവന്റെ നെറ്റിയിൽ ആ കുരിശടയാളം വീണപ്പോൾ അവനു് എല്ലാറ്റിനും ഒരു ശാന്തി സമുണ്ടായി.

അവനെ, ആ സമാധാനത്തിന്റെ നികേതനത്തിലേക്കു പിടിച്ചുവലിച്ചതു് ആ മണിനാദമായിരുന്നു. ആ നാദം അന്തരീക്ഷത്തിൽ അങ്ങനെ തേങ്ങി തേങ്ങി നില്ക്കയാണ്. അവൻ ആ പള്ളിമുറ്റത്തെ നടക്കല്ലുകൾ ഓരോന്നായി പിന്നിട്ടുകൊണ്ടു് ശാന്തിയുടെ പാദങ്ങളിലേക്കു നീങ്ങുകയാണ്.

ജോസ്, ആ അൾത്താരയോടു ചേർന്നുതന്നെ മുട്ടുകുത്തി. താമരമൊട്ടുപോലെ കൂമ്പിപ്പിടിച്ച കൈകൾ അവന്റെ വേദനനിറഞ്ഞ മാർവിടത്തോടു ഒട്ടിച്ചേർന്നു. ഹൃദയം നിറയെ വേദനയും കൈകൾ നിറയെ കണ്ണീരുമായി തന്റെ പ്രാർത്ഥന തുടങ്ങുകയാണ്.

ആ അലിയുന്ന ഹൃദയം എങ്ങനെ കേൾക്കാതിരിക്കും. ആ സ്നേഹനാഥൻ എങ്ങനെ കനിയാതിരിക്കും!

അല്പനിമിഷങ്ങൾ കഴിഞ്ഞു. ചില പൂർവ്വസ്മരണകൾ അവനെ തട്ടിയുണർത്തി. അതെ! ആ ദിനം—അവൻ ദാമ്പത്യാരാമത്തിലേക്കു പ്രവേശിച്ച ആ ദിനം. അന്നു്, ആ വയോവൃദ്ധനായ പുരോഹിതൻ ചോദിച്ച ആ ചോദ്യം. അവൻ വീണ്ടും ഓർക്കുകയാണ്.

"യൗസേപ്പ്, നിന്റെ അരികിൽ നില്ക്കുന്ന ത്രേസ്യായെ തിരുസ്സഭയിലെ ന്യായപ്രകാരം നിന്റെ മണവാട്ടിയായി സ്വീകരിക്കുവാൻ മനസ്സാകുന്നോ?"

നാണംകലർന്നതെങ്കിലും സ്പഷ്ടമായസ്വരത്തോടെ, നിഷ്കളങ്കഹൃദയത്തോടെ അവൻ പറഞ്ഞു: "മനസ്സാകുന്നു." ആ ഹൃദയത്തിൽ അന്നു പുഞ്ചിരിയുടെ പൂമൊട്ടുകൾ വിരിയുകയായിരുന്നു. ആശകൾ നാമ്പിടുകയായിരുന്നു.

മർമ്മരിൾത്തിണ്ണയിൽ മൊട്ടു സൂചിവീഴുംപോലുള്ള ത്രേസ്യായുടെ ശബ്ദം അന്നവൻ ആദ്യമായി ശ്രവിച്ചു: "മനസ്സാകുന്നു—"

ശരീരമാകെ ഒരു കോരിത്തരിപ്പുണ്ടായി. മറ്റൊരു ജീവിതത്തോട് അന്നാണവൻ ബന്ധപ്പെട്ടതു്. അന്നാണവൻ ദാമ്പത്യാരാമത്തിലേക്കു് വലതുകാൽ നീട്ടിവച്ചതു്. അന്നാണ് അവന്റെ അമ്മയും സഹോദരിയും കാത്തിരുന്ന ദിവസം സമാഗതമായതു്.

ആ ദിനമാണവനെ ഈവിധം ദാരുണമായ വ്യഥയോടു ചേർത്തതും.

ആ ദിവ്യകർമ്മത്തിനുശേഷം ഇന്നു് ഏതാണ്ട് ഒരു കൊല്ലമായിക്കാണും.

അവൻ പോന്ന അന്നത്തെ രാത്രി ഏതാണ്ടു് ഈവിധം ചിത്രീകരിക്കാം:

ജോസ് എന്തോ എഴുതിക്കൊണ്ടിരിക്കയാണ്.

"ആരാ നാത്തൂനേ! ഈ പിഞ്ഞാണം പൊട്ടിച്ചതു്!" ജോസിന്റെ സഹോദരി അന്നമ്മയുടെ സ്വരമാണതു്. അതങ്ങനെ പുരയുടെ മേൽക്കൂരയും തട്ടി അന്തരീക്ഷത്തിലേക്കു് ഓടി. ആ സ്വരം അങ്ങനെ ഇരച്ചിരച്ചു് നില്ക്കയാണ്.

"എനിക്കറിഞ്ഞുകൂടാ അന്നമ്മേ"—അതെ, വാസ്തവമാണ് അവൾ പറഞ്ഞതു്. സദാ ക്ഷീണിതയെങ്കിലും വേദനനിറഞ്ഞ ജീവിതത്തോടുമല്ലയെന്നു ജോലിചെയ്യുന്ന ത്രേസ്യാമ്മ ഹൃദയംതുറന്നാണ് പറഞ്ഞതു്.

"പിന്നാരാ—ഇവിടെ ചെകുത്താൻ വരുന്നോ പിഞ്ഞാണം പൊട്ടിക്കാൻ?"

"ചെകുത്താനോ ആരോ—എനിക്കറിഞ്ഞുകൂടാ."

"കേട്ടോ അമ്മച്ചി, എന്നെ ചെകുത്താനാക്കിയതു്! നാത്തൂൻ അറിഞ്ഞില്ല. ഞാനൊന്നാ പറയുന്നേ..."

അമ്മ വരികയായി—

"കേട്ടടി—ഞാൻ കേട്ടു. അവൾ കോളെജിന്റെ വാതിൽ കണ്ടവളല്ലേ. വീട്ടിൽ പൊറുക്കാനറിയാൻ പാടില്ലാത്ത ശവം."

"എന്തിനാ പൊന്നമ്മച്ചി വെറുതെ എന്നെ ചീത്തപറയുന്നേ?—"

"പറഞ്ഞുപോയി—എന്തുവേണമെടി ഇപ്പോ!"

"ഞാനൊന്നും വേണമെന്നു പറഞ്ഞില്ലല്ലോ അമ്മച്ചി. നിങ്ങളെന്തിനാ വെറുതെ വഴക്കിനുവരുന്നേ!"

"ആരാടി, നിങ്ങളോ? നിന്റെ നിങ്ങൾ—ഹും—കേട്ടോടാ ജോസീ—നിന്റെ മതാമ്മ പറഞ്ഞതു കേട്ടോ—"

ജോസിനു സഹിക്കവയ്യാതെ, എഴുതിയിരുന്ന കടലാസും പേനയും വലിച്ചെറിഞ്ഞുകൊണ്ടു് മുറിക്കുള്ളിൽനിന്നും പുറത്തുചാടി.

"എന്റെ ദൈവമേ, ഈ നരകത്തിന്നു എവിടെയെങ്കിലും പോകാൻതോന്നുന്നു. അതെ, ഞാൻ എവിടെയെങ്കിലും പൊയ്ക്കൊള്ളാം."

"വേണ്ടാ—എന്റെ കുഞ്ഞും ഞാനും പോയിത്തരാം. നിന്റെ പെമ്പറന്നോരും നീയുംകൂടെ ഇവിടെ കഴിഞ്ഞോളൂ."

ജോസ് നിരാശയുടെ തോണിയിൽ കയറി, അധഃപതനത്തിന്റെ സാഗരത്തിലേക്കു നീങ്ങുകയാണ്. ഒരു വടി എടുത്തു എട്ടുപത്തടി—ആ പാവപ്പെട്ട ശരീരത്തെ—അതെ, ആ ഭാരം ചുമക്കുന്ന ശരീരത്തെ. ഹോ! എങ്ങനെ സഹിക്കും. അവൾ ഇന്നൊരു മാതാവാണ്. ആ മാർദ്ദവമേറിയ കവിൾത്തടങ്ങളിൽക്കൂടി എട്ടുപത്തുതുള്ളി കണ്ണുനീർ അടർന്നുവീണു. ഒഴുകുവാൻ തുടങ്ങി.

ജോസ് തിരിഞ്ഞുനോക്കാതെ നടന്നു. എങ്ങോട്ടെന്നില്ലാതെ നിരാശയുടെ കുഴിതോണ്ടിയുമായി.

* * *

പള്ളിയിലെ പ്രാർത്ഥനകൾക്കുശേഷം ജോസ് ഒരു നിശ്ചയത്തിൽ എത്തിച്ചേർന്നു. ദൈവം തന്നെ ഏല്പിച്ചുതന്ന ആ ജീവിയെ—അതെ, തന്റെ സഹധർമ്മിണിയെ — ഉപേക്ഷിച്ചുപോകുകയോ? അവളെ കണ്ണുനീരിൽ തള്ളിയിട്ടുപോകുകയോ? അവളിന്നു് ഒരു കുഞ്ഞിന്റെ മാതാവല്ലേ? വേണ്ടാ.

വികാരിയച്ചനെ സന്ദർശിച്ചശേഷം ജോസ് വീട്ടിലേക്കുതന്നെ തിരിച്ചു.

പിറ്റേദിവസം ഇടവകപ്പള്ളിയിൽ എന്തോ ഒരു വിശേഷദിവസമായിരുന്നു. പുരോഹിതൻ—ആ മദ്ധ്യവയസ്കൻ—പ്രസംഗിക്കയാണ്.

അന്നു് നമ്മുടെ അന്നമ്മയും പള്ളിയിലുണ്ടായിരുന്നു. അവൾക്കു് എന്തോ അബദ്ധം പിണഞ്ഞതാണ്. സാധാരണ അതു പതിവില്ലാത്തതായിരുന്നു. അവൾക്കു് സ്കൂളിൽ പോകണംപോലും. ഫോർത്തുഫോറമിലാണു് പഠിക്കുന്നതു്. അവൾക്കു പഠിക്കാനല്ല നേരം. നാത്തൂനെ ശകാരിക്കുന്നതു കേൾക്കുക. അതൊരാനന്ദമാണവൾക്കു്. അതിനുവേണ്ടി ഇല്ലാപ്പോചിസു് ഉണ്ടാക്കുകയാണു് അവളുടെ തൊഴിൽ.

അങ്ങനെ അബദ്ധത്തിൽ ആ പ്രസംഗം കേൾക്കുവാൻ അവളും നിന്നു.

അന്നത്തെ പ്രസംഗവിഷയം കുടുംബജീവിതത്തെ സംബന്ധിച്ചതായിരുന്നു.

"അന്യവീട്ടിൽനിന്നും കെട്ടിക്കൊണ്ടുവരുന്ന പെണ്ണുങ്ങളുമായി യാതൊരു കാരണവും കൂടാതെ വഴക്കുണ്ടാക്കുക, അമ്മായിയമ്മയെക്കൊണ്ടു് അവരെ ചീത്തപറയിപ്പിക്കുക, ഇതെല്ലാം ഒരാനന്ദമാണു് ചില പെൺകിടാങ്ങൾക്കു്. ഏതുകാര്യത്തിലും നാത്തൂനെ കുറ്റപ്പെടുത്തി അവളെ ശിക്ഷിപ്പിക്കുക. അങ്ങനെയുള്ള പെൺകുഞ്ഞുങ്ങൾ കുടുംബം നരകതുല്യമാക്കുന്നു. അവർക്കു ദൈവം തക്ക ശിക്ഷ നൽകാതിരിക്കയില്ല." ആ പുരോഹിതൻ പറഞ്ഞു.

ഇതുകേട്ടുനിന്ന അന്നമ്മയുടെ നെഞ്ചിൽ ഒരിടിത്തീവീണപോലെയായി. അവൾ നിശ്ചലയായി ഇരുന്നുപോയി. അവളെ ഇരുത്തിച്ചിന്തിപ്പിക്കുന്നതായിരുന്നു ആ പ്രഭാഷണം. അമ്പുതറയ്ക്കുന്നപോലെ ആ വാക്കുകൾ അവളുടെ ഹൃദയത്തെ നോവിച്ചു.

അവൾ പശ്ചാത്താപപ്പെട്ടു.

നിത്യമായ സന്തോഷത്തിനു്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

സഭാചരിത്രപംക്തി (9)

# വി. പൗലോസിൻെറ

## രണ്ടാമത്തെ പ്രേഷിതപര്യടനം

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

യറുശലേമിലെ കൗൺസിലിനുശേഷം അധികനാൾ കഴിയുന്നതിനുമുൻപ് പൗലോസ് വീണ്ടും ഒരു പ്രേഷിതപര്യടനത്തിനായി പുറപ്പെട്ടു. ആദ്യയാത്രയിൽ സ്ഥാപിച്ച സഭകളെ സന്ദർശിക്കുവാനുള്ള ആഗ്രഹമാണ് പൗലോസിനെ ഈ ഉദ്യമത്തിനു പ്രേരിപ്പിച്ചത്. ഇത്തവണ പൗലോസും ബാർണബാസും വെവ്വേറെവഴികളാണ തിരിച്ചത്—ബാർണബാസ് സൈപ്രസ്സിലേക്കും പൗലോസ് ഏഷ്യാമൈനറിലേക്കും. വീണ്ടും അവർ ഒരുമിച്ച് പ്രേഷിതവൃത്തിയിൽ പങ്കെടുക്കുന്നതായി നാം കാണുന്നില്ല. എങ്കിലും പൗലോസ് തൻെറ പഴയ സഹചാരിയെപ്പററി ഏററം സ്നേഹമസൃണമായ സ്മരണ എന്നാളും പുലർത്തിയിരുന്നു.

ഇത്തവണ യറുശലേമിലെ ഒരു പ്രമുഖസഭാംഗവും ഒരു റോമൻ പൗരനുമായ സൈലാസിനെ (Silas alias Silvanus) യാണ് അപ്പോസ്തലനു സഹപ്രവർത്തകനായി ലഭിച്ചത്. 50 A. D. യിലാണ് രണ്ടുപേരുംകൂടി അന്ത്യോക്യയിൽനിന്നും യാത്രപുറപ്പെട്ടത്. ആദ്യപര്യടനത്തിൽ പൗലോസ് സുവിശേഷം പ്രസംഗിച്ച പ്രദേശങ്ങളിൽക്കൂടി അവർ സഞ്ചാരം തുടർന്നു. ലിസ്ട്രായിൽവച്ച് തിമോത്തി (Timothy) എന്നു പേരായ ഒരു യുവാവിനെക്കൂടി സഹചാരിയായി ലഭിച്ചു. തിമോത്തിയുടെ പിതാവ് ഗ്രീക്കവംശജനും മാതാവ് യഹൂദസ്ത്രീയുമായിരുന്നു. പൗലോസിൻെറ ക്ലേശങ്ങളിലും വിജയത്തിലും അനശ്വരമായ പ്രശസ്തിയിലും പങ്കാളിയായിത്തീർന്ന തിമോത്തി അപ്പോസ്തലൻെറ വിശ്വസ്തസഹായിയും "വിശ്വാസത്തിൽ തൻെറ ഉത്തമപുത്രനു"മായിരുന്നു.

ഏഷ്യാമൈനറിൻെറ ഉത്തരഭാഗത്തു സ്ഥിതിചെയ്യുന്ന ബിത്തീനിയായിൽ സുവിശേഷം പ്രസംഗിക്കണമെന്നുള്ള അഭിവാഞ്ഛയോടുകൂടി പൗലോസ് ഗലേഷ്യാ എന്ന പ്രദേശം തരണംചെയ്തു. എന്നാൽ ഒരു ദിവ്യപ്രേരണയ്ക്ക് വിധേയനായി, അപ്പോസ്തലൻ ബിത്തീനിയായിലേക്കു പോകാതെ പടിഞ്ഞാറോട്ടു തിരിച്ച് മിസിയാ (Mysia) യിൽക്കൂടി പ്രയാണം തുടർന്ന് ഈജിയൻ കടൽത്തീരത്തുള്ള അലക്സാണ്ഡ്രിയായിൽ എത്തിച്ചേർന്നു. ഈ സ്ഥലത്തുവച്ചായിരുന്നിരിക്കണം ലൂക്കാ (St. Luke) പൗലോസിനോടുകൂടിച്ചേർന്നത്. അനേകവർഷം അപ്പോസ്തലനൊന്നിച്ചു സഞ്ചരിക്കയും അദ്ദേഹത്തിൻെറ കഷ്ടപ്പാടുകളും നേട്ടങ്ങളും നേരിട്ടു കാണുകയും ചെയ്ത ഈ പ്രേഷിതൻ പുതിയ നിയമത്തിലെ മൂന്നാം സുവിശേഷത്തിൻെറയും അപ്പോസ്തലനടപടികളുടെയും കർത്താവായ ലൂക്കാ ഏവൻഗേലിസ്ത തന്നെയാണ്. പൗലോസിൻെറ വിശ്വസ്തസഹായിയായിത്തീർന്ന ലൂക്കായെ അദ്ദേഹം തൻെറ "പ്രിയപ്പെട്ട ഭിഷഗ്വരൻ" എന്നാണ് വിളിക്കുന്നത്.

ട്രോആസ് (Troas) പ്രദേശത്തുപെട്ട അലക്സാണ്ഡ്രിയായിൽനിന്നും ഏതുവഴിക്കാണു യാത്രതുടരേണ്ടതെന്ന് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ പൗലോസിനു വീണ്ടും ഒരു ദർശനം ഉണ്ടായി. മാസഡോണിയാക്കാരനായ ഒരാൾ അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടുകൊണ്ട് "ഞങ്ങൾ മാസഡോണിയായിലേക്കു വന്നു ഞങ്ങളെ സഹായിക്കുക" എന്നപേക്ഷിച്ചു. ദൈവഹിതം അപ്പോസ്തലനു മനസ്സിലായി. അതനുസരിച്ച് പ്രേഷിതസംഘം കപ്പൽമാർഗ്ഗം പുറപ്പെട്ട് നിയാപോളിസിൽ (Neapolis) ഇറങ്ങി കാൽനടയായി മാസഡോണിയായിലെ ഏററം പ്രധാന പട്ടണമായ ഫിലിപ്പിയിലെത്തി. അങ്ങനെ പൗലോസ് ഇദംപ്രഥമമായി യൂറോപ്പിൽ പ്രവേശിച്ചു. ഫിലിപ്പിയിൽ താമസിച്ചുകൊണ്ട് പൗലോസും സൈലാസും ചെയ്ത സുവിശേഷവേലയുടെ ഫലം ഏററം പ്രോത്സാഹജനകമായിരുന്നു. അനവധി ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ വിജയത്തോടൊപ്പംതന്നെ കഷ്ടപ്പാടുകളും വന്നുകൂടി. നഗരാധികാരികൾ അവരെ കഠിനമായ മർദ്ദനങ്ങൾ ഏല്പിച്ച് ചങ്ങലകൾകൊണ്ടു ബന്ധിച്ച് തടങ്കലിൽ പാർപ്പിച്ചു. അടുത്തരാത്രിയുണ്ടായ ഒരു ഭൂകമ്പംമൂലം ജയിലിൻെറ അടിത്തറപോലും ഇളകി, വാതലുകൾ താനേ തുറന്നു. പ്രേഷിതന്മാരെ ബന്ധിച്ചിരുന്ന കെട്ടുകൾ അഴിഞ്ഞു. ഈ അത്ഭുതം ദർശിച്ച പാറാവുകാരൻ അപ്പോൾത്തന്നെ മനസ്സുതിരിഞ്ഞു; അപ്പോസ്തലന്മാരുടെ വ്രണങ്ങൾ അയാളുടെ കൈകൊണ്ടുതന്നെ കഴുകിക്കെട്ടി; അയാളുടെ വീട്ടിൽവച്ച് അവർക്കു ഭക്ഷണം പാകംചെയ്തുകൊടുത്തു. തങ്ങൾ ബന്ധനത്തിൽ പാർപ്പിച്ചിരുന്ന അപരിചിതന്മാർ രണ്ടുപേരും റോമൻ പൗരന്മാരാണെന്നറിഞ്ഞ ന്യായാധിപന്മാർ നഗരം വിട്ടുപോകുവാൻ അവരോട് കേണപേക്ഷിക്കപോലും ചെയ്തു.

ഫിലിപ്പിയിൽനിന്നും പ്രേഷിതന്മാർ രണ്ടുപേരും തെസ്സലോണിക്കാ (Thessalonica) എന്ന തുറമുഖത്തേക്കു പോയി. അവിടെ കുറെ യഹൂദന്മാരും വളരെ അധികം പുറജാതിക്കാരും "ദൈവഭക്തരുമായ" ഗ്രീക്കുകാരും വിശ്വാസം സ്വീകരിച്ചു. മററു സ്ഥലങ്ങളിലെന്നപോലെ ഇവിടെയും യഹൂദർ ജനങ്ങളെ അപ്പോസ്തലനെതിരായി ഇളക്കിവിട്ടു. അദ്ദേഹം സൈലാസിനോടുകൂടി രാത്രിയിൽ ബറിയാ (Beria) യിലേക്കു പിൻവാങ്ങി. അവിടെയും തെസ്സലോനിക്കായിലെ യഹൂദരുടെ വൈരവും ഗൂഢതന്ത്രങ്ങളുംമൂലം അദ്ദേഹത്തിനു സ്വൈരമായി കഴിഞ്ഞുകൂടാൻ സാധ്യമായില്ല. പൗലോസ് ഏകനായി അവിടെനിന്നും കടൽത്തീരത്തു ലക്ഷ്യമാക്കി ഓടി. പിന്നീട് കപ്പൽമാർഗ്ഗം ആതൻസിൽ (Athens) എത്തിച്ചേർന്നു. പണ്ഡിതന്മാരുടെയും തത്വജ്ഞാനികളുടെയും ആസ്ഥാനവും ഗ്രീക്ക് സംസ്കാരത്തിൻെറ പ്രശസ്തകേന്ദ്രവുമായിരുന്നു ആതൻസ് നഗരം. ദൈവാലയങ്ങളിൽവച്ച് യഹൂദരോടും തെരുവീഥികളിൽവച്ച് ഗ്രീക്കുകാരോടും വിദ്യാമന്ദിരങ്ങളിൽവച്ച് തത്വജ്ഞാനികളോടും മരണത്തെ ജയിച്ചവനായ ക്രിസ്തുവിനെപ്പററി അദ്ദേഹം പ്രസംഗിച്ചു. ഒടുവിൽ പുതിയ മതത്തിൻെറ വിശദാംശങ്ങളെപ്പററി കൂടുതലായി അറിയണമെന്നുള്ള ജിജ്ഞാസയാൽ പ്രേരിതരായി ചില തത്വജ്ഞാനികൾകൂടി അദ്ദേഹത്തെ അറിയോപാഗസ് (Areopagus) എന്ന മഹദ്സംഘത്തിൻെറ മുൻപിൽ ഹാജരാക്കി. ലോകപ്രശസ്തിയാർജ്ജിച്ചിരുന്ന ഗ്രീക്കുവിജ്ഞാനത്തെയും പാണ്ഡിത്യത്തെയുമാണ് പൗലോസ് അവിടെ അഭിമുഖീകരിച്ചത്. ആ പണ്ഡിതസംഘത്തോട് അപ്പോസ്തലൻ ചെയ്ത പ്രസംഗം അദ്ദേഹത്തിൻെറ വാഗ്‌വിലാസത്തിനും പ്രാഗത്ഭ്യത്തിനും സാക്ഷ്യംവഹിക്കുന്ന ഒന്നാണ്. അദ്ദേഹം പറഞ്ഞു: "അല്ലയോ ആതൻസിലെ പൗരന്മാരേ, എല്ലാ മനുഷ്യരിലുംവച്ച് നിങ്ങൾ ഈശ്വരാരാധനയിൽ ഏററം ഉത്സുകരാണെന്നു ഞാൻ കാണുന്നു. നിങ്ങളുടെ നഗരവീഥികളിൽക്കൂടി സഞ്ചരിക്കവേ ഞാൻ നിങ്ങളുടെ ക്ഷേത്രങ്ങളെയും ദേവപ്രതിമകളെയും കാണുകയുണ്ടായി. ഒരു ബലിപീഠത്തിന്മേൽ 'അജ്ഞാതദേവനു' എന്നു ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നതും ഞാൻ കണ്ടു. നിങ്ങൾ ഏതൊരു ദേവനെ അറിയാതെ ആരാധിക്കുന്നുവോ, ആ അജ്ഞാതദൈവത്തെപ്പററിയാണ് ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നത്." എല്ലാവരും ശ്രദ്ധാപൂർവ്വം ഈ പ്രഭാഷണം ശ്രവിച്ചു. എന്നാൽ അപ്പോസ്തലൻ വിധിയെപ്പററിയും മരിച്ചവരുടെ ഉയിർപ്പിനെപ്പററിയും സംസാരിച്ചുതുടങ്ങിയപ്പോൾ ശ്രോതാക്കളിൽ ദൃശ്യമായ ക്ഷോഭംകൊണ്ടോ, പരിഹാസഭാവംമൂലം അദ്ദേഹം പെട്ടെന്നു പ്രസംഗത്തിനു വിരാമമിട്ടു എങ്കിലും അദ്ദേഹത്തിൻെറ വാക്കുകൾ വിഫലമായില്ല. കുറേപ്പേർ വിശ്വാസം സ്വീകരിച്ചു. അക്കൂട്ടത്തിൽ നഗരസംഘാംഗമായ (Areopagite) ഡയനീഷ്യസും ഡമാറിസ് എന്ന ഒരു സ്ത്രീയും ഉൾപ്പെടുന്നു. ഈ ഡയനീഷ്യസാണ് പിന്നീട് ആതൻസിലെ ആദ്യമെത്രാനായിത്തീർന്നത്.

അപ്പോസ്തലൻ ആതൻസിൽനിന്നും കൊറിന്ത്യായി (Corinth) ലേക്കു പോയി. ഈ പുരാതനനഗരം റോമാസാമ്രാജ്യത്തിലെ അതിപ്രധാനമായ ഒരു കച്ചവടകേന്ദ്രമായിരുന്നു. അനവധി റോമക്കാർ അവിടെ കുടിയേറിപ്പാർത്തിരുന്നതിനും പുറമേ, അക്കേയാ (Achaea) പ്രദേശത്തിൻെറ റോമൻ ഗവർണ്ണരുടെ ആസ്ഥാനവും അവിടെയായിരുന്നു. നഗരവാസികൾ ലൗകികസുഖാനുഭോഗങ്ങളിലും അസാന്മാർഗ്ഗികവ്യാപാരങ്ങളിലും നിമഗ്നരായിരുന്നു. ഭയത്തോടും വിറയലോടുംകൂടിയാണ് താൻ കൊറിന്ത്യക്കാരുടെയിടയിൽ സുവിശേഷവേല ആരംഭിച്ചതെന്ന് പൗലോസുതന്നെ പറയുന്നു. എന്നാൽ കുരിശിൻെറ സുവിശേഷത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസവും, അദ്ദേഹത്തിൻെറ ലളിതവും വിനയാന്വിതവുമായ പ്രഭാഷണരീതിയുംകൊണ്ട് എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്ത് വിജയം വരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

കൊറിന്ത്യയിൽ എത്തിയ ഉടനെതന്നെ അക്വീലാ (Aquila) എന്നു പേരായ ഒരു യഹൂദനെയും അയാളുടെ ഭാര്യ പ്രിസില്ലാ (Priscilla) യേയും അപ്പോസ്തലനു സഹപ്രവർത്തകരായി ലഭിച്ചു. അവർ ആയിടയ്ക്കുതന്നെ ഇറ്റലിയിൽനിന്നു അവിടെ വന്നുചേർന്നവരായിരുന്നു. അവരും പൗലോസിനെപ്പോലെ കൂടാരപ്പണിക്കാരായിരുന്നതുകൊണ്ട് അപ്പോസ്തലൻ അവരുടെകൂടെത്തന്നെ താമസിക്കുകയും പതിനെട്ടുമാസക്കാലത്തോളം അവരുടെ വേലയിൽ ഭാഗഭാക്കാകുകയുംചെയ്തു. സുവിശേഷപ്രചരണത്തിൽ പൗലോസിനു അത്ഭുതപൂർവ്വമായ വിജയം സിദ്ധിച്ചതിൻെറ ഫലമായി യറുശലേമിലെയും അന്ത്യോക്യയിലെയും സഭകളോടൊപ്പം പ്രാബല്യമുള്ള ഒരു സഭ കൊറിന്ത്യയിൽ സ്ഥാപിതമായി. പട്ടണത്തിൽനിന്നും അദ്ദേഹത്തെ ബഹിഷ്കരിക്കുവാൻ യഹൂദർ നടത്തിയ ശ്രമം ജൂണിയസ് ഗാലിയോ (Junius Gallio) എന്ന റോമൻ പ്രോകോൺസലിൻെറ സഹായത്താൽ പരാജയപ്പെടുകയാണുണ്ടായത്. തെസ്സലോനിയാക്കാർക്കുള്ള പൗലോസിൻെറ ആദ്യലേഖനം കൊറിന്ത്യയിൽവച്ച് 51—52 A. D. യിലാണ് എഴുതപ്പെട്ടതു. അപ്പോഴേക്കും സൈലോസും തിമോത്തിയും അപ്പോസ്തലൻെറ സവിധത്തിൽ വന്നുചേർന്നിരുന്നു. തെസ്സലോനിക്കായിൽനിന്നും അവർ കൊണ്ടുവന്ന വൃത്താന്തങ്ങളായിരിക്കണം ലേഖനനിർമ്മിതിക്ക് അപ്പോസ്തലനെ പ്രേരിപ്പിച്ചത്. അധികം കഴിയുന്നതിനുമുൻപ് അതേ സഭയിലേക്കുതന്നെ അദ്ദേഹം രണ്ടാമത്തെ ലേഖനംകൂടി അയച്ചുകൊടുത്തു. പൗലോസിൻെറ ലേഖനങ്ങളിൽ അദ്ദേഹത്തിൻെറ തീക്ഷ്ണമായ ബുദ്ധിശക്തിയും, ഉൽകൃഷ്ടമായ സ്വഭാവവിശേഷങ്ങളും, വിശ്വാസരഹസ്യങ്ങളിലുള്ള അഗാധജ്ഞാനവും തെളിഞ്ഞുകാണാം. തൻെറ ആത്മീയസന്താനങ്ങളുടെ പുണ്യപരിപുഷ്ടിക്കുവേണ്ടി ഒരു ഉൽകൃഷ്ടാത്മാവു നൽകുന്ന ജീവരക്തമായി ഒരു മഹാൻ ഈ ലേഖനങ്ങളെ ചിത്രീകരിക്കുന്നു. ലേഖനങ്ങളിൽ ചിലവയുടെ ഓജസ്സും ഗാംഭീര്യവുംകണ്ട് ആകൃഷ്ടനായിത്തീർന്ന വി. ആംബ്രോസ് പറയുന്നതു അവ വായിക്കുമ്പോൾ ഒരുവൻ കേൾക്കുന്നതു വാക്കുകളല്ല, പിന്നെയോ മേഘഗർജ്ജനങ്ങളാണെന്നാണ്. ആശയഗാംഭീര്യംകൊണ്ടും ഭാഷാരീതിയുടെ പ്രൗഢതകൊണ്ടും താത്വികമായ അഗാധതകൊണ്ടും ചില ലേഖനങ്ങൾ അത്യന്തം ഗഹനവും ദുർഗ്രഹവുമാണ്. പുറജാതികളുടെ അപ്പോസ്തലനെപ്പററി ശരിക്കു മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിൻെറ ലേഖനങ്ങൾ സസൂക്ഷ്മം പഠിക്കേണ്ടിയിരിക്കുന്നു.

കൊറിന്ത്യയിലെ സഭയുടെ സ്ഥാപനം പൂർത്തിയായിക്കഴിഞ്ഞപ്പോൾ പൗലോസ് അക്വീലായോടും പ്രിസില്ലയോടുംകൂടി എഫേസൂസ്, സീസ്സേറിയാ, യറുശലേം ഈ നഗരങ്ങൾവഴി അന്ത്യോക്യയിൽ മടങ്ങിയെത്തി.

---

ഒടുവിൽ ആ വൈദികനോടുതന്നെ ഒരു നല്ല മുഴുവൻകുമ്പസാരം നടത്തി. ഒരു ശുദ്ധഹൃദയത്തോടെ—സ്നേഹം വിതുമ്പുന്ന ഹൃദയത്തോടെ—അവർ വീട്ടിലേക്കു തിരിച്ചു.

* * *

ജീവിതത്തിൻെറ ഭണ്ഡാറവു കാണാതെ—ആ സഹോദരയുടെ അതിത്തിക്കല്ലുകൾ ഒന്നും ദർശിക്കാതെ—ത്രേസ്യാമ്മ കണ്ണുനീരോടുകൂടി വീട്ടുജോലിയിൽ വ്യാപൃതയായിരിക്കയാണ്. അന്നമ്മ അനുതാപത്തിൻെറ കണ്ണുനീരിൽ കുളിച്ച് ത്രേസ്യാമ്മയുടെ അരികിൽ മുട്ടുകുത്തി.

"നാത്തൂനേ! എന്നോടു ക്ഷമിക്കുമോ? ഞാൻ നാത്തൂനെ വളരെ വിഷമിപ്പിച്ചിട്ടുണ്ട്. എന്നോടു ക്ഷമിക്കൂ നാത്തൂനേ!"

ത്രേസ്യാമ്മ, ഒരു കുഞ്ഞിനെ എഴുന്നേല്പിക്കുംപോലെ അന്നമ്മയെ താങ്ങിയെഴുന്നേല്പിച്ചുകൊണ്ട് പറഞ്ഞു:

"അന്നമ്മേ, ഇന്നാണ് നമ്മുടെ കുടുംബം ഒരു യഥാർത്ഥകുടുംബമായത്. അന്നമ്മ എന്തിനാ കരയുന്നേ? വരൂ. ഇനി ഒരിക്കലും ആ പിശാച് നമ്മെ പരീക്ഷിക്കയില്ല."

ആ ഇണപ്രാക്കൾ തോളോടുതോളുചേർന്ന് ജോസിൻെറ പക്കലേക്കു നീങ്ങുകയാണ്.

എന്തിനധികം. അതാ ആ പുതുമയുടെ മുഖങ്ങൾ പുഞ്ചപുഞ്ചിരിതൂകി. ആ സമാധാനം ലഭിച്ച കുടുംബം ദൈവത്തിലേക്കാണ് തിരിഞ്ഞത്—ശാന്തിയുടേയും സമാധാനത്തിൻേറയും നികേതനത്തിലേക്ക്—തങ്ങളുടെ കൃതജ്ഞത പ്രകടിപ്പിക്കുവാൻ.

---

ഏജൻസി അറിയിപ്പ്

മി. കെ. എം. പൗലോസിനെ 26-ാംമൈൽ, പൊടിമററം എന്നീ കരകളിലെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

---

കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിയുടെ

## സന്ദർശനങ്ങൾ

കൊടുങ്ങല്ലൂര പൂജ്യാവശിഷ്ട പ്രതിഷ്ഠാപനത്തിനുശേഷം അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് തിരുമനസ്സുകൊണ്ട് മംഗലപ്പുഴ സെമ്മിനാരിയിലേക്കെഴുന്നള്ളി. ഡിസംബർ 7-ാംനു തിരുമേനി സെമ്മിനാരി ചാപ്പലിൽവച്ച് വൈദികവിദ്യാർത്ഥികൾക്ക് വിവിധപട്ടങ്ങൾ നൽകുകയും അനന്തരം അവിടത്തെ പൂർവ്വവിദ്യാർത്ഥികളുടേയും ഇപ്പോഴത്തെ വൈദികവിദ്യാർത്ഥികളുടേയും സംയുക്താഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. 8-ാംനു തിരുമനസ്സുകൊണ്ട് തേവരയ്ക്കെഴുന്നള്ളി. മാർഗ്ഗമദ്ധ്യേ, എറണാകുളം സഹായമെത്രാൻ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയുമൊന്നിച്ച് എറണാകുളം ചിററൂർറോഡിലുള്ള പ്രതിമാസഗ്രന്ഥക്ലബ്ബും കർദ്ദിനാൾ തിരുമനസ്സുകൊണ്ട് സന്ദർശിക്കുകയുണ്ടായി. 6 മണിയോടുകൂടി അഭിവന്ദ്യതിരുമേനിമാർ പെരുമാനൂർ ലൂർദ്പള്ളിയും അനന്തരം തേവര തിരുഹൃദയസന്യാസാശ്രമം, കോളേജ് മുതലായ സ്ഥാപനങ്ങളും സന്ദർശിച്ചു. ഉടനെ ഡിക്സൻഗ്രൗണ്ടിൽ ചേർന്ന സ്വീകരണയോഗത്തിൽ കർദ്ദിനാൾ തിരുമേനിയെക്കൂടാതെ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് തിരുമേനിയും സംബന്ധിക്കുകയുണ്ടായി. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി തദവസരത്തിൽ ഒരു പ്രസംഗത്തോടുകൂടി കർദ്ദിനാൾ തിരുമേനിയുടെ ഒരു ഛായാപടം അനാച്ഛാദനം ചെയ്യുകയും അവിടത്തെ അസംബ്ലി ഹാളിനു കർദ്ദിനാൾ തിസ്സെരാങ്ങ് ഹാൾ എന്നു നാമകരണം ചെയ്യുകയും ചെയ്തു. ഡിസം. 9-ാംനു കാലത്തു 9 മണിയോടുകൂടി കർദ്ദിനാൾ തിരുമേനി തേവരനിന്നും കോഴിക്കോട്ടേക്കു പുറപ്പെട്ടു. എറണാകുളം സഹായമെത്രാൻ ഡോ. പാറേക്കാട്ടിൽ, ചങ്ങനാശേരിമെത്രാൻ ഡോ. കാവുകാട്ട്, പാലാമെത്രാൻ ഡോ. വയലിൽ, തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് എന്നീ തിരുമേനിമാർ കർദ്ദിനാൾ തിരുമേനിയെ ഷൊർണ്ണൂർവരെ അനുയാത്രചെയ്തു. ഡിസംബർ 10-ാംനു വൈകുന്നേരം കർദ്ദിനാൾതിരുമേനി അഖിലേന്ത്യാ റേഡിയോയുടെ കോഴിക്കോട്-തിരുവനന്തപുരം സ്റ്റേഷനിൽനിന്നും ഒരു സന്ദേശം പ്രക്ഷേപണംചെയ്യുകയുണ്ടായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി ഡി

Vol. 27 | ERNAKULAM, DECEMBER 16, 1953 | No. 17


# അമേരിക്കയോ റഷ്യയോ

## നിരായുധീകരണത്തിന് എതിര്?

കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ അണുശക്തിബോംബുകളുടെ കാര്യത്തിൽ അമേരിക്കയ്ക്കു മറെറല്ലാംവരെയുംകാൾ മെച്ചമായ നിലയാണുണ്ടായിരുന്നതു്. ഇതിന്റെ അത്ഥം അത്തരം ബോംബുകൾ അവർക്കു വളരെയധികം ഉണ്ടായിരുന്നുവെന്നല്ല, പ്രത്യുത ഈ ബോംബുണ്ടാക്കേണ്ടതു് എങ്ങനെയാണെന്നുള്ള അറിവും, അതിനുവേണ്ട ഫാക്ടറികൾക്കും സജ്ജീകരണങ്ങൾക്കുമായി നിക്ഷേപിച്ച പണവും മറെറല്ലാവരുടേതിനേയുംകാൾ കൂടുതലായിരുന്നു എന്നാണു്. നശീകരണായുധമെന്നനിലയിൽ അണുബോംബു പരിപൂർണ്ണമായും നിർമ്മാർജ്ജനംചെയ്യുന്നതിനും അണുശക്തിയുടെ പരിപൂർണ്ണമായ നിയന്ത്രണം ഐക്യരാഷ്ട്രസംഘടനയെ ഏല്പിക്കുന്നതിനുംവേണ്ടി 1946 ജൂണിൽ അമേരിക്ക ധീരമായ ഒരു നിർദ്ദേശം പുറപ്പെടുവിച്ചു. അണുശക്തിയുടെ വികസനത്തിന്റെ കാര്യത്തിൽ സർവ്വരാജ്യപരമായ ഒരു അധികാരസ്ഥാപനം ഏർപ്പെടുത്തണമെന്നായിരുന്നു ഈ നിർദ്ദേശം. ഈ അധികാരസ്ഥാപനം ലോകത്തിലുള്ള സകല അണുശക്തിയുടേയും നിയന്ത്രണമേറെറടുക്കണമെന്നും, പ്രകൃതിയിലെ ബൃഹത്തായ ഈ പുതിയ ശക്തികേന്ദ്രത്തെ മനുഷ്യവർഗ്ഗത്തിന്റെ നാശത്തിനുപകരം അതിന്റെ പ്രയോജനത്തിനു വിനിയോഗിക്കുവാൻ തീർച്ചയായും ഏർപ്പാടുചെയ്യണമെന്നുമായിരുന്നു ഉദ്ദേശം. ഈ അധികാരസ്ഥാപനത്തിൽ അനേകം രാഷ്ട്രങ്ങളുടെ പ്രതിനിധികളുണ്ടായിരിക്കണം. ഓരോ അംഗത്തിനും ഒരു വോട്ടു മാത്രമേ ഉണ്ടായിരിക്കാവൂ. ആർക്കും വീറേറാ അധികാരം ഉണ്ടായിക്കൂടാ. ഇങ്ങനെയുള്ള സർവ്വരാജ്യപരമായ അധികാരസ്ഥാപനത്തിന്റെ നിയന്ത്രണത്തിനു് തങ്ങളുടെ അണുശക്തിനിർമ്മാണഫാക്ടറികളും അണുശക്തിയുടെ ഉല്പാദനസംബന്ധിച്ചുള്ള സകല രഹസ്യങ്ങളും ഏല്പിച്ചുകൊടുക്കാമെന്നു അമേരിക്ക സമ്മതിക്കുകയുണ്ടായി. അന്നു് ഈ രഹസ്യങ്ങൾ അമേരിക്കയ്ക്കു മാത്രമേ അറിയാമായിരുന്നുള്ളു. മററു സകല രാഷ്ട്രങ്ങളും ഇതുപോലെ സമ്മതിച്ചിരുന്നെങ്കിൽ യഥാർത്ഥത്തിൽ സർവ്വരാജ്യപരമായ നിയന്ത്രണത്തിന്റെ കീഴിൽ അണുകായുധങ്ങൾ ഫലപ്രദമായി നിരോധിക്കപ്പെടുവാൻ ഇടയാകുമായിരുന്നു. അന്നു നിലവിലിരുന്ന ബോംബുകൾ (അമേരിക്കയ്ക്കു മാത്രമേ അന്നു് അവ ഉണ്ടായിരുന്നുള്ളു) സർവ്വരാജ്യപരമായ അധികാരസ്ഥാപനം നിർദ്ദേശിക്കുന്ന ഏതു രീതിയിലും കൈകാര്യം ചെയ്യപ്പെടുവാൻ ഇടയാകുമായിരുന്നു. സർവ്വരാജ്യപരമായ അധികാരസ്ഥാപനത്തിനു് കൂടുതൽ ശാസ്ത്രീയഗവേഷണങ്ങൾവഴിയായി അണുശക്തിസംബന്ധിച്ചുള്ള രഹസ്യങ്ങളുടെ ജ്ഞാനം വർദ്ധിപ്പിക്കുവാനും, അണുകശക്തിയിൽനിന്നുള്ള ഗുണങ്ങൾ സകല രാഷ്ട്രങ്ങളിലേയും ജനതതികൾക്കു് അനുഭവവേദ്യമാക്കുവാനും സാധിക്കത്തക്ക നിലയിലായിരുന്നു അമേരിക്ക പുറപ്പെടുവിച്ച ഈ നിർദ്ദേശം. തങ്ങളുടെ സകല ഫാക്ടറികളും ലാബൊറട്ടറികളും യുറേനിയം ശേഖരിക്കുവാനുള്ള മാർഗ്ഗങ്ങളും സർവ്വരാജ്യപരമായ ഐക്യരാഷ്ട്രസംഘടനയുടെ പരിശോധനയ്ക്കു് വിധേയമാക്കുവാൻ സമ്മതമാണെന്നും അമേരിക്ക വാക്കുപറയുകയുണ്ടായി. തങ്ങളുടെ ദൃഷ്ടാന്തം മററു രാഷ്ട്രങ്ങളും അനുകരിക്കണമെന്നും. ഇത്തരം പരിശോധന നടത്താൻ ഐക്യരാഷ്ട്രസംഘടനയ്ക്കുള്ള അവകാശം യാതൊരു സംവരണവുംകൂടാതെ ആ രാഷ്ട്രങ്ങളിലും പ്രയോഗിക്കപ്പെടുവാൻ അവ സമ്മതിക്കണമെന്നും മാത്രമേ അമേരിക്കയ്ക്കു നിർബന്ധമുണ്ടായിരുന്നുള്ളു. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും സ്വീകരിക്കുവാൻ സോവ്യററുയൂണിയനു സമ്മതമുണ്ടായില്ല. സകല രാജ്യങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതും യഥാർത്ഥ പരിരക്ഷാവ്യവസ്ഥകളോടുകൂടിയതുമായ അണുശക്തിനിയന്ത്രണത്തിനു് അവർ വിരോധികളായിരുന്നു. തന്റെ രാജ്യത്തിനുള്ളിലുള്ള ഫാക്ടറികളും ഖനികളും ലാബൊറട്ടറികളും യഥാർത്ഥവും പരിപൂർണ്ണവുമായ സർവ്വരാജ്യപരിശോധനയ്ക്കു വിധേയമാക്കുന്നതും അവർക്കു സമ്മതമായിരുന്നില്ല. സോവ്യററുചേരിയിലുള്ള രാജ്യങ്ങളുടെമാത്രം എതിർപ്പോടുകൂടി, അമേരിക്കയുടെ നിർദ്ദേശമനുസരിച്ചുള്ള അണുശക്തിപരിപാടി ഐക്യരാഷ്ട്രസംഘടന സ്വീകരിച്ചു. സ്വീകൃതമായ ആ പരിപാടിയിൽ ഐക്യരാഷ്ട്ര അണുശക്തികമ്മീഷന്റെ ചർച്ചകളിൽനിന്നുത്ഭവിച്ച അല്പസ്വല്പങ്ങളായ ഭേദഗതികളും ഉൾപ്പെടുത്തപ്പെട്ടു. ആ പരിപാടി ഇന്നേവരെ ഐക്യരാഷ്ട്രസംഘടന പിൻതാങ്ങിക്കൊണ്ടാണിരിക്കുന്നതു്.

### സോവ്യററു യൂണിയൻ എന്തുകൊണ്ടു് വിസമ്മതിച്ചു?

ഐക്യരാഷ്ട്രസംഘടനയിലെ സെക്യൂരിററി കൗൺസിലിലുള്ള മററു അംഗരാജ്യങ്ങൾക്കെല്ലാം അണുശക്തിയുടെ പരിശോധനയും നിയന്ത്രണവും ഒരു സർവ്വരാജ്യ അധികാരസ്ഥാപനത്തിനു പരിപൂർണ്ണമായും വിധേയമാക്കുവാൻ സമ്മതമാണെങ്കിലും, സോവ്യററുയൂണിയനു് അതു സമ്മതമാകുന്നില്ല. ഈ വിസമ്മതത്തിൽ എന്തു കള്ളലാക്കാണു് സോവ്യററുഗവമ്മെൻറിനുള്ളതെന്നു് ആർക്കും കൃത്യമായി അറിഞ്ഞുകൂടാ. അമേരിക്കനും റഷ്യനും പട്ടാളക്കാർ പൊതുവായ ലക്ഷ്യം വച്ചുകൊണ്ടു് സമരം നടത്തിയിരുന്ന യുദ്ധകാലത്തുതന്നെയും വാർത്തകളും ആശയങ്ങളും സ്വതന്ത്രമായി പ്രചരിക്കുന്നകാര്യത്തിൽ സോവ്യററുഗവമ്മെൻറു് കടുത്ത നിയന്ത്രണങ്ങൾ പ്രയോഗിച്ചിരുന്നു. യുദ്ധം അവസാനിച്ചതോടുകൂടി ഒരു കനത്ത "ഇരുമ്പുമറ" സോവ്യററുരാജ്യങ്ങളുടെ അതിരുകൾക്കുചുററും സ്ഥാപിക്കപ്പെട്ടു. 1946-ൽ "ക്ലാവുസ്സ് ഫുക്സ്" (Klaus Fuchs) എന്ന സ്വരാജ്യദ്രോഹിയായ ശാസ്ത്രജ്ഞൻ അനേകം മാസങ്ങളായി അണുശക്തിയുടെ രഹസ്യങ്ങൾ റഷ്യൻഗവമ്മെൻറിനു് വിററുകൊണ്ടിരുന്നുവെന്നു് നമുക്കറിയാം. അണുശക്തിയുടെ ഒരു സ്വന്തം പരിപാടി പ്രയോഗത്തിൽവരുത്തുവാൻ റഷ്യ പുറപ്പെട്ടിരുന്നുവെന്നും നമുക്കറിയാം.

1949- ഗ്രീഷ്മകാലത്തു്, അതായതു് സകല അണുബോംബുകളും നശിപ്പിക്കണമെന്നും അണുശക്തിയുടെ നിയന്ത്രണം സർവ്വരാജ്യപരമായ അധികാരസ്ഥാപനത്തിനു വിധേയമാക്കണമെന്നുമുള്ള അമേരിക്കൻ നിർദ്ദേശം നൽകിയിട്ടു് മൂന്നുവർഷം കഴിഞ്ഞപ്പോൾ, സോവ്യററുഗവമ്മെൻറു് അവരുടെ ആദ്യത്തെ അണുബോംബു് പൊട്ടിത്തെറിപ്പിച്ചു.

### യു. എൻ. ഒ. യുടെ നിരായുധീകരണയത്നങ്ങൾ

യു. എൻ. ഒ. (ഐക്യരാഷ്ട്ര സംഘടന) അതിന്റെ സ്ഥാപനംമുതൽ തങ്ങളുടെ അടിയന്തിരവും പ്രധാനവുമായ ഒരു ജോലിയായി സ്വീകരിച്ചിരുന്നതു് പ്രായോഗികങ്ങളായ നിരായുധീകരണനിർദ്ദേശങ്ങളെ പുരോഗമിപ്പിക്കുക എന്നതായിരുന്നു. അണുകായുധങ്ങളുടേയും കീഴ്നടപ്പനുസരിച്ചുള്ള യുദ്ധോപകരണങ്ങളുടേയും നിരായുധീകരണത്തിനുവേണ്ടി തങ്ങൾതന്നെ സ്ഥാപിച്ച കമ്മീഷനുകൾവഴിയായി സർവ്വതും ഉൾക്കൊള്ളുന്ന പ്ലാനുകൾ തയാറാക്കുവാൻ അവർ തീവ്രമായി പ്രയത്നിച്ചുകൊണ്ടിരുന്നു. 1950 ഒക്ടോബർ 24-ാംനും 1951 നവംബർ 7-ാംനും പ്രസിഡൻറ് ട്രൂമൻ യു. എൻ. ഒ. യ്ക്കു് സമർപ്പിച്ച നിർദ്ദേശങ്ങൾ, അണുബോംബിന്റെ നിരോധനമുൾപ്പെടെ ആഗോളനിരായുധീകരണം പ്രാവർത്തികമാക്കുവാനുള്ളവയായിരുന്നു. പൊതുസമ്മതത്തോടുകൂടിയ നിരായുധീകരണത്തിന്റെ ഫലമായി, രാജ്യരക്ഷയ്ക്കുള്ള സൈനികപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവുചെയ്യുന്ന പണത്തിൽനിന്നു് മിച്ചം വരുന്നതിന്റെ ഒരു ഗണ്യമായ ശതമാനം ലോകമാസകലം ജീവിതത്തോതു് ഉയർത്തുവാനും രോഗവും കഷ്ടതയും ഇല്ലാതാക്കുവാനുംവേണ്ടി അമേരിക്ക പ്രയോജനപ്പെടുത്തുന്നതാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. അമേരിക്കയാണു്, ഫ്രാൻസിനോടും ബ്രിട്ടനോടും ചേർന്നുനിന്നു്, നിരായുധീകരണത്തിനുവേണ്ടിയുള്ള പൊതുവായ സമ്മതത്തിലേക്കു് പുരോഗമനം ഉണ്ടാകുവാനുള്ള ശ്രമങ്ങളിൽ ഒന്നായി, 1951 നവംബറിൽ യു. എൻ. ഒ. യുടെ നിരായുധീകരണകമ്മീഷൻ സ്ഥാപിക്കണമെന്നു നിർദ്ദേശിച്ചതു്. 1952-ൽ കൂടിയ ഈ നിരായുധീകരണകമ്മീഷന്റെ സമ്മേളനങ്ങളിൽ, പലപ്പോഴും ഫ്രാൻസിന്റെയും ബ്രിട്ടന്റെയും സഹകരണത്തോടുകൂടി, ലോകത്തെ ആയുധീകരണത്തിന്റെ ഭാരത്തിൽനിന്നും ഒഴിവാക്കണമെന്നുള്ള ലക്ഷ്യം പ്രാപിക്കുവാൻ പല നിർദ്ദേശങ്ങളും ഒന്നിനു പിന്നാലെ ഒന്നായി അമേരിക്ക പുറപ്പെടുവിച്ചു. സകല സായുധസൈനികശക്തികളുടേയും യുദ്ധോപകരണങ്ങളുടേയും ഒരു കണക്കു് യു. എൻ. ഒ. യിലെ പ്രവത്തകർ തുടരെ എടുത്തുകൊണ്ടിരിക്കണമെന്നും, അതു് കൃത്യവും തൃപ്തികരവുമാണെന്നു് തീർച്ചപ്പെടുത്തുവാൻ അവർ പരിശോധനകൾ നടത്തണമെന്നും, ഉള്ള വസ്തുതകൾ പരിപൂർണ്ണമായി രാഷ്ട്രങ്ങൾ വെളിപ്പെടുത്തണമെന്നു് നിർബന്ധിക്കുവാൻ അവർക്കു് അവകാശമുണ്ടായിരിക്കണമെന്നും അമേരിക്ക നിർദ്ദേശിച്ചു. സർവ്വതോമുഖമായ ഏതൊരു നിരായുധീകരണപരിപാടിയിലും മൗലികമായിരിക്കുന്ന പൊതുതത്വങ്ങളുടെ ഒരു വിവരണം അവർ നൽകുകയുണ്ടായി. ആ തത്വങ്ങൾ എല്ലാവരും സമ്മതിക്കുന്നപക്ഷം നിരായുധീകരണപരിപാടികളുടെ വിശദാംശങ്ങൾ പ്രാവർത്തികമാക്കുവാൻ എളുപ്പമുണ്ടായിരിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. ഗണ്യമായ സൈനികശക്തിയുള്ള സകല രാഷ്ട്രങ്ങളും അവരുടെ സകല സായുധസൈന്യത്തിന്റെ എണ്ണത്തിനു് പ്രത്യേകമായ പരിധികൾ നിശ്ചയിക്കണമെന്നും അമേരിക്ക നിർദ്ദേശിച്ചു. കൂടാതെ, കീഴ്നടപ്പനുസരിച്ചുള്ള യുദ്ധോപകരണങ്ങൾ കുറയ്ക്കുന്നതിനും, വിഷാണുപ്രാണികൾ അടങ്ങിയിരിക്കുന്ന ആയുധങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഈ മൂന്നു പാശ്ചാത്യശക്തികളും ഒരുമിച്ചു് നിർദ്ദേശങ്ങൾ നൽകി. എന്നാൽ ഈ നിർദ്ദേശങ്ങളിലൊന്നും, ചർച്ചകൾക്കുള്ള ആധാരമായിട്ടുപോലും, പരിഗണനയിൽ പെടുത്തുവാൻ സോവ്യററു് യൂണിയനു് സമ്മതമുണ്ടായില്ല. അതിനുപകരം നിരായുധീകരണകമ്മീഷനെ തങ്ങളുടെ പ്രചരണത്തിനുള്ള ഒരു സ്ഥലമായിമാത്രം അവർ ഉപയോഗിക്കുകയാണുചെയ്തതു്. 1953 ഏപ്രിൽ 16-ാം തീയതി പുതിയ പ്രസിഡൻറു് ഐസനോവർ അമേരിക്കയുടെ നില വിശദീകരിച്ചു. "സകല ജനതതികൾക്കും ഉല്പാദനശക്തിയും അഭിവൃദ്ധിയും ഉണ്ടാകുവാൻ സാദ്ധ്യമാകുന്ന ഒരു ലോകം കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നതിനുള്ള ഞങ്ങളുടെ സന്നദ്ധത വീണ്ടും ഉറപ്പിച്ചു പ്രസ്താവിക്കുവാൻവേണ്ടി, അമേരിക്ക ഏററവും ഗൗരവാവഹങ്ങളായ ഉടമ്പടികളെ സ്വാഗതംചെയ്യുകയും അവയിൽ ഏർപ്പെടുകയും ചെയ്യും" എന്നായിരുന്നു അദ്ദേഹം പ്രസ്താവിച്ചതു്. "നിരായുധീകരണത്തിന്റെ ഫലമായി മിച്ചമുണ്ടാകുന്ന തുകയുടെ ഒരു ഗണ്യമായ ശതമാനം ലോകത്തിന്റെ പൊതുവായ സഹായത്തിനും പുനഃസംവിധാനത്തിനുംവേണ്ടിയുള്ള ഒരു ഫണ്ടിലേക്കു് കൊടുക്കുവാനും, ലോകത്തിന്റെ ഭയം വർദ്ധിപ്പിക്കുന്നതിനേക്കാൾ അതിന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ നമ്മുടെ ശക്തി വിനിയോഗിക്കുവാനും" അമേരിക്ക സന്നദ്ധമാണെന്നു് അദ്ദേഹം പ്രസ്താവിച്ചു.

അമേരിക്കയുടേയും ഫ്രാൻസിന്റേയും ബ്രിട്ടന്റേയും ഈ നിരായുധീകരണനിർദ്ദേശങ്ങൾ യു. എൻ. ഒ. യുടെ മഹാഭൂരിപക്ഷം അംഗങ്ങൾ അംഗീകരിച്ചിട്ടുണ്ടു്. സോവ്യററു് യൂണിയനാകട്ടെ, വിവിധനിലപാടുകളാണു് സ്വീകരിച്ചിട്ടുള്ളതു്. അവയെല്ലാം ഒരേ ലക്ഷ്യത്തിൽ ചെന്നെത്തുന്നു—പ്രായോഗികമായ നിരായുധീകരണപരിപാടി യു. എൻ. ഒ. യിലെ ഇതരരാഷ്ട്രങ്ങളുമായി ഒന്നിച്ചുനിന്നു് സ്വീകരിക്കുവാനുള്ള സ്പഷ്ടമായ വിസമ്മതമാണു് അതു്.

### സോവ്യററു യൂണിയന്റെ നിരായുധീകരണനിലപാടുകൾ

അണുകായുധങ്ങളും മററു സകല നശീകരണോപകരണങ്ങളും യു. എൻ. ജനറൽ അസംബ്ലിയുടെ ഒരു പ്രസ്താവനയിൽമാത്രം അനുപാധികം നിരോധിക്കണമെന്നാണു് സോവ്യററു് ചേരിയിലുള്ള രാഷ്ട്രങ്ങൾ നിരന്തരം ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നാൽ ആ നിരോധനം പ്രയോഗത്തിൽ വരുമെന്നു് ഉറപ്പുവരുത്തുന്ന യാതൊരു നിയന്ത്രണസമ്പ്രദായവും ഏർപ്പെടുത്തുന്ന കാര്യം അവർ നിരാകരിക്കുന്നു. മഹച്ഛക്തികളായ അഞ്ചു രാഷ്ട്രങ്ങളിൽ ഓരോന്നും അവരുടെ യുദ്ധോപകരണങ്ങളുടേയും സായുധസൈന്യങ്ങളുടേയും മൂന്നിലൊന്നു് ഒരു കൊല്ലത്തിനുള്ളിൽ കുറയ്ക്കണമെന്നാണു് സോവ്യററുചേരി നിഷ്കർഷിച്ചിട്ടുള്ളതു്. ഈ നിർദ്ദേശം സ്വീകരിക്കുന്നപക്ഷം, സോവ്യററുചേരിയിലെ രാഷ്ട്രങ്ങൾക്കു് മററു ചേരിയിലുള്ള രാഷ്ട്രങ്ങളെക്കാൾ ആപല്ക്കരമായ തോതിൽ ഇപ്പോൾത്തന്നെയുള്ള സൈനികശക്തി തുടരുകയായിരിക്കും ചെയ്യുന്നതു്. സകല രാഷ്ട്രങ്ങളും അവരുടെ യുദ്ധോപകരണങ്ങളുടെയും സായുധസൈന്യങ്ങളുടെയും വിവരങ്ങൾ "ഔദ്യോഗികമായി" നൽകേണ്ടതാണെന്നു് സോവ്യററുചേരിരാഷ്ട്രങ്ങൾ എങ്ങുംതൊടാതെ സംസാരിച്ചിട്ടുണ്ടു്. എന്നാൽ അങ്ങനെ നൽകപ്പെടുന്ന വിവരങ്ങൾ ശരിയാണോ എന്നും യുദ്ധോപകരണങ്ങളും സായുധസൈന്യങ്ങളും കുറച്ചു എന്നു പറയുന്നതു് യഥാർത്ഥമാണോ എന്നും പരിശോധിക്കുവാൻ യു. എൻ. ഒ. യ്ക്കു് ഉണ്ടായിരിക്കേണ്ട അധികാരത്തെ പരിമിതപ്പെടുത്തുന്ന ഒരു വ്യവസ്ഥ അവർ ചേർക്കുന്നുണ്ടു്. "അന്യരാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ തലയിടുന്നതായിരിക്കരുതു്" പ്രസ്തുത അവകാശമെന്നാണു് ആ വ്യവസ്ഥ. സോവ്യററുയൂണിയന്റെ നിർദ്ദേശങ്ങളുടെ അത്ഥമെന്താണെന്നു് വിവരമായി മനസ്സിലാക്കുവാനുള്ള നിരായുധീകരണകമ്മീഷനിലെ മററംഗങ്ങളുടെ സകല ശ്രമങ്ങൾക്കും സോവ്യററു് യൂണിയൻ ഒരേ ഒരു മറുപടിയാണു് നൽകിയിട്ടുള്ളതു്. സോവ്യററുയൂണിയന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെട്ടശേഷം മാത്രമേ അവയുടെ വിശദീകരണം നൽകപ്പെടുകയുള്ളു എന്നതാണു്. ഈ സോവ്യററു് നിർദ്ദേശങ്ങളിൽവച്ചു് ഏററവും അധികം കള്ളത്തരമടങ്ങിയിട്ടുള്ളതു് സ്വതന്ത്രരാഷ്ട്രങ്ങൾ സ്വയരക്ഷയ്ക്കായി സ്വീകരിച്ചിരിക്കുന്ന സകല നടപടികളും ഉടനെ ഉപേക്ഷിക്കണമെന്നതാണു്. നോർത്തു് അററ്ലാൻറിക് ട്രീററി ഓർഗനൈസേഷൻ, യൂറോപ്യൻ ഡിഫെൻസു് കമ്മ്യൂണിററി, യൂറോപ്യൻ ആർമി, ഷൂമൻ പ്ലാൻ എന്നീ പേരുകളോടുകൂടി പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങൾ സൈനികവും സാമ്പത്തികവും സംഘടിതവുമായ സുരക്ഷിതത്വത്തിനായി നടത്തിക്കൊണ്ടിരിക്കുന്ന സകല നടപടികളും പരിത്യജിക്കപ്പെടണമെന്നാണു് ഒരു കമ്മ്യൂണിസ്റ്റുവക്താവു് പ്രസ്താവിച്ചിട്ടുള്ളതു്. ഈ സോവ്യററു് നിർദ്ദേശങ്ങൾ ഒന്നും സ്വീകരിക്കുവാൻ യു. എൻ. ഒ. യ്ക്കു് സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ ലോകത്തിൽ സോവ്യററുയൂണിയന്റെ ആധിപത്യം ഉറപ്പിക്കുവാൻ കല്പിച്ചുകൂട്ടി ഉന്നം വച്ചിട്ടുള്ളവയാണു് ആ നിർദ്ദേശങ്ങൾ.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8—0

ഇൻഡ്യക്കുപുറമെ " 8—12—0

പ്രസാധകക്കുറിപ്പുകൾ

## കൃപലാനി ആക്ഷേപിക്കുന്ന മതാധികാരികൾ തിരഞ്ഞെടുപ്പിൽ ഉപദേശിക്കുന്നത്

ഇന്ത്യയിലെ പി. എസ്സ്. പി. നേതാവായ ശ്രീ ആചാര്യകൃപലാനി തിരുക്കൊച്ചിയിൽ ഈയിടെ നടത്തിയ പ്രസംഗങ്ങളിൽ, ഇടതുപക്ഷപാർട്ടികൾ പലപ്പോഴും പുറപ്പെടുവിക്കാറുള്ള ആക്ഷേപങ്ങൾ പലതും ആവർത്തിച്ചിരിക്കുന്നതായി കാണുന്നു. അവയിൽ ഞങ്ങൾക്കു പ്രത്യേകം ചൂണ്ടിക്കാണിക്കാനും വിമർശിക്കാനുമുള്ളത്, മതാധികാരികൾ തിരഞ്ഞെടുപ്പുകാര്യങ്ങളിൽ യാതൊരുവിധത്തിലും പ്രവേശിക്കരുതെന്നു കർശനമായി നൽകിയ താക്കീതാണ്. തിരുവനന്തപുരത്തു പഴവങ്ങാടി മൈതാനത്തുവച്ചു നവംബർ 30-ാംനു അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ ഉള്ളടക്കം അവിടത്തെ ഒരു ഇടതുപക്ഷപത്രം റിപ്പോർട്ടു ചെയ്തതിൽ ഇങ്ങനെ കാണുന്നു:-

മതാടിസ്ഥാനത്തിലുള്ള ജാതിരാഷ്ട്രീയമാണ് തിരുക്കൊച്ചിയിൽ നടക്കുന്നതു്. മതാധികാരികളും മതത്തിന്റെ സൂക്ഷിപ്പുകാരും ഒന്നു മനസ്സിലാക്കണം. രാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നതുമൂലം അവർ മതത്തിന്റെ വേരു് വെട്ടുകയാണു ചെയ്യുന്നതു്. മതനേതാക്കന്മാരോടെനിക്കൊരപേക്ഷയുണ്ടു്: നിങ്ങൾ രാഷ്ട്രീയകാര്യത്തിൽ തലയിടരുതു്. നിങ്ങൾ വോട്ടറന്മാരെ നയിക്കരുതു്; ഉപദേശിക്കരുതു്. നിങ്ങൾ ചരിത്രം മറന്നുപോയിട്ടുണ്ടോ? റഷ്യയിൽ മതത്തിന്റെ സ്ഥാനം, പ്രോട്ടസ്റ്റൻറുകൾ ഉത്ഭവിക്കാൻ കാരണം ഇതെല്ലാം നിങ്ങൾ വിസ്മരിച്ചോ? പള്ളികളാണിവിടെ മന്ത്രിമാരെ നിർമ്മിക്കുന്നതും നശിപ്പിക്കുന്നതും.

ശ്രീ കൃപലാനിയെപ്പോലെ അഖിലേന്ത്യാ പ്രശസ്തിയുള്ള ഒരു രാഷ്ട്രീയനേതാവു ഈ വാക്കുകളിൽ പ്രകടിപ്പിച്ചിരിക്കുന്ന ഭയങ്കരമായ ആശയക്കുഴപ്പത്തിൽ ഞങ്ങൾക്കു് അസാമാന്യമായ ആശ്ചര്യമാണുള്ളതു്. തിരുക്കൊച്ചിയിലെന്നല്ല, ലോകത്തിൽ ഒരിടത്തും കത്തോലിക്കാമതാധികാരികൾ രാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നില്ല. തലയിട്ടിട്ടുമില്ല, തലയിടുകയുമില്ല. കാരണം, തലയിടുക കത്തോലിക്കാമതസിദ്ധാന്തങ്ങൾക്കു് നേരെ വിപരീതമായ പ്രവൃത്തിയാണു്. "സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും" കൊടുക്കുവാൻ ക്രിസ്തു നൽകിയിട്ടുള്ള ആജ്ഞ കത്തോലിക്കാമതാധികാരികൾ അക്ഷരംപ്രതി പാലിച്ചുപോരുന്നുണ്ടു്. രാഷ്ട്രീയാധികാരികൾ മതകാര്യങ്ങളിൽ തലയിടുമ്പോൾ അങ്ങനെ ചെയ്യരുതെന്നു ന്യായവാദം ചെയ്യാനും അതുസംബന്ധിച്ചു കത്തോലിക്കർക്കുള്ള കടമകൾ അവരെ പറഞ്ഞു മനസ്സിലാക്കാനും കത്തോലിക്കാമതാധികാരികൾ മടിക്കുകയില്ല. മററവിടേയും പോലെ തിരുക്കൊച്ചിയിലും കത്തോലിക്കാമതാധികാരികൾ അതാണു ചെയ്യുന്നതു്. കമ്മ്യൂണിസ്റ്റു്പാർട്ടിയും മററു മാർക്സ്യൻപാർട്ടികളും കേവലം രാഷ്ട്രീയപാർട്ടികളല്ല. മതവിരുദ്ധവും സന്മാർഗ്ഗവിരുദ്ധവും മനുഷ്യാവകാശവിരുദ്ധവും മററുമായ സിദ്ധാന്തങ്ങളും പരിപാടികളുമാണു് അവയ്ക്കുള്ളതു്. ആ സിദ്ധാന്തങ്ങളും പരിപാടികളും കത്തോലിക്കർക്കു് സ്വീകാര്യങ്ങളല്ലെന്നും, തന്മൂലം ആ പാർട്ടികൾക്കു് വോട്ടുകൊടുക്കുവാൻ പാടുള്ളതല്ലെന്നും കത്തോലിക്കരെ അവരുടെ മതാധികാരികൾ ഉപദേശിക്കുമ്പോൾ അവർ രാഷ്ട്രീയകാര്യങ്ങളിൽ തലയിടുകയല്ല, പ്രത്യുത മതകാര്യങ്ങളിൽ തങ്ങൾക്കുള്ള കർത്തവ്യം നിർവ്വഹിക്കുകയാണു ചെയ്യുന്നതു്. റഷ്യയിൽ മതാധികാരികൾ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുകയല്ല, പിന്നെയോ രാഷ്ട്രീയാധികാരികൾ മതകാര്യങ്ങളിൽ പ്രവേശിക്കുകയാണു ചെയ്യുന്നതു്. ഇംഗ്ലണ്ടിലും മററും പ്രോട്ടസ്റ്റൻറുകൾ ഉത്ഭവിച്ചപ്പോഴും കത്തോലിക്കാമതാധികാരികൾ രാഷ്ട്രീയത്തിൽ തലയിട്ടില്ല; നേരെമറിച്ചു് രാഷ്ട്രീയാധികാരികൾ, രാജാക്കന്മാർ, കത്തോലിക്കാമതകാര്യങ്ങളിൽ തലയിടുകയും ദുരധികാരം പ്രയോഗിക്കുകയും ചെയ്തു. ശ്രീ കൃപലാനിക്കു് ആ ചരിത്രങ്ങൾ അറിഞ്ഞുകൂടെന്നാണു് അദ്ദേഹത്തിന്റെ വാക്കുകൾ തെളിയിക്കുന്നതു്.

* * *

## കമ്മ്യൂണിസ്റ്റു് നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പിൽ മതാധികാരികളുടെ കർത്തവ്യം

തിരുക്കൊച്ചിയിൽ അടുത്തു കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റു്പാർട്ടി സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുകയും, അനുഭാവികൾ നടത്തുന്ന മത്സരത്തിൽ അവരുടെ സ്ഥാനാർത്ഥികൾക്കു് പിൻതുണ നൽകുകയും ചെയ്തിരുന്നു. കമ്മ്യൂണിസ്റ്റു്പാർട്ടി മതത്തിനും സന്മാർഗ്ഗത്തിനും മനുഷ്യാവകാശങ്ങൾക്കും മററും എതിരാകയാൽ അവരുടെ സ്ഥാനാർത്ഥികൾക്കു് വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു് മനസ്സാക്ഷിപ്രകാരം പാടുള്ളതല്ലെന്നു കത്തോലിക്കാമതാധികാരികൾ അവരെ ഉപദേശിച്ചിട്ടുണ്ടു്. അങ്ങനെ ഉപദേശിക്കാൻ അവർക്കവകാശമുണ്ടെന്നു് കോടതിവിധികൾപോലും സമ്മതിച്ചിട്ടുള്ളതാണു്. അടുത്തുവരുന്ന തിരഞ്ഞെടുപ്പിലും ഈ അവകാശം കത്തോലിക്കാമതാധികാരികൾ തീർച്ചയായും വിനിയോഗിക്കും. വിനിയോഗിക്കാഞ്ഞാൽ അതു അവരിൽ വലിയ കൃത്യവിലോപമായിരിക്കും. അതു മനസ്സിലാക്കാതെ ആക്ഷേപം പുറപ്പെടുവിക്കുന്നവർ ആശയക്കുഴപ്പങ്ങൾക്കു് വിധേയരായിരിക്കുകയാണു്. അതിനു് കത്തോലിക്കാമതാധികാരികൾ ഉത്തരവാദികളല്ല. ആശയക്കുഴപ്പം പലപ്പോഴും അവർ ചൂണ്ടിക്കാണിക്കുകയും ആ കുഴപ്പം തീർത്തുകൊടുക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. സത്യദീപം പംക്തികളിൽതന്നെ ഇതിനു് അനേകം ഉദാഹരണങ്ങൾ കാണാൻ കഴിയും.

അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷപാർട്ടികൾ ഒററക്കെട്ടായിനിന്നു് മത്സരിക്കുവാനും, ഭൂരിപക്ഷം കിട്ടുന്നതായാൽ ഭരണഭാരം ഏറെറടുക്കുവാനും തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. ഈ കൂട്ടുകെട്ടിന്റെ സാക്ഷാൽ നേതൃത്വം വഹിക്കുന്നതു് കമ്മ്യൂണിസ്റ്റു്പാർട്ടിയാണു്. ഇടതുപക്ഷങ്ങൾ ഒന്നിച്ചുനിന്നു ഭരണമേറെറടുക്കാനിടയായാൽ അവിടെയും കമ്മ്യൂണിസ്റ്റു്പാർട്ടിയായിരിക്കും നേതൃത്വം വഹിക്കുക. കമ്മ്യൂണിസ്റ്റു്പാർട്ടിയുൾപ്പെടെ പല പാർട്ടികളും ചേർന്നു് കൊയലിഷൻ (സംയുക്ത)ഗവമ്മെൻറു് രൂപീകരിച്ചിട്ടുള്ള നാടുകളിലെ ഭരണകാര്യസ്ഥാനങ്ങളെല്ലാം കമ്മ്യൂണിസ്റ്റു്പാർട്ടി കയ്യടക്കുമെന്നു തീർച്ചയാണു്. തെക്കുകിഴക്കെ യൂറോപ്പിലെ റഷ്യൻ ഉപഗ്രഹരാജ്യങ്ങളും [illegible] ചൈനയും ചേയും ദൃഷ്ടാന്തങ്ങൾ ഇതു തെളിയിക്കുന്നുണ്ടു്. ചൈനയിൽ പല പാർട്ടികളും ചേർന്നുള്ള കൊയലിഷൻ ഗവമ്മെൻറാണു് ഭരണം നടത്തുന്നതെന്നു് കമ്മ്യൂണിസ്റ്റുകളും അനുഭാവികളും കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും, ആ ഗവമ്മെൻറിൽ ആധിപത്യം വഹിക്കുന്നതു് കമ്മ്യൂണിസ്റ്റു്പാർട്ടിയാണെന്നും മററുപാർട്ടികൾ വെറും പാവകളാണെന്നും ചൈന സന്ദർശിച്ചിട്ടുള്ള ഇന്ത്യൻ നേതാക്കന്മാർ സമ്മതിച്ചിട്ടുണ്ടു്. കഴിഞ്ഞവർഷം ഇന്ത്യാഗവമ്മെൻറിൽ നിന്നു ചൈന സന്ദർശിക്കുവാനയച്ച പ്രതിനിധിസംഘത്തിലെ അംഗങ്ങളുടെ വാക്കുകൾ കേട്ടാലും:-

"ചൈനയിൽ സകല കൊമിൻടാംഗ് വിരുദ്ധപാർട്ടികളും ചേർന്നുള്ള ഒരു കൊയലിഷൻ ഗവമ്മെൻറാണുള്ളതു്. എന്നുവരികിലും കമ്മ്യൂണിസ്റ്റുകാർ അതിൽ ആധിപത്യം വഹിക്കുന്നു; മററു പാർട്ടികൾക്കു് തുച്ഛമായ സ്വരമേയുള്ളൂ." (ആചാര്യ നരേന്ദ്രദേവ്.)

"കമ്മ്യൂണിസ്റ്റു് പാർട്ടിയെക്കൂടാതെ ഗവമ്മെൻറിൽ 4 പാർട്ടികളുണ്ടു്. എന്നാൽ കമ്മ്യൂണിസ്റ്റു്പാർട്ടിയാണു് അതിൽ ആധിപത്യം വഹിക്കുന്ന പാർട്ടിയെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആധിപത്യം വഹിക്കുന്ന ആ രാഷ്ട്രീയപാർട്ടിയുടെ ആഭിമുഖ്യത്തിലല്ലാതെ യാതൊരു ബഹുജനയോഗങ്ങളും സംഘടിപ്പിക്കുന്നില്ല." (ഡോക്ടർ അമർനാഥ് ജാ).

"കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ നേതൃത്വം സർവ്വപ്രധാനമായ വസ്തുതയാകുന്നു. താക്കോൽ അധികാരസ്ഥാനങ്ങൾ (പോർട്ടുഫോളിയോകൾ) കമ്മ്യൂണിസ്റ്റുകാർക്കാണെന്നുള്ളതു് തീർച്ചതന്നെ. സൈനികഭരണം മുഴുവനും ഇപ്പോൾ അവരുടെ കൈയിലാണു്. കൊയലിഷന്റെ ഭാവി പ്രവചിക്കുക പ്രയാസമാകുന്നു. കമ്മ്യൂണിസ്റ്റല്ലാത്ത പാർട്ടികളുടെ ദൌർബല്യം, സംഘടനാപരമായി തൊഴിലാളികളേയും കർഷകരേയും അവർ പ്രതിനിധീകരിക്കുന്നില്ല എന്നുള്ളതാണു്." (ശ്രീ ചലപതിറാവു).

"ചൈന ഒരു പോലിസുരാഷ്ട്രമാണു്. കമ്മ്യൂണിസ്റ്റു് ഗവമ്മെൻറിൽ കമ്മ്യൂണിസ്റ്റല്ലാത്ത ഘടകങ്ങളും ഉണ്ടെന്നുവരികിലും ഈ വസ്തുതയ്ക്കു് മാററംവന്നിട്ടില്ല." (മി. ഫ്രാങ്കു് മൊറെയ്സ്)

തിരുക്കൊച്ചിയിലും കോൺഗ്രസ്സുവിരോധികളായ ഇടതുപക്ഷപാർട്ടികളെല്ലാം ചേർന്നു് സംയുക്തഗവമ്മെൻറു് രൂപീകരിച്ചാലും കമ്മ്യൂണിസ്റ്റു്പാർട്ടി അതിൽ ആധിപത്യം വഹിക്കുമെന്നു് സകല ന്യായങ്ങളാലും അനുഭവങ്ങളാലും തീർച്ചയുള്ളതുകൊണ്ടു് അടുത്ത തിരഞ്ഞെടുപ്പിൽ ഈ ഇടതുപക്ഷകൂട്ടുകെട്ടിനെതിരായി വോട്ടുചെയ്യുവാൻ കത്തോലിക്കർക്കുള്ള കർത്തവ്യത്തെ അവരെ പറഞ്ഞു മനസ്സിലാക്കാതെയിരിക്കുവാൻ കത്തോലിക്കാമതാധികാരികൾക്കു് നിവൃത്തിയില്ല.

* * *

## ശങ്കരറാവുദേവ് ഭൂദാനയജ്ഞം വിശദീകരിക്കുന്നു

ഭൂദാനയജ്ഞപ്രചരണാർത്ഥം കാൽനടയായി കേരളത്തിൽ പര്യടനം നടത്തിയ ശ്രീ ശങ്കരറാവുദേവ് തിരുവനന്തപുരത്തുവച്ചു ഒരു പ്രസ്സ്കോൺഫറൻസിൽ ചില വിവരങ്ങളും വിശദീകരണങ്ങളും നൽകുകയുണ്ടായി.

ഇതു് അദ്ദേഹത്തിന്റെ രണ്ടാമത്തെ യാത്രയാണു്. കഴിഞ്ഞ യാത്രയിൽ കണ്ടതിൽനിന്നും കൂടുതലായി ജനങ്ങൾക്കു് ഈ പ്രസ്ഥാനത്തോടു് ഇത്തവണ മതിപ്പും ഉത്സാഹവും ഉണ്ടായിട്ടുള്ളതായി അദ്ദേഹത്തിനനുഭവപ്പെടുന്നു. ഈ യാത്രയിൽ ഡിസംബർ 1-ാംനുവരെ കേരളത്തിൽനിന്നു് 4561 ഏക്കർ ഭൂമി ദാനമായി ലഭിച്ചിട്ടുണ്ടു്. കഴിഞ്ഞ യാത്രയിൽ 5400 ഏക്കറാണു് ലഭിച്ചതു്. കേരളത്തിന്റെ ഈ സംഭാവന മോശപ്പെട്ടതല്ലെന്നാണു് അദ്ദേഹം വിചാരിക്കുന്നതു്. ദാനമായി കിട്ടിയിട്ടുള്ള ഭൂമി കൃഷിചെയ്തിട്ടുള്ളതും കൃഷിചെയ്യാൻ കൊള്ളാവുന്നതുമാണു്. ഈ പര്യടനത്തിൽ അദ്ദേഹം 350മൈൽ കാൽനടയായി സഞ്ചരിച്ചു. ഇനി 180മൈൽകൂടി സഞ്ചരിക്കും. ഇതിനിടയിൽ ദിവസം 5 ഏക്കർ ലഭിക്കാത്ത രണ്ടു ദിവസങ്ങൾ ഉണ്ടായിട്ടുണ്ടു്. ആ ദിവസങ്ങളിൽ അദ്ദേഹം അത്താഴഭക്ഷണം ഉപേക്ഷിച്ചിരുന്നു. അങ്ങനെ ചെയ്യണമെന്നാണു് അദ്ദേഹത്തിന്റെ വ്രതം. കേരളത്തിലേക്കു് 25000 ഏക്കർ ഭൂമിയും ഇന്ത്യയിലേക്കു് 250 ലക്ഷം ഏക്കർ ഭൂമിയുമാണു് ദാനം കിട്ടണമെന്നു് നിശ്ചയിച്ചിട്ടുള്ളതു്. അത്രയും കിട്ടിക്കഴിഞ്ഞാലുടൻ ഭൂവിതരണം ആരംഭിക്കും. വിതരണം ചെയ്തുകഴിഞ്ഞാൽ ഭൂമിയിൽ കൃഷിചെയ്യുന്നതിനുവേണ്ട ഉപകരണങ്ങൾ സാധാരണക്കാരനു നൽകും. ഭൂമിയെസംബന്ധിച്ചു് വിപ്ലവപരമായ ഒരു പരിഷ്കരണം വരുത്തുകയാണു് ഉദ്ദേശം. ഇതിനാവശ്യമുള്ള സമ്പത്തു്ദാനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. പല സ്ഥലങ്ങളിൽനിന്നും അദ്ദേഹത്തിനു മണിയോർഡറുകൾ ലഭിക്കുന്നുണ്ടു്.

പാവങ്ങളിൽനിന്നുമാത്രം ഭൂദാനം വാങ്ങിയശേഷം ധനികരായ ഭൂവുടമസ്ഥരെ വിടാൻ നിശ്ചയിച്ചിട്ടില്ല. ഭൂമി ദാനം ചെയ്യാത്ത ധനികരെക്കൊണ്ടു് ഭൂമി നൽകുവാൻ പ്രേരിപ്പിക്കുന്ന നടപടികൾ സ്വീകരിക്കും. വേണ്ടിവന്നാൽ അതിനുവേണ്ടി സത്യഗ്രഹം നടത്തും. അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടി ധനികരിൽനിന്നു ഭൂമി പിടിച്ചെടുക്കും. സഹനവും ത്യാഗവും കൂടുതൽ സഹിച്ചു് മനുഷ്യനെ ഈ പ്രസ്ഥാനത്തിന്റെ മഹത്വം ധരിപ്പിക്കുകയാണു് സത്യഗ്രഹത്തിന്റെ ഉദ്ദേശം. സത്യഗ്രഹം ഈ പരിപാടിയിലെ ഒരു ഘടകമാണു്. ഭൂദാനയജ്ഞം എല്ലാവിധത്തിലുള്ള അസമത്വങ്ങളേയും നിർമ്മാർജ്ജനം ചെയ്യുന്ന ഒന്നാണു്. ഭൂമി മാത്രമല്ല എല്ലാംതന്നെ നീതിയുക്തമായി വിതരണം ചെയ്യുന്ന പദ്ധതിയാണു് ഭൂദാനയജ്ഞം.

ശങ്കർ റാവു ദേവിന്റെ ഈ വിശദീകരണത്തോടു് അനുബന്ധിച്ചു് വായിക്കേണ്ടതാണു് ഭൂദാനയജ്ഞത്തെപ്പററി ഒരു കത്തോലിക്കാമാസികയിൽനിന്നു് ഞങ്ങൾ കീഴെ ഉദ്ധരിക്കുന്നതു്.

### ഭൂദാനപ്രസ്ഥാനം കുഴഞ്ഞുമറിഞ്ഞതെന്നു് കത്തോലിക്കാമാസിക

സാമുദായികവിഷയങ്ങളിൽ പ്രത്യേകപാണ്ഡിത്യമുള്ള ജസ്വീററു് വൈദികരുടെ ആധിപത്യത്തിൽ പൂനായിൽനിന്നു പുറപ്പെടുന്ന "സോഷ്യൽ ആക്ഷൻ" മാസികയുടെ ഈ ഡിസംബർ ലക്കത്തിൽ "കുഴഞ്ഞുമറിഞ്ഞ പ്രസ്ഥാനം" (A Motley Movement) എന്ന ശീർഷകത്തിൽ ഒരു പത്രാധിപക്കുറിപ്പു കാണുന്നു. അതാണു താഴെ ചേർക്കുന്നതു്:-

ഭൂദാനപ്രസ്ഥാനം ഗാന്ധ്യൻ ആദർശസംഹിതയിൽനിന്നു് ജനിച്ചിട്ടുള്ളതാണു്. ഭൂമിക്കും സമത്വത്തിനുംവേണ്ടിയുള്ള തീവ്രമായ ആഗ്രഹമാണു് അതിനു പ്രേരണ നൽകിയിട്ടുള്ളതു്. അതു് ഗാന്ധിജിയുടെ അഭിപ്രായങ്ങളിൽനിന്നു വ്യതിചലിക്കാതെയാണോ എപ്പോഴും ഇരുന്നിട്ടുള്ളതെന്നതിൽ സംശയമില്ലാതില്ല. സ്വകാര്യസ്വത്തിനുള്ള അവകാശത്തേയും, ലോകത്തിലെ ധനം സകല മനുഷ്യർക്കുംവേണ്ടി വിനിയോഗിക്കപ്പെടേണ്ടതാണെന്നുള്ള ദൈവത്തിന്റെ ഉദ്ദേശത്തേയും ഗാന്ധിജി നിസ്സക്കം സമ്മതിച്ചിരുന്നു.

ഭൂമി "ഗോപാലന്റെ" വകയാണു് (മതേതരഭാഷയിൽ, രാഷ്ട്രത്തിന്റെ വകയാണു്?) എന്നു് ആചാര്യവിനോബാഭാവേ വാദിക്കുന്നതിന്റെ കൃത്യമായ അർത്ഥമെന്താണെന്നു് വ്യക്തമല്ല. എന്നാൽ ഭൂദാനപ്രസ്ഥാനത്തിൽ പ്രയോഗിക്കേണ്ട മാർഗ്ഗം "സമാധാനപരമായ ന്യായവാദം" ആണെന്നുള്ള തത്വം അദ്ദേഹം സ്വീകരിക്കുന്നു. തെലങ്കാനായിൽ കമ്മ്യൂണിസത്തെ തടഞ്ഞുനിർത്തുവാൻ ഈ പ്രസ്ഥാനംവഴി അദ്ദേഹത്തിനുണ്ടായ വിജയം ഉദ്യോഗസ്ഥന്മാരുടെയും രാജ്യതന്ത്രജ്ഞന്മാരുടെയും ശ്രദ്ധയെ ആകർഷിച്ചു. അവരോടൊന്നിച്ചു് രാഷ്ട്രീയം പ്രസ്ഥാനത്തിൽ കടന്നുകൂടി. ഇങ്ങനെ പുതിയതായി വന്നുചേർന്നവരെല്ലാം ഗാന്ധിയുടേതുപോലുള്ള ആദർശങ്ങളും രീതികളും ഉള്ളവരല്ല. അവരിൽ ചിലർ സ്വകാര്യസ്വത്തവകാശം നിഷേധിക്കുകയും, സോഷ്യലിസത്തിന്റെ പേരുപറഞ്ഞു് രാഷ്ട്രമുതലാളിത്തം അഭിലഷിക്കുകയുംചെയ്യുന്നു. മററു ചിലർ അക്രമപ്രയോഗത്തോടും, നിർബന്ധവേലയോടും, പ്രതിഫലം കൊടുക്കാൻ സാദ്ധ്യതയുള്ളപ്പോൾപോലും പ്രതിഫലംകൊടുക്കാതെ സ്വത്തുക്കൾ പിടിച്ചെടുക്കുന്നതിനോടും വിരോധമുള്ളവരല്ല. മുതലാളികൾക്കു് ഈ പ്രസ്ഥാനത്തോടു് വലിയ ഭയമാണു്. സർവ്വോദയപ്രസ്ഥാനം ദേശീയസമ്പത്തികവ്യവസ്ഥിതിയെ "ഗ്രാമവ്യവസ്ഥിതി"യിൽ ഒതുക്കിനിർത്തണമെന്നു് ആഗ്രഹിക്കുന്നതുകൊണ്ടു് സാമ്പത്തികശാസ്ത്രജ്ഞന്മാർ അതു നിരാകരിക്കുന്നു. കമ്മ്യൂണിസ്റ്റുകളുടെ കാര്യം പറയേണ്ടല്ലോ. രക്തപങ്കിലമായ വിപ്ലവത്തെ തടസ്സപ്പെടുത്തുന്ന ഒരു പൂച്ചപ്പണിമാത്രമാണു് ഈ പ്രസ്ഥാനമെന്നു് അവർ ആക്ഷേപിക്കുന്നു— ഈ ആക്ഷേപംതന്നെ പ്രസ്ഥാനത്തിലുള്ള ഗുണവശത്തെ തീർച്ചയായും ചൂണ്ടിക്കാണിക്കുന്നുണ്ടു്.

ഭൂമിയും ധനവും സമാധാനപരമായ ന്യായവാദങ്ങളുടെ അടിസ്ഥാനത്തിൽ വിതരണംചെയ്യുന്ന സമ്പ്രദായം ഏററവും ആകർഷകംതന്നെ. എന്നാൽ കാലക്രമേണ ഈ പ്രസ്ഥാനം എന്തായി പരിണമിക്കുമെന്നു് മുൻകൂട്ടി കാണാൻ വളരെ വിഷമമായിരിക്കുന്നു.

ഏതായാലും തങ്ങളുടെ സാമുദായികവീക്ഷണവും സാമുദായികസാദ്ധ്യതകളും എങ്ങനെയിരിക്കുന്നുവെന്നു പരിശോധിക്കുവാൻ എല്ലാവർക്കും ഒരു നല്ല സന്ദർഭമാണു് ഈ പ്രസ്ഥാനം നൽകിയിരിക്കുന്നതു്. തങ്ങളുടെ ഭൃത്യന്മാരെ അല്പസ്വല്പം മുതൽ സമ്പാദിച്ചുവയ്ക്കുവാൻ സഹായിക്കുന്നതിനു് ക്രിസ്ത്യാനികളിൽ ചിലർക്കു് ഈ പ്രസ്ഥാനം അവസരം നൽകുന്നില്ലയോ? തങ്ങളുടെ ആവശ്യംകഴിഞ്ഞു് ബാക്കിയായി കുറച്ചെങ്കിലും ഭൂമിയുള്ള ന്യൂനപക്ഷത്തിനും ഈ പ്രസ്ഥാനം സന്ദർഭം നൽകുന്നില്ലയോ? സ്വരാജ്യത്തിന്റെ സാമുദായികപു

നസ്സംവിധാനത്തിനുവേണ്ടി തന്നാൽ കഴിവുള്ളതു ചെയ്യാത്ത ആർക്കും പൂർണ്ണകത്തോലിക്കനായിരിക്കുവാൻ സാധിക്കുകയില്ല.

## അടുത്തയാഴ്ചയിലെ

ഡിസംബർ
20 ഞാ: സുവാറ 4-ാം ഞായർ
21 തി: മാർത്തോമ്മാശ്ലീഹാ
22 ചൊ: ഫ്രാൻസിസ് സേവ്യർ കബ്രീനി
23 ബു: വിക്ടോറിയ
24 വ്യാ: ഡൽഫീനൂസ്
25 വെ: ക്രിസ്തുമസ്ദിനം
26 ശ: എസ്തപ്പാനോസ്

## ഇടവകവാർത്തകൾ

കല്ലൂർ: ചെറുപുഷ്പമിഷൻലീഗിന്റെ അഞ്ചാമത്തു വാർഷികം റവ. ഫാ. ജോർജ്ജ് ആറുവാത്തല അവർകളുടെ അദ്ധ്യക്ഷതയിൽ നവ. 23-ാം നു ആഘോഷിക്കപ്പെട്ടു. കുമാരി റോസമ്മ ചാക്കോ തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

—ചേർപ്പ്: വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ദ്വീതീയവാർഷികം വെരി റവ. ഫാ. മാവുരുസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നവ. 30-ാം നു കൊണ്ടാടപ്പെട്ടു. മെ ഡേവീഡ് മഠാപിള്ള, വർക്കി വടക്കൻ എന്നിവർ പ്രസംഗിച്ചു.

—കാളകെട്ടി: അച്ചാമ്മ മെമ്മോറിയൽ ഹൈസ്കൂളിലെ വാർഷികധ്യാനം നവ. 18 മുതൽ 21 വരെ തീയതികളിൽ നടത്തപ്പെട്ടു. റവ. ഫാദേഴ്സ് ജി. സി. ടീലാർ, ജോർജ്ജ് വയലിൽ എന്നിവരായിരുന്നു ധ്യാനപ്രസംഗകർ. ധ്യാനാനന്തരം സ്കൂൾഹാളിൽവച്ച് ഒരു പതിമൂന്നുമണിയാരാധനയും നടത്തപ്പെടുകയുണ്ടായി.

—വായ്പൂര്: എൻ. എസ്. എസ്. ഇംഗ്ലീഷ് ഹൈസ്കൂളിൽ അദ്ധ്യയനം നടത്തിവരുന്ന കത്തോലിക്കാ വിദ്യാർത്ഥിനീവിദ്യാർത്ഥികളെ ഉൾപ്പെടുത്തി എം. സി. എസ്. എൽ. ന്റെ ഒരു ശാഖ റവ. ഫാ. അബ്രാഹം മുണ്ടിയാനിക്കൽ അവർകൾ ഉൽഘാടനം ചെയ്തിരിക്കുന്നു.

—പാലായിൽ പണിതുടങ്ങിയിരിക്കുന്ന ആരാധനമഠത്തോടനുബന്ധിച്ച് പണിയാൻ പോകുന്ന നിത്യാരാധനകപ്പേളയുടെ അടിസ്ഥാനകല്ല് ഡിസം. 1-ാം നു കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി ആശീർവ്വദിച്ചിരിക്കുന്നു.

—ചെമ്പുംപാറ: മിഷൻലീഗിന്റെയും സൊഡാലിററിയുടെയും സംയുക്തവാർഷികം നവ. 24-ാം നു റവ. ഫാ. ജെ. കാച്ചപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി. എ. ടി. ദേവസ്യ എം. എ., കുമാരി റോസമ്മ ചാക്കോ ബി. എ. എന്നിവർ പ്രസംഗിച്ചു.

## ചരമം

നെടുങ്കുന്നം: പുന്നവേലി പള്ളിയിടവക കോലടിക്കുളത്തുങ്കലായ പിലിപ്പോസ് ജോസഫ് നവ. 29-ാം നു 22-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ഇല്ലങ്ങളം: വാളിപ്ലാക്കൽ ഫിലിപ്പ് ഭാര്യ കുഞ്ഞുമറിയാമ്മ ഏലോഗംനിമിത്തം നവ. 28-ാം നു 35-ാമത്തെ വയസ്സിൽ നിര്യാതയായി.

—വലപ്പാട്: തട്ടിൽ ജോസഫ് ഭാര്യ ഇറേറ്യനം നവ. 16-ാം നു 55-മത്തെ വയസ്സിൽ നിര്യാതയായി.

—വൈക്കം പള്ളി ഇടവക ചിറേപ്പറമ്പിൽ ഔസേപ്പു മേചറിയാൻ ഡിസംബർ 6-ാം നു കർത്താവിൽ നിദ്രപ്രാപിച്ചു. R.I.P.



ഫാദർ ജോസഫ് പുതിയാംപറമ്പിൽ ബി. എ. അവർകളുടെ ഗുരുപ്പട്ടസ്വീകരണസ്മാരകമായി നിർമ്മിതമായിരിക്കുന്ന സ്ലീവാപ്പാതയുടെ കളർചെയ്ത ഫോട്ടോ ചങ്ങനാശേരി അരമനയിൽവച്ച് അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിക്കു സമർപ്പിക്കുന്നു. കൂടാതെ ചിത്രത്തിൽ കാണുന്നതു് ചങ്ങനാശേരിമെത്രാനച്ചൻ തിരുമേനിയും ബ. അച്ചന്റെ ജ്യേഷ്ഠസഹോദരൻ മി. പി. ററി. ദേവസ്യായുമാണു്. ഈ ഫോട്ടോ എറണാകുളം സിററി സ്റ്റുഡിയോക്കാർ എടുത്തതാണു്.

മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ

## കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചു

ഭാരതത്തിന്റെ പ്രഥമാപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടു് ഡിസംബർ 6-ാം നു, കൊടുങ്ങല്ലൂരിൽ പുതുതായി രൂപമെടുത്തിരിക്കുന്ന മാർത്തോമ്മാനഗറിലെ പൊന്തിഫിക്കൽ ഷ്റൈനിൽ സാഘോഷം പ്രതിഷ്ഠിച്ചിരിക്കുന്നു.

അന്നു വൈകുന്നേരം നാലുമണിക്കു് പുല്ലൂററുകടവിൽനിന്നും കർദ്ദിനാൾതിരുമേനിയെ എതിരേററുകൊണ്ടുള്ള ജലമാർഗ്ഗമായ വമ്പിച്ച ഘോഷയാത്രയാരംഭിച്ചു. അനവധി മോട്ടോർബോട്ടുകളും കളിവള്ളങ്ങളും പ്രസ്തുത ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. 5 മണിയോടുകൂടി, മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ ഉൾക്കൊള്ളുന്ന പേടകവും വഹിച്ചുകൊണ്ടു മാർത്തോമ്മാനഗറിലേക്കു പ്രവേശിച്ച കർദ്ദിനാൾ തിരുമേനിയെ നാനാജാതിമതസ്ഥരടങ്ങിയ ഒരു വമ്പിച്ച ജനാവലി ഹാർദ്ദമായി സ്വീകരിച്ചു. പൊതുയോഗത്തിൽ തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് സ്വാഗതപ്രസംഗം നടത്തി. അനന്തരം സ്ഥലത്തെ പൊതുജനങ്ങളുടെ വകയായ മംഗളപത്രം പഞ്ചായത്തുപ്രസിഡണ്ടു് മി. കെ. കെ. കൊച്ചുമൊയ്തീൻ വായിച്ചു കർദ്ദിനാൾതിരുമേനിക്കു സമർപ്പിച്ചു. ഉടനെ കർദ്ദിനാൾ തിരുമേനി ചെയ്ത പ്രസംഗത്തിൽ മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ ആദ്യമായി കരയ്ക്കിറങ്ങിയ കൊടുങ്ങല്ലൂരിൽ അവിടുത്തെ പൂജ്യാവശിഷ്ടങ്ങൾ സ്ഥാപിക്കുക എന്ന മഹത്തായ കൃത്യം നിർവ്വഹിക്കുന്നതിൽ തനിക്കുള്ള ചാരിതാർത്ഥ്യം പ്രകടിപ്പിക്കുകയുണ്ടായി. പ്രസംഗാനന്തരം കർദ്ദിനാൾ തിരുമേനി തീർത്ഥദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ശ്ലീഹായുടെ തിരുശേഷിപ്പുകൾ എല്ലാവർക്കും കാണത്തക്കവിധത്തിൽ ബലിപീഠത്തിനു മുകളിലായി പ്രതിഷ്ഠിക്കുകയും ചെയ്തു. ആറുമണിക്കു് തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു, തിരുസിംഹാസനത്തിൽ നിന്നും ലഭിച്ചിട്ടുള്ള അനുമതിയനുസരിച്ച് പ്രസ്തുത ബലിപീഠത്തിൽ പൊന്തിഫിക്കൽ ദിവ്യബലിയർപ്പിക്കുകയുണ്ടായി. ദിവ്യകാരുണ്യാശീർവ്വാദത്തോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു. പൊന്തിഫിക്കൽ ഷ്റൈനിന്റെ സംരക്ഷണച്ചുമതല സുറിയാനി കർമ്മലീത്താസഭക്കാരെയാണേല്പിച്ചിരിക്കുന്നതു്.

## നിര്യാതയായി

മൂത്തേടൻ അന്തോനി ഭാര്യ

ശ്രീമതി ത്രേസ്യാ

അഡ്വക്കേററു് എ. വി. മൂത്തേടൻ, മി. കുഞ്ഞിപ്പൈലോ, നിർമ്മലാകോളേജ് പ്രൊഫസർ റവ. ഡോക്ടർ തോമസ് മൂത്തേടൻ എന്നിവരുടെ മാതാവായ മൂത്തേടൻ അന്തോനി ഭാര്യ ശ്രീമതി ത്രേസ്യാ വാർദ്ധക്യസഹജമായ രോഗത്താൽ 87-ാമത്തെ വയസ്സിൽ അമലോത്ഭവമാതാവിന്റെ തിരുനാൾദിനമായ ഡിസ. 8-ാം നു രാത്രി 7. 30-നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.



ശവസംസ്കാരകർമ്മം പിറേറദിവസം 4 30-നു് എറണാകുളം സഹായമെത്രാൻ മൊററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, മൊററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു്, വെരി റവ. മോൺ. വറുഗീസ് പുതുശേരി, വെരി റവ. മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ എന്നിവരുടേയും 30-ൽപ്പരം മററു വൈദികരുടേയും സഹകാർമ്മികത്വത്തിലും ഒരു വൻപിച്ച ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

R. I. P.

## കർദ്ദി. തിരുമേനി

പ്രതിമാസഗ്രന്ഥക്ലബ്ബിൽ

അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടു് ഡിസം. 8-ാം നു വൈകുന്നേരം എറണാകുളം ചിററൂർ റോഡിലുള്ള പ്രതിമാസഗ്രന്ഥക്ലബ്ബ് സന്ദർശിച്ചിരിക്കുന്നു. കൃത്യം നാലുമണിക്കു ആഗതനായ തിരുമേനിയെ എറണാകുളം സഹായമെത്രാൻ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും ക്ലബ്ബ് പ്രസിഡണ്ടു് ശ്രീ ജോസഫ് ചാക്കോള, ക്ലബ്ബ് ഡയറക്ടർമാരായ ശ്രീ അലക്സാണ്ടർ പറമ്പിത്തറ, ശ്രീ പി. കെ. അവിരാത്തരകൻ, ക്ലബ്ബ് സെക്രട്ടറി ശ്രീ കെ. പി. ഇട്ടീരാ എന്നിവരുംകൂടി സ്വീകരിച്ചു. ശ്രീ ജോസഫ് ചാക്കോള ഹാരാർപ്പണം ചെയ്യുകയും ശ്രീ തരകൻ ബൊക്കെ സമർപ്പിക്കുകയുമുണ്ടായി. ശ്രീ പറമ്പിത്തറ തത്സമയം അവിടെ സന്നിഹിതരായിരുന്ന ക്ലബ്ബ് ഡയറക്ടർമാരായ വെരി റവ. ഫാദർ ഔറേലിയൻ, ശ്രീ സേവിയർ കുണക്കശേരി, ക്ലബ്ബ് ജനറൽ എഡിററർ മോൺ. ജേക്കബ് നടുവത്തുശേരി, എഡിററർമാരായ മോൺ. പോൾ കാക്കശേരി, പ്രൊഫസർ കെ. ജെ. അഗസ്റ്റിൻ, ഷെ. ജോസഫ് പെട്ട, പ്രിൻസിപ്പാൾ ശ്രീ കെ. സി. ചാക്കോ എന്നിവരെ കർദ്ദിനാൾ തിരുമേനിക്കു പരിചയപ്പെടുത്തുകയുണ്ടായി.

ഉടനെ തിരുമനസ്സുകൊണ്ടു് ക്ലബ്ബിന്റെ വിവിധമുറികളിലും ചുററിനടന്നു് ക്ലബ്ബ് പ്രസിദ്ധീകരണങ്ങളും ക്ലബ്ബ് ലൈബ്രറിയും പരിശോധിച്ചു പിന്നീടു പ്ലാററ്ഫോറത്തിൽ ഉപവിഷ്ടനായ തിരുമേനിക്കു് ക്ലബ്ബ് പ്രസിഡണ്ടു് ശ്രീ ജോസഫ് ചാക്കോള ക്ലബ്ബ് വക മംഗളപത്രം വായിച്ചു സമർപ്പിച്ചു. ക്ലബ്ബിനെ സംബന്ധിച്ച സകല വിവരങ്ങളും ഉൾക്കൊള്ളിച്ച് മനോഹരമായി തയാറാക്കിയിരുന്ന ഒരു സചിത്ര സുവനീയറും മംഗളപത്രത്തോടൊരുമിച്ച് തിരുമേനിക്കു് നൽകുകയുണ്ടായി. കൂടാതെ ക്ലബ്ബ് വകയായി മാർപ്പാപ്പാ തിരുമനസ്സിലേക്കു് നൽകുന്നതിനായി ക്ലബ്ബ് പ്രസിദ്ധീകരണങ്ങളിൽ ചിലതു് പട്ടിൽ ബയൻറ് ചെയ്തിരുന്നതു് മോൺ. ജേക്കബ് നടുവത്തുശേരിയും, മറെറാരു സെററ് തിരുമനസ്സിലേക്കു പ്രൊഫസർ കെ. ജെ. അഗസ്റ്റിനും കാഴ്ചവയ്ക്കുകയും ചെയ്തു. ക്ലബ്ബ് വക എല്ലാ പ്രസിദ്ധീകരണങ്ങളുമടങ്ങിയ ഒരു സെററ് ശ്രീ സേവ്യർ കുണക്കശേരി തിരുമനസ്സിലേക്കു് സമർപ്പിക്കുകയുമുണ്ടായി. അനന്തരം, ക്ലബ്ബിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന പ്രതിമാസഗ്രന്ഥങ്ങളുടെ വിലവിവരപ്പട്ടികയുടെ... കാഞ്ഞപതിപ്പിന്റെ ഉൽഘാടനം നടന്നു. ഉടനെ നടന്ന കർദ്ദിനാൾ തിരുമനസ്സിലെ മറുപടിപ്രസംഗത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങളെ ശ്ലാഘിച്ചും അതിനെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ വിവരിച്ചും തിരുമേനി സംസാരിച്ചു. ശ്രീ കെ. സി. ചാക്കോയുടെ കൃതജ്ഞതാപ്രകാശനത്തോടുകൂടി ചടങ്ങുകൾ സമാപിച്ചു.

## വിനോദവീഥി




വാദ്ധ്യാർ: "എടാ നീ ഇങ്ങനെ നാടെല്ലാം ചുററിനടന്നാൽ മതിയോ? വല്ലതും പഠിച്ചോണ്ടു വരണ്ടേ?"

മറെറാരു കുട്ടി: "ഒത്തതാ സാറെ. ഇവനെ എന്നും ഞാൻ സിനിമാ കഴിഞ്ഞു വരുമ്പം കൊട്ടകേടെ വാതുക്കെ നില്ക്കുന്നതു കാണാറുണ്ടു്."

* * *




ഒരുത്തൻ: "ഇന്നലെ കവലേ വച്ചു നടന്ന വഴക്കൊന്നും അറിഞ്ഞില്ലേ?"

അപരൻ: "ഓ, നമ്മുടെ പെമ്പറന്നോത്തിക്കിയിടെ സുഖമില്ലാതെ വീട്ടിലിരിപ്പായതുകൊണ്ടു് വിവരങ്ങളൊന്നും അറിയുന്നില്ല."

* * *

അയൽക്കാരി: "ആ കൊച്ചു ചെപ്പിൽ എന്താണു് ഇത്ര ഭദ്രമായി നിങ്ങൾ അടച്ചുവച്ചിരിക്കുന്നതു്?"

ഗൃഹനായിക: "അതോ, എന്റെ ഭർത്താവിന്റെ മൂന്നുനാലു തലമുടികളാണു്."

അയൽക്കാരി: "അതെന്തിനു്, നിങ്ങളുടെ ഭർത്താവ് ഇപ്പോഴും ജീവിച്ചിരിപ്പില്ലേ?"

ഗൃഹനായിക: "പക്ഷേ, തലമുടിയെല്ലാം കൊഴിഞ്ഞുപോയി."

* * *

യാത്രക്കാരൻ: "കുമാരി എന്റെ പാദത്തിന്മേലാണു് നില്ക്കുന്നതെന്നു് അറിയുന്നില്ലേ?"

യാത്രക്കാരി: "നിങ്ങൾ മര്യാദയുള്ളവനായിരുന്നെങ്കിൽ നിങ്ങളുടെ പാദങ്ങളിൽ നിങ്ങൾതന്നെ നില്ക്കുമായിരുന്നല്ലോ."

# മേരിവത്സരം

## ഫുൾജെൻസ് കൊറോണ എന്ന തിരുവെഴുത്ത്

(പരിഭാഷകൻ: റവ. ഫാദർ തോമസ മൂത്തേടൻ എം. എ., ഡി. ഡി.)

(തുടർച്ച)

എല്ലാവർക്കും അറിയാം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ എന്തുമാത്രം വിഷമങ്ങളാണു തിരുസ്സഭയ്ക്കുള്ളതെന്നും ഏതെല്ലാം നിന്ദനകളേയും ഏഷണികളേയും വിനാശങ്ങളേയുമാണ് അവൾ അഭിമുഖീകരിക്കേണ്ടതെന്നും.

വിപ്രവാസികളും
ജയിൽവാസികളും

എല്ലാവർക്കും അറിയാം പല സ്ഥലങ്ങളിലും ആത്മാക്കളുടെ ഇടയന്മാർ ശരിയായ കാരണം



കൂടാതെ നാടുകടത്തപ്പെട്ടുകയോ കാരാഗൃഹത്തിൽ ബന്ധിതരാകുകയോ ചെയ്തിട്ടുണ്ടെന്നും അഥവാ അവരുടെ ചുമതല ശരിയായി നിർവ്വഹിക്കുവാൻ പാടില്ലാത്ത വിധം അവർ ഞെരുക്കപ്പെടുന്നുണ്ടെന്നും. ആ സ്ഥലങ്ങളിൽ സ്വന്തം സ്കൂളുകളോ ട്രെയിനിംഗ് കോളേജുകളോ സഭയ്ക്ക് ഉണ്ടാകാൻ പാടില്ലെന്നും ക്രിസ്തീയതത്വങ്ങൾ പരസ്യമായി പ്രസംഗിക്കുകയോ പ്രചരിപ്പിക്കുകയോ മാസികകളിലും പ്രസിദ്ധീകരണങ്ങളിലും പ്രതിപാദിക്കുകയോ യുവാക്കളെ പ്രസ്തുത തത്വങ്ങളനുസരിച്ചു വളർത്തിക്കൊണ്ടുവരികയോ പാടില്ലെന്നും എല്ലാവർക്കും അറിയാവുന്നതത്രെ.

ആകയാൽ ഓരോ അവസരം പ്രമാണിച്ചു മുൻകാലങ്ങളിൽ നൽകിയിട്ടുള്ള ഉപദേശങ്ങൾ ഈ ചാക്രികലേഖനത്തിൽ നാം ആവർത്തിക്കതന്നെ ചെയ്യുന്നു. ഈ മേരിവത്സരത്തിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ദൈവത്തിന്റെ എത്രയും പ്രാബല്യമുള്ള മാതാവും നമ്മുടെ പ്രിയപ്പെട്ട അമ്മയുമായ കന്യകാമറിയത്തിനു് എരിവുള്ള പ്രാർത്ഥനകൾ സമർപ്പിതമാകുമെന്നു നാം ശരണപ്പെടുന്നു. രാഷ്ട്രീയവും മാനുഷികവുമായ സ്വാതന്ത്ര്യത്തിൽനിന്നു നിഷ്പദിക്കുന്നതും തിരുസഭയ്ക്കു സ്വന്തമായി ഉണ്ടായിരിക്കേണ്ടതുമായ പരിശുദ്ധ അവകാശങ്ങൾ എല്ലാവരും അംഗീകരിക്കുന്നതിനു കന്യകാമറിയത്തിന്റെ കാരുണ്യവും സർവ്വാലഭ്യവുമായ മാദ്ധ്യസ്ഥ്യവും ആ അപേക്ഷകളിൽ നമുക്ക് അഭ്യർത്ഥിക്കാം. പ്രസ്തുത സ്വാതന്ത്ര്യം പൊതുനന്മയും ഐക്യത്തിന്റെ പുരോഗതിക്കും നിശ്ചയമായും സഹായമാകും.

നമ്മുടെ വാത്സല്യാതിരേകത്താൽ നമ്മുടെ ഉപദേശങ്ങൾ നാം ഒന്നാമതായി തിരിച്ചുവിടുവാൻ ഉദ്ദേശിക്കുന്നതു പലതരം കണികളാൽ മൂകരാക്കപ്പെട്ടിരിക്കുന്നവരും തങ്ങളുടെകീഴുള്ള ക്രിസ്തീയസമൂഹങ്ങളുടെ ക്ലേശങ്ങളേയും ദുരിതങ്ങളേയും ഹൃദയതാപത്തോടെ സംവീക്ഷിക്കുന്നവരുമായവരോടാണ്.

എത്രയും ശക്തിമത്തായ
മാദ്ധ്യസ്ഥ്യം

നമ്മുടെ ഈ പ്രിയപ്പെട്ട സഹോദരരും മക്കളും നമ്മളോടും ഇതരക്രിസ്ത്യാനികളോടും ചേന്നു് അനുഗ്രഹങ്ങളുടെ പിതാവിന്റേയും സകലാശ്വാസങ്ങളുടേയും ദൈവത്തിന്റേയും മുമ്പിൽ നമ്മുടെ അമ്മയും കന്യകയുമായ ദൈവമാതാവിന്റെ സഹായം അപേക്ഷിക്കുകയും ആ അമ്മയുടെ സ്വർഗ്ഗീയമാദ്ധ്യസ്ഥ്യവും ദിവ്യമായ ആശ്വാസവും അർത്ഥിക്കുകയും ചെയ്യട്ടെ. പ്രാചീനവിശ്വാസത്തിൽ അചഞ്ചലമായ ധൈര്യത്തോടെ നിന്നു ദുരിതങ്ങളുടെ ഈ കാലത്തു് മധുവാണിയായ മല്ലാർവാക്കുകളിൽ ക്രിസ്തീയധൈര്യത്തിന്റെ മുദ്രാവാക്യം അവർ സ്വീകരിക്കട്ടെ: "നമ്മുടെ അമ്മയായ തിരുസഭയ്ക്കുവേണ്ടി ആവശ്യമെങ്കിൽ മരണംവരെനിന്നു ന്യായമായ ആയുധങ്ങൾകൊണ്ടു — വാളും പരിചയുമുപയോഗിച്ചല്ല പ്രാർത്ഥനയും നെടുവീർപ്പുംകൊണ്ടു — നമുക്കു യുദ്ധംചെയ്യാം."

മാത്രമല്ല, പ്രാചീനശിശ്മകളാൽ നമ്മളിൽനിന്നു പിരിഞ്ഞുപോയവരും എന്നാൽ പൈതൃകവാത്സല്യത്തോടെ നാം സ്നേഹിക്കുന്നവരുമായവർ എത്രമാത്രമാണു് ഈ ദൈവമാതാവിനെ ബഹുമാനിക്കുന്നതെന്നും അവിടുത്തെ അമലോത്ഭവത്തെ പ്രകീർത്തിക്കുന്നതെന്നും മനസ്സിലാക്കി ഈ പ്രാർത്ഥനകളിലും അപേക്ഷകളിലും അവരുംകൂടി ചേർന്നുകാണുവാൻ നാം ആഗ്രഹിക്കുന്നു. ക്രിസ്ത്യാനികളെന്ന നാമധേയത്തിൽ അഭിമാനം കൊള്ളുന്നവരെല്ലാവരേയും ഭാഗ്യപ്പെട്ട കന്യകാമറിയം കടാക്ഷിക്കട്ടെ. സ്നേഹത്തിന്റെ ബന്ധത്തിൽ ഐക്യപ്പെട്ടുനിന്നു് എളിമയോടുകൂടെ തങ്ങളുടെ ദൃഷ്ടികളും മനസ്സും പ്രാർത്ഥനകളും അവിടുത്തെ പക്കലേക്ക് ഉയർത്തി സ്വർഗ്ഗീയകിരണങ്ങൾകൊണ്ടു് മനസ്സിനെ ഉദ്ദീപിപ്പിക്കുന്ന പ്രകാശത്തിനായി അപേക്ഷിക്കുകയും അവസാനം ഒരു തൊഴുത്തും ഒരു ഇടയനും ആയിത്തീരുന്നതിനു് വേണ്ട ഐക്യത്തിനായി യാചിക്കുകയും ചെയ്യട്ടെ.

ഏകയോഗമായ ഈ പ്രാർത്ഥനകളോടുകൂടെ പ്രായശ്ചിത്തപ്രവൃത്തികളും ചേർക്കണം. പ്രാർത്ഥനയിലുള്ള വിശ്വസ്തതയിൽനിന്നുണ്ടാകുന്ന ഫലം ഇതാണു്: "വിഷമകരമായ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു് ആത്മാവിനെ ശക്തിപ്പെടുത്തുകയും ഒരുക്കുകയും ചെയ്യുന്നു. നമ്മളെത്തന്നെ നിയന്ത്രിക്കുകയെന്നതു്, പ്രത്യേകിച്ചു്, ജന്മപാപംവഴി സുവിശേഷനിയമത്തിന്റേയും യുക്തിയുടേയും ബദ്ധശത്രുവായ നമ്മളുടെ ശരീരത്തെ നിയന്ത്രിക്കുകയെന്നതു പ്രായശ്ചിത്തത്തിന്റെ ഫലമാണ്. ഈ രണ്ടു പുണ്യങ്ങൾ പരസ്പരം ബന്ധിതമാണു; പരസ്പരം സഹായിക്കുന്നു. മാത്രമല്ല സ്വർഗ്ഗത്തിനായി ജനിച്ചിരിക്കുന്ന മനുഷ്യനെ ക്ഷണികവസ്തുക്കളിൽനിന്നു ദൈവമായിട്ടുള്ള അടുത്ത ബന്ധത്തിലേക്ക് സമാനയിക്കുന്നു." (ലെയോൻ മാർപ്പാപ്പ)

യഥാർത്ഥവും പ്രശാന്തവും ആത്മാർത്ഥവുമായ സമാധാനം ആത്മാക്കളിൽ ഇനിയും ഉദിച്ചിട്ടില്ലാത്തതിനാൽ അതു പൂർണ്ണമായും ഫലദായകമായും സിദ്ധിക്കുന്നതിനും അതിനെ ശക്തിപ്പെടുത്തുന്നതിനുമായി എല്ലാവരും ഭക്തിപൂർവ്വം പ്രാർത്ഥിക്കട്ടെ. സമാധാനത്തിന്റെ രാജകുമാരനെ കന്യകാമറിയം പ്രസവിച്ചതുപോലെ അവിടുത്തെ സംരക്ഷണയും മാദ്ധ്യസ്ഥ്യവുംവഴി എല്ലാവരേയും യോജിപ്പിച്ചിണക്കട്ടെ. മത്സരങ്ങളാൽ ഭേദിപ്പിക്കപ്പെടാതെയും വഴക്കുകളാൽ ഭിന്നിതരാകാതെയും ഭീഷണിയാലും വഞ്ചനയാലും എതിർപക്ഷത്തേക്കു ചായാതെയും ഇരിക്കുമ്പോൾ മാത്രമാണു മനുഷ്യൻ ഈ ജീവിതത്തിൽ ലഭിക്കുന്ന സമാധാനപരമായ ഐശ്വര്യത്തെ ആസ്വദിക്കുന്നതു്. സ്നേഹപൂർവ്വം ഹസ്തങ്ങൾ ചേർക്കുമ്പോൾ സമാധാനചുംബനമാണു കൈമാറാം ചെയ്യുന്നതു്. ആ സമാധാനമാണു പ്രശാന്തമായ സ്വാതന്ത്ര്യം. നീതി അതിനെ നിയന്ത്രിക്കുകയും സ്നേഹം അതിനെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ പലതരക്കാരായ പൗരന്മാരും, രാജ്യങ്ങളും, ജനപദങ്ങളും ഉൾക്കൊള്ളുന്ന യോഗക്ഷേമകുടുംബം ഉളവാകും.


ദിവ്യരക്ഷകൻ തന്റെ പ്രിയപ്പെട്ട അമ്മയുടെ സ്നേഹമാദ്ധ്യസ്ഥ്യത്താൽ പ്രേരിതനായി എരിയുന്ന നമ്മുടെ ഈ ആഗ്രഹങ്ങൾക്ക് ഏററവും വിപുലവും ഫലദായകവുമായ ഗുണങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ. നമ്മുടെ ഈ ആഗ്രഹങ്ങളെ നമ്മുടെ കുട്ടികൾ മാത്രമല്ല, ക്രിസ്തീയസംസ്കാരത്തേയും സാമുദായികജീവിതപുരോഗതിയേയും ഇച്ഛിക്കുന്നവരെല്ലാം പിന്താങ്ങാതിരിക്കയില്ല.

ബ. സഹോദരരെ, നിങ്ങൾക്കും വൈദികർക്കും ജനങ്ങൾക്കും കർത്താവിൽ നമുക്കുള്ള വാത്സല്യത്തോടുകൂടെ നൽകുന്ന ശ്ലൈഹികാശീർവ്വാദം നമ്മുടെ പൈതൃകസ്നേഹത്തിന്റെ ലക്ഷ്യവും സ്വർഗ്ഗീയദാനങ്ങളുടെ അച്ചാരവുമായിരിക്കട്ടെ.

നമ്മുടെ വാഴ്ചയുടെ 15-ാംകാലം, 1953 സെപ്ററംബർ 8-ാംനു ദൈവമാതാവിന്റെ ജനനത്തിരുനാൾദിവസം റോമയിൽ വി. പത്രോസിന്റെ സിംഹാസനത്തിൽനിന്നു നൽകപ്പെട്ടതു്.

പന്ത്രണ്ടാം പിയൂസ്.


For favours received



Sr. Alphonsa. I. C.

Excuse delay.
Mrs. Kuujelakutty
Sebastian, Vynthala



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

കയ്യൂർ മണിയാട്ടു്, ആരക്കുഴ



WE GO WITH
THE MARCH OF TIMES



Chakolas
SILK HOUSE
TRICHUR ★ ERNAKULAM


ആദ്ധ്യാത്മികവീഥി/(11)

# ക്രിസ്തീയപരിപൂർണ്ണത എന്തല്ല?

ദൈവത്തിന്റെ വത്സലമക്കളേ,

"ഞങ്ങൾ പരിപൂർണ്ണതയ്ക്കായി ശ്രമിക്കണം, അതുകൊണ്ടു് വലിയ ഉപകാരം ഞങ്ങൾക്കുതന്നെയും നാടിനും ഉണ്ടാകും എന്നെല്ലാം അച്ചൻ മറിച്ചും തിരിച്ചും പല ആവർത്തി പറയുന്നുണ്ടെങ്കിലും ഞങ്ങളെന്താണു പ്രായോഗികമായി ചെയ്യേണ്ടതെന്നു് ഇതുവരെ വിശദമായി ഒന്നും പ്രസ്താവിച്ചിട്ടില്ലല്ലോ" എന്നു ചിലരെല്ലാം ആവലാതിപ്പെടുന്നുണ്ടു് അവരോടു ധൃതികൂട്ടരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഒന്നാമതുതന്നെ, ഞാനൊരു നിർദ്ദേശവും തന്നിട്ടില്ലെന്നു പറയുന്നതു ശരിയല്ല. ഏകാഗ്രതയോടുകൂടി പ്രാർത്ഥിക്കുക, എന്തെങ്കിലും പരിത്യാഗം അഭ്യസിക്കുക, സംസാരത്തിൽ സൂക്ഷിക്കുക, ആദ്ധ്യാത്മികഗ്രന്ഥങ്ങൾ പാരായണം ചെയ്യുക, ഓരോ ദിവസവും രാവിലെ അന്നന്നു ചെയ്യേണ്ട സംഗതികളെക്കുറിച്ചു പ്രതിജ്ഞചെയ്യുക, അവ എങ്ങനെ നിർവ്വഹിച്ചുവെന്നു വൈകീട്ടു സ്വയം പരിശോധിക്കുക ഇങ്ങനെ പല സംഗതികളെക്കുറിച്ചും പറഞ്ഞിട്ടുണ്ടു്. അവയെല്ലാം എത്ര നിഷ്കർഷയോടുകൂടി ചെയ്യുന്നുണ്ടെന്നു നോക്കുന്നതു കൊള്ളാം. അതു സംബന്ധിച്ചുള്ള റിപ്പോർട്ടു് കാണ്മാൻ ആഗ്രഹമുണ്ടു. ഇതുവരെ പറഞ്ഞിട്ടുള്ളതുതന്നെ ചെയ്യുന്നില്ലെങ്കിൽ പിന്നെ കൂടുതൽ കാര്യങ്ങൾ പറയുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ.

പരിപൂർണ്ണത, അഥവാ പുണ്യജീവിതത്തെ സംബന്ധിച്ചു പല വലിയ തെററിദ്ധാരണകളുമുണ്ടു്. ദീർഘനേരം പ്രാർത്ഥിക്കുന്നതാണു പുണ്യമെന്നാണു് ചിലരുടെ വിചാരം. അടുക്കലടുക്കലുള്ള കൂദാശാസ്വീകരണങ്ങളിൽ മററു ചിലർ പുണ്യംകാണുന്നു. വേറെ ചിലരോ എന്നാൽ വലിയ തപക്രിയകളിലാണു പുണ്യം അടങ്ങിയിരിക്കുന്നതെന്നു കരുതുന്നു. അറിവിൽ പെട്ടിട്ടുള്ള സകല ഭക്തസഖ്യതകളിലും ചേർന്നാൽ പുണ്യമായി എന്നു വിചാരിക്കുന്നവരും ഉണ്ടു്. ഇവയെല്ലാംതന്നെ ഉപാധികളെന്ന വിധത്തിൽ പുണ്യപൂർണ്ണതയ്ക്കുപകരിക്കുമെന്നുള്ളതു ശരിയാണു്. എന്നാൽ ഇവയിലൊന്നുമല്ല യഥാർത്ഥ പുണ്യപൂർണ്ണത അടങ്ങിയിരിക്കുന്നതു്.

ഒരു ഭാഷ പഠിക്കുന്നയാൾ അതിന്റെ ലിപികളും ഉച്ചാരണരീതിയും വ്യാകരണവും രചനയുമെല്ലാം പഠിക്കണമെന്നിരുന്നാലും അവയേതെങ്കിലുമൊന്നിലാണു ഭാഷ അടങ്ങിയിരിക്കുന്നതെന്നു പറയുന്നതു് അബദ്ധമായിരിക്കുമല്ലോ.

ലിപികളെല്ലാം ശരിയായി വായിക്കാനും എഴുതാനുമറിയാമെന്നുള്ളതുകൊണ്ടുമാത്രം ഭാഷ അറിയാമെന്നു വരുന്നില്ല. അതുപോലെ പ്രാർത്ഥനയ്ക്കായി ദീർഘസമയം ചെലവഴിക്കുന്നതുകൊണ്ടുമാത്രം ഒരാൾ പുണ്യപൂർണ്ണനാകുന്നില്ല. "നല്ലവണ്ണം പ്രാർത്ഥിക്കുന്നയാൾ നല്ലവണ്ണം ജീവിക്കുന്നു" എന്നുള്ള വി. അഗുസ്തീനോസിന്റെ പ്രസ്താവന ഓർക്കാതെയല്ല ദീർഘപ്രാർത്ഥനകൊണ്ടുമാത്രം പുണ്യപൂർണ്ണതയുണ്ടാകുകയില്ലെന്നു ഞാൻ പറഞ്ഞതു്. സാധാരണ ജനങ്ങൾ നടത്താറുള്ള ദീർഘമായ പ്രാർത്ഥന, പ്രത്യേകിച്ചു വാചാപ്രാർത്ഥന, വിശുദ്ധൻ ഉദ്ദേശിക്കുന്ന തരത്തിലുള്ള നല്ല പ്രാർത്ഥനയായിരിക്കയില്ല. വെളുക്കുമ്പോൾ പള്ളിയിൽപ്പോയിട്ടു ഉച്ചവരെ അവിടെയിരുന്നു "നിത്യാരാധന" മുഴുവൻ ഏതാക്കുറെ വായിച്ചുതീർക്കുന്ന ചിലയാളുകൾ തിരികെ വീട്ടിൽ വരുമ്പോൾ സംസാരത്തിലുള്ള സൂക്ഷക്കുറവുകൊണ്ടുമാറും എന്തുമാത്രം സമാധാനക്കേടായിരിക്കുമുണ്ടാക്കുന്നതു്. അതു തങ്ങളുടെ ഒരു ന്യൂനതയാണെന്നുപോലും അവർക്കു തോന്നുകയില്ലെന്നുള്ളതാണു കഷ്ടം. പള്ളിയിൽ അധികംസമയം കഴിക്കാറുള്ളതുകൊണ്ടു തങ്ങ

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി—

## ബ്രദർ വടക്കന്റെ വിശദീകരണം

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ലക്ഷ്യങ്ങളും നയപരിപാടികളും സംബന്ധിച്ച് ചിലയിടങ്ങളിലുള്ള തെററായ ധാരണകളെ ദൂരീകരിക്കത്തക്കവണ്ണം, നവമ്പർ 22-ാംനു എറണാകുളം രാജേന്ദ്രമൈതാനത്തു കൂടിയ പൊതുയോഗത്തിൽ, ബ്രദർ വടക്കൻ പ്രസംഗരൂപേണ നൽകിയ വിശദീകരണത്തിലെ ചില പ്രധാനഭാഗങ്ങൾ ഈ പംക്തിയിൽ ചേർക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

രണ്ടുകൊല്ലം മുമ്പാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപം പ്രാപിച്ചതു്. 1500-ഓളം സെല്ലുകൾ കേരളക്കരയിൽത്തന്നെ ഈ സംഘടനയ്ക്കുണ്ട്. ഇന്നിപ്പോൾ സാമൂഹികസാംസ്കാരിക പ്രസ്ഥാനം ഒരു അഖിലേന്ത്യാ സംഘടനയായിത്തീർന്നിരിക്കയാണ്. ബോംബെയിലും ബംഗാളിലും ആന്ധ്രയിലും തമിഴ്‌നാട്ടിലുമെല്ലാം നമ്മുടെ ഈ സംഘടനയ്ക്കു ശാഖകളുണ്ട്. ഒരു അഖിലേന്ത്യാ സംഘടനാക്കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ നാനാഭാഗങ്ങളിലും നമ്മുടെ ഈ സാംസ്കാരികസംഘടന ഉടലെടുത്തുവരികയും അതിന്റെ സജീവപ്രവർത്തനങ്ങൾ ഉത്തരോത്തരം ശക്തിപ്പെട്ടുവരികയും ചെയ്യുന്നു.

### രാഷ്ട്രീയപാർട്ടിയോ?

കമ്മ്യൂ. വി. മുന്നണി ഒരു രാഷ്ട്രീയപാർട്ടിയാണോ? പലരും ഉന്നയിക്കുന്നൊരു ചോദ്യമാണിതു്. ഞങ്ങൾ ഈ പ്രശ്നത്തെക്കുറിച്ചു പ്രസ്പഷ്ടരൂപത്തിൽ മറുപടി പറഞ്ഞിട്ടുണ്ട്. "രാഷ്ട്രീയപാർട്ടി" എന്ന സാങ്കേതികപദത്തിന്റെ അർത്ഥം വളരെയൊക്കെ വലിച്ചുനീട്ടാവുന്നതും ചുരുക്കിച്ചുളിക്കാവുന്നതുമാണ്. ഞങ്ങളുടെ നിലപാട് ഇതാണ്: ഞങ്ങൾ രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കും, അഭിപ്രായം പ്രകടിപ്പിക്കും. ഈ ശ്രേഷ്ഠമായ ചിന്തയും അതിന്റെ പ്രകാശനവും കേവലം സാമൂഹികവും സാംസ്കാരികവുമായ ഒരു പരധർമ്മമായി ഞങ്ങൾ കരുതുന്നു. എന്നാൽ നിയമസഭയിൽ പ്രവേശിക്കാനോ മന്ത്രിസഭ രൂപവൽക്കരിക്കാനോ കമ്മ്യൂ. വി. മുന്നണിക്കു് പരിപാടിയില്ല. പാർലമെന്ററി പരിപാടിയിൽ പ്രവേശിക്കാനും ഭരണം ഏറെറടുക്കാനും പ്ലാനില്ലാത്ത ഒരു പാർട്ടിയെ രാഷ്ട്രീയപാർട്ടിയെന്നു നാമകരണം ചെയ്യുന്നതു ശരിയല്ലല്ലോ? ഈ അർത്ഥത്തിലാണ് കമ്മ്യൂ. വി. മുന്നണി ഒരു രാഷ്ട്രീയപാർട്ടിയല്ലെന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നതു്.

ആരോഗ്യപൂർണ്ണമായ ഒരു ജനാധിപത്യക്രമം നമുക്കാവശ്യമുണ്ട്. നിർദ്ധനപക്ഷത്തിൽ സാമ്പത്തികാവകാശങ്ങൾ ഭദ്രമാക്കുന്ന ഒരു ഭരണകൂടം നമുക്കുവേണം. തൊഴിലാളികളെ നിഷ്കരുണം ചുതാട്ടുന്ന ഭക്ഷിച്ച മുതലാളിത്തവ്യവസ്ഥിതിയെ നമുക്കു മാററണം. ഈവക സാമൂഹികസാമ്പത്തികപ്രശ്നങ്ങളിൽ കമ്മ്യൂ. വി. മുന്നണി ധീരധീരം സ്വമേയത്തും. വ്യാപകമല്ലെന്നർത്ഥത്തിൽ ഒരു രാഷ്ട്രീയസ്വരൂപം ഇതിൽ ചിലർ കണ്ടേക്കാം. അതിലത്ഭുതമില്ല. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന വെള്ളത്തിലും ഇന്നു് "രാഷ്ട്രീയ"മുണ്ട്. രാഷ്ട്രീയപ്രാധാന്യമില്ലാത്ത ഒരു ചലനം സാമൂഹികസാംസ്കാരിക മണ്ഡലത്തിൽ ഞങ്ങൾ ദർശിക്കുന്നില്ല. ജനാധിപത്യയുഗത്തിന്റെ ഒരു പ്രത്യേകതയാണിതു്. സാഹിത്യോപാസകരും കലാപ്രണയികളുമെല്ലാം ഒരു നിശ്ചിതപരിധിവരെ "രാഷ്ട്രീയ"ത്തിൽക്കൂടി വ്യാപരിക്കേണ്ട ഒരു കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയെപ്പോലെയുള്ള ഒരു സജീവസാമൂഹികസംഘടനയ്ക്കു് അതതുകാലത്തെ ചൂടുപിടിച്ച രാഷ്ട്രീയപ്രശ്നങ്ങളിൽനിന്നു നിശ്ശേഷം അകന്നുമാറുവാൻ സാദ്ധ്യമല്ല.

### നമ്പർ വൺ ശത്രു

"ആൻറി കമ്മ്യൂണിസ്റ്റ് ഫ്രണ്ടു്" ആധുനികഭാരതത്തിന്റെ ഒരടിയന്തിരാവശ്യമായിത്തീർന്നിരിക്കയാണ്. കമ്മ്യൂണിസം ആർഷഭാരതത്തിന്റെ നമ്പർ വൺ പൊതുശത്രുവാണ്. ഈ പൊതുശത്രുവിനെ അഭിമുഖീകരിക്കാൻ ഒരു പൊതുസമരനിരയാണു വേണ്ടതു്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് ഒരു രാഷ്ട്രീയപാർട്ടിയാണ്. പ്രജാസോഷ്യലിസ്റ്റ് പാർട്ടി മറെറാരു രാഷ്ട്രീയപാർട്ടിയാണ്. വേറെയും മൂന്നു രാഷ്ട്രീയപാർട്ടികളുണ്ട്. ഈ രാഷ്ട്രീയസംഘടനകൾക്കു് ഒററയ്ക്കൊററയ്ക്കുനിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തിൽനിന്നു ഇന്ത്യയെ രക്ഷിക്കാൻ സാധിക്കയില്ല. ഇന്ത്യക്കിന്നാവശ്യം ഒരു പൊതുധാർമ്മികസമരനിരയാണ്. കോൺഗ്രസ്സുകാരനും പ്രജാസോഷ്യലിസ്റ്റുകാരനും മുസ്ലിംലീഗുകാരനും ഹിന്ദുസഭക്കാരനും ദ്രാവിഡകഴകത്തിനും ആർ. എസ്സ്. എസിനും, എൻ. എസ്സ്. എസിനും, എസ്സ്. എൻ. ഡി. പി. ക്കും, കത്തോലിക്കാകോൺഗ്രസിനും ഒരിടത്തുകൂടി ഒന്നിച്ചിരുന്നാലോചിച്ച് പൊതുശത്രുവിനെതിരായി മുന്നേറേണ്ട ഒരു സമരാങ്കണംവേണം. സർവ്വേന്ത്യാ കമ്മ്യൂ. വി. മുന്നണി എന്ന സാമൂഹികസാംസ്കാരിക സംഘടനയ്ക്കു് ഈ ദൗത്യം ഫലപ്രദമായി നിറവേററാൻ സാധിക്കും. ഇന്ത്യയിലിന്നു തലപൊക്കിയിരിക്കുന്ന സങ്കുചിതവർഗ്ഗീയശക്തികളും അധികാരവടംവലികളും അപ്രത്യക്ഷമാകാനുള്ള ഒരു പരോക്ഷപ്രവണതക്കൂടി ഇങ്ങനെയുള്ള ഒരു സാംസ്കാരിക സംരംഭത്തിൽനിന്നു സമുൽഭൂതമാകും.

### അട്ടിമറിപ്പൻ പ്രസ്ഥാനം

കമ്മ്യൂണിസ്റ്റുപാർട്ടി ഒരു പ്രത്യേകരാജ്യത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങി പ്രവർത്തിക്കുന്ന ഒരു പാർട്ടിയല്ല. വാസ്തവം പറഞ്ഞാൽ അതൊരു തനി രാഷ്ട്രീയപ്പാർട്ടിയല്ല. സാമൂഹികവും സാംസ്കാരികവും സിദ്ധാന്തപരവുമാണ് കമ്മ്യൂണിസ്റ്റുകളുടെ ലക്ഷ്യം. ഒരു സാമൂഹികവിപ്ലവത്തിനായി സുശിക്ഷിതമായ പരിപാടികളോടുകൂടി മുന്നേറുന്ന ഒരു അന്തർദ്ദേശീയ അട്ടിമറിപ്പൻ പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റുപാർട്ടി, അഥവാ കൊമിൻഫോം. രാഷ്ട്രീയവേദിയിൽ എന്നതിനെക്കാൾ സാമൂഹികസാംസ്കാരികമൂല്യങ്ങളിലാണ് അവർ ആക്രമണം നടത്തുന്നതു്. ഒരു പ്രത്യേകമന്ത്രിസഭയും ഭരണകൂടവുമല്ല പിന്നെയോ ഒരു പ്രത്യേക സാമൂഹികസിദ്ധാന്തവും അതിന്റെ വികസനവുമാണ് സഖാക്കളുടെ ലക്ഷ്യം. സനാതനമെന്നും സാർവ്വലൗകികമെന്നും നാം പറയുന്ന മാനുഷികമൂല്യങ്ങളെ ഒന്നടങ്കം തകിടംമറിച്ചുകൊണ്ടു് ഒരു പുതിയ തത്വസംഹിതയും ആദർശവും പുനഃസ്ഥാപിക്കുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാതലായ പ്ലാൻ.

### എന്തിനാണു വിരുദ്ധമുന്നണി?

അഖിലലോകവ്യാപകമായ ഈ സാംസ്കാരികധാർമ്മിക വിപത്തിനെ ഉച്ചാടനംചെയ്യാൻ ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊ

*Thanksgiving*

to Sister Alphonsa



By Mrs. R. K., Trichur

ണ്ടുമാത്രം പ്രവർത്തിച്ചാൽ പോരാ. കോൺഗ്രസ്സിൽ പ്രവർത്തിക്കുന്ന ഒരു സുഹൃത്തു് ചോദിക്കുന്നു: "എന്തിനാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി. ഞങ്ങൾക്കു കോൺഗ്രസ്സുണ്ടല്ലോ, അതു പോരേ" എന്നു്.

കോൺഗ്രസ്സ് ഒരു പ്രത്യേക രാജ്യത്തിന്റെ ഒരു പ്രത്യേക ദേശീയ രാഷ്ട്രീയപാർട്ടിയാണ്. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയോ എന്നാൽ അത്യുന്നതവും അതിവിശാലവുമായ ഒരു അന്താരാഷ്ട്രീയസാംസ്കാരികമണ്ഡലത്തിന്റെ ഘടകമാണ്. സാർവ്വലൗകികമായ മാനുഷികമൂല്യങ്ങളുടെ കാവൽഭടന്മാരാണ് നാം. ഹിമാലയത്തിന്റെ ഉയരവും അത്ലാൻറിക്കിന്റെ ആഴവും സഹാറായുടെ പരപ്പും ഒന്നിച്ചിണങ്ങിയ ഒരു സാംസ്കാരിക സാമൂഹികസംഘടനയ്ക്കു് കൊമിൻഫോമിന്റെ കുത്സിതവലകളെ പൊട്ടിച്ചെറിയാനാകൂ. ഇന്നു ഇന്ത്യയുടെ ഏറെയും ദേശീയശിഥിലീകരണത്തിന്റെ കൂടാരമായിരിക്കുകയാണ്. ഏഴുപത്തഞ്ചു രാഷ്ട്രീയപാർട്ടികൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുണ്ടായി. സ്വതന്ത്രന്മാരും പരമസ്വതന്ത്രന്മാരും വേറെ. കമ്മ്യൂണിസ്റ്റുകളും മാർക്സിസ്റ്റുകളും ഇതിൽ വിരലുകൊണ്ടു് എണ്ണാനേയുള്ളു. ബാക്കി എല്ലാം ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരും കമ്മ്യൂണിസ്റ്റ് വിരുദ്ധചേരിക്കാരുമാണ്. ഇവരെയൊക്കെ ഒരു മേശയ്ക്കുചുററും ഇരുത്തി ചിന്തിപ്പിക്കാനും സംസാരിപ്പിക്കാനും സമർത്ഥമായ ഒരു സംഘടന ഇന്ത്യയിലുണ്ടാകണം. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനു് ഈ ദൗത്യം ഏറെറടുക്കാൻ സാങ്കേതികവും സംഘടനാപരവുമായ ചില പ്രതിബന്ധങ്ങൾ കാണും. എന്നാൽ അഖിലേന്ത്യാ വ്യാപകമായ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കു് ഇക്കാര്യം ക്ഷിപ്രസാദ്ധ്യമാണ്. ഒരൈക്യഭാരതത്തെ ജനിപ്പിക്കുവാനും കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കെതിരായി ഒരൊററ നൂലിൽ കോർത്ത പൂക്കളെപ്പോലെ ഇന്ത്യയിലെ വിവിധ പാർട്ടികളേയും സമുദായങ്ങളേയും സമ്മേളിപ്പിക്കാനുമുള്ള ധാർമ്മികചുമതല അഖിലേന്ത്യാ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഏറെറടുക്കാൻ പോകയാണ്. അങ്ങനെ എല്ലാ പാർട്ടികൾക്കും ഗ്രൂപ്പുകൾക്കും അതതിന്റെ വ്യക്തിത്വം നഷ്ടപ്പെടുത്താതെ ഇന്ത്യയുടെ പൊതുശത്രുവിനെതിരായി അണിനിരക്കാൻ സാധിക്കും.

ഫാത്തിമാ മാതാവിന്റെയും ഔസേപ്പു പിതാവിന്റെയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമായാചനം.

മിസ്സിസ് മേരി പോൾ
ചേററുപുഴ, തൃശ്ശൂർ

അടുത്ത മദ്ധ്യവേനൽക്കാലത്തു മദ്രാസിലോ ബോംബെയിലോ വെച്ചു സമ്മേളിക്കുന്ന അഖിലേന്ത്യാകമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കൺവെൻഷൻ ഇന്ത്യയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ എഴുതിച്ചേർക്കുമെന്നാണ് എന്റെ വിശ്വാസം. മലനാടിന്റെ മണ്ണിൽനിന്നു മുളച്ചുപൊങ്ങി പശ്ചിമഘട്ടത്തിനപ്പുറത്തേക്കു പടന്നു് ആൻറി കമ്മ്യൂണിസ്റ്റ് ഫ്രണ്ടു് ഇതിനകം നിഷ്കാമസേവനത്തിന്റെ നിർമ്മലമേഘങ്ങളുള്ള സാംസ്കാരികസൗരഭ്യത്തിന്റെ മോഹനസുമങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. എ. സി. എഫിന്റെ ഓരോ സെല്ലിന്റെയും ആഭിമുഖ്യത്തിൽ നിസ്വാർത്ഥസേവനത്തിന്റെ നിറകുടങ്ങളായ വാളണ്ടിയർമാരുണ്ട്. ഈ ധാർമ്മികസേനയുടെ സാമൂഹികസേവനം അവശരും ആർത്തരുമായ ജനലക്ഷങ്ങളെ സമുദ്ധരിക്കുന്നു. വയോജനവിദ്യാകേന്ദ്രങ്ങൾ നാം നടത്തുന്നു. കുടിൽവ്യവസായങ്ങൾ നാം പരിപോഷിപ്പിക്കുന്നു. നിരത്തുകൾ വെട്ടുന്നു. രോഗികളെ ശുശ്രൂഷിക്കുന്നു. തൊഴിലാളിസംഘടനകളും കലാസമിതികളും പ്രോത്സാഹിപ്പിക്കുന്നു. കേരള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയെപ്പോലെ ഈ ചുരുങ്ങിയ കാലപരിധിക്കുള്ളിൽ ഇത്രയധികം സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള ഒരു സംഘടന കേരളത്തിലോ ഭാരതത്തിലോ ഇല്ലെന്നു എല്ലാവരും സമ്മതിക്കുന്നു.

ൾ പുണ്യമുള്ളവരാണെന്നു ധരിച്ചുവച്ചിരിക്കുന്നതുകൊണ്ടാണ് സ്വന്തകുററത്തെക്കുറിച്ചുള്ള ബോധം ഉണ്ടാകാതെപോകുന്നതു്. മറെറന്തെങ്കിലും ഒരുപാധിമാത്രം അന്ത്യമായികരുതുന്നവരെപ്പററിയും ഇതുതന്നെ പറയാം.

യഥാർത്ഥപരിപൂർണ്ണത എന്തിൽ അടങ്ങിയിരിക്കുന്നു എന്നു് അടുത്തതിൽ.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

*Just Received*

WEDDING SAREES

WHITE HALL

The Silk Palace

DIRECT IMPORTERS

MATTANCHERRY Cochin | BROADWAY Ernakulam

Maximum Sarees Minimum Price is Our Motto

Book Review

## The Hidden Gem

(Alias: Sister Alphonsa by Mr. K. C. Chacko, pp. 26 + XII, Price 12 as. For copies apply to Rev. Fr. T. C. Joseph, Procurator, St. Mary's Church, Bharananganam)

This silvery brochure is a summary of the author's bigger life of Sr. Alphonsa with a note on Malabar Catholics intended for foreign readers. The main chapter of the book is a study of the sayings and devotions of the much revered Sister. Here is a most happy saying of the Sister culled from her words to the novices who came to see her on the eve of their perpetual profession:

"On the day of her solemn profession, Saint Margaret Mary went up to the crucifix in the courtyard. The rose tree that entwined the figure was full of flowers. Our Lord told her: Embrace and kiss it. She did so. 'Repeat it every day', Our Lord continued, 'Now it is laden with flowers but in time they will fall—only the thorns will remain. They will pierce you through. Even then you must embrace and kiss it as you do now.' You have only commenced your religious life. Now it is not very difficult for you, but as days go by, you will have more crosses. Love and embrace them then as well."

English readers will surely welcome this brief life of a great soul who has become a favourite of almost all in India and of many abroad. Mr. Chacko has shown by his voluminous writings that he has a facile pen. Sr. Alphonsa has blessed him in many things and so he writes with deep feelings that are the outcome of genuine conviction. May the author's labour of love bear ample fruit.

(Fr. Thomas, Mootheden)

## വീട്ടപകടങ്ങൾ

(ശിവറാം)

"കെട്ടത്താതെ വലിച്ചെറിഞ്ഞ ഒരു സിഗററുകുററി ഒരു നഗരം മുഴുവൻ ചാമ്പലാക്കി"; "അലക്ഷ്യമായി മണ്ണെണ്ണവിളക്കുംകൊണ്ടു് വരാന്തകയറിയ പാറുക്കുട്ടിയുടെ ഉണങ്ങാനിട്ടിരുന്ന മുണ്ടിനു തീപിടിച്ചു. അവളുടെ വീടുമുഴുവൻ ഒന്നോടെ കത്തിയെരിഞ്ഞു"; "അടുപ്പത്തു തിളച്ചുകൊണ്ടിരുന്ന എണ്ണയ്ക്കു തീപിടിച്ചതിന്റെ ഫലമായി മറെറാരുവീടു് അഗ്നിക്കിരയായി"; "ബെസ്റ്റിലേക്കു് പെട്രോൾ ചോർത്തിക്കൊണ്ടിരുന്നപ്പോൾ തീപ്പെട്ടി ഉരച്ചു വിടാൻ ഒരു ബസ്സും പെട്രോൾ ബങ്കും പത്തുപതു യാത്രക്കാരെയും കത്തിച്ചുകളഞ്ഞു" ഇങ്ങനെ നിത്യജീവിതത്തിൽ മർമ്മഭേദകമായ കഥകൾ പലതും നാം കേൾക്കുന്നുണ്ടു്. സംഭവം നടന്നതു് അടുത്തെവിടെയെങ്കിലുമാണെങ്കിൽ, "ഹൊ! കഷ്ടമായിപ്പോയി കേട്ടോ" എന്നൊരു അനുശോചനവാചകം തട്ടിവിട്ടേക്കും. അതങ്ങകലെ നമ്മുടെ ഭൂമിശാസ്ത്ര ജ്ഞാനത്തിനപ്പുറമാണെങ്കിൽ, "ഓ, അങ്ങനെ സംഭവിച്ചു—അതിനിപ്പം നമ്മളെന്തുവേണം" എന്നൊരു അലസസമാധാനവും പുറപ്പെടുവിക്കും. എന്നാൽ മനുഷ്യരുടെ ജീവനും അവരദ്ധ്വാനിച്ചുണ്ടാക്കിയ ധനവും മററുമാണു് ഒരു നിമിഷത്തെ ആലോചനക്കുറവു് നശിപ്പിച്ചതെന്നോർമ്മിക്കയും അന്യസ്ഥലങ്ങളിലുണ്ടായതായറിയപ്പെടുന്ന അപകടങ്ങൾ അടുത്തുണ്ടാകാതെ വേണ്ട മുൻകരുതലുകൾ കൈക്കൊള്ളുകയും നാം ചെയ്യേണ്ടതാണു്.

വലിയ തോതിലൊന്നുമല്ലെങ്കിലും, ഈ അടുത്തദിവസം പൊട്ടങ്ങാട്ടെ പൗലോസിനൊരു പററു പററി. പറെറന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ ചിന്തയില്ലായ്മ വരുത്തിവച്ച ഒരു അപകടവും അതിനെത്തുടർന്നുണ്ടായ നഷ്ടവുമാണു്. വീടിന്റെ തെക്കുവശത്താണു് പൗലോസിന്റെ കിടപ്പുമുറി. മുറിക്കു മോടികൂട്ടാനദ്ദേഹം പണം കുറെ മുടക്കിയിട്ടുണ്ടു്. സിൽക്കുകുഷനുകൾ, മേശവിരിപ്പു്, വിൻഡോകർട്ടൻ, നല്ല സ്ക്രീൻ ഇതെല്ലാം ആ മുറിയിൽ കേറുന്ന ഒരുവനെ പെട്ടെന്നാകർഷിക്കും. പൗലോസ് കിടക്കുന്ന കട്ടിലിനടുത്തുതന്നെ ഒരു വലിയ രൂപം കസവുമാലയെല്ലാം ധരിപ്പിച്ചു ചുവരിൽ തൂക്കിയിരിക്കയാണു്. അന്നു വാസനയേറിയ കുറെ ചന്ദനത്തിരി അങ്ങാടിയിൽനിന്നും പൗലോസ് വാങ്ങിയിരുന്നു. സംഭവദിവസം രാവിലെ കുളിയെല്ലാം കഴിഞ്ഞു് പുതുവസ്ത്രങ്ങൾ ധരിച്ചു് അമ്മാവന്റെ വീട്ടിലേക്കു പോകാനൊരുങ്ങുകയാണു്. മുറിയിൽ രൂപത്തിനുമുമ്പിൽ അഞ്ചാറു ചന്ദനത്തിരി കത്തിച്ചുവച്ചു. ആ അന്തരീക്ഷമെല്ലാം പിച്ചിപ്പൂവിന്റെ സൗരഭ്യം പകർന്നു. അത്ര നല്ലതായിരുന്നു ആ ചന്ദനത്തിരികൾ. കുറെ നല്ല വാസന അനുഭവിച്ചശേഷം പൗലോസ് മുറിപൂട്ടി പടികടന്നു്, കുടനിവർത്തി, മുണ്ടിന്റെ തുമ്പും പൊക്കിപ്പിടിച്ചു് യാത്രയായി. സ്വന്തം വെട്ടിലും ചിട്ടയിലും അച്ചടക്കത്തിലുമൊക്കെ അല്പം അഭിമാനംതന്നെ പൗലോസിനുണ്ടായിരുന്നു.

അമ്മാവന്റെ വീട്ടിലെത്തി, വിരുന്നൂണും കഴിച്ചു്, അവിടത്തെ വല്യമ്മയേയും കൂട്ടിക്കൊണ്ടു് നേരം വൈകുന്നേരമായപ്പോഴാണു് പൗലോസ് തിരിച്ചു വീട്ടിൽ വന്നതു്. വീട്ടിലെത്തിയശേഷം സ്വകാര്യമുറി തുറന്നു. അവിടെയെന്താണു കണ്ടതു്? സിൽക്കു് കുഷനുകൾ, കിടക്ക, മേശമേൽ വച്ചിരുന്ന പുസ്തകങ്ങൾ, സ്ക്രീനിന്റെ പകുതിയും ഇത്രയും കത്തിയെരിഞ്ഞു ചാമ്പലായിക്കിടക്കുന്നു.

പൗലോസ് വാവിട്ടുകരഞ്ഞുപോയി വീട്ടിലുണ്ടായിരുന്നവരെല്ലാം കൂടുതൽ അനിഷ്ടസംഭവങ്ങളുണ്ടാകാതിരുന്നതിൽ ദൈവത്തെ സ്തുതിച്ചു.

കത്തിക്കൊണ്ടിരുന്ന ചന്ദനത്തിരി ഒടിഞ്ഞു കിടക്കയിൽവീണു് എളുപ്പം പഞ്ഞിക്കു് തീപകർന്നുകൊടുത്തു. അതു നീറിനീറി പടർന്നു കുഷനും പുസ്തകങ്ങളും സ്ക്രീനിന്റെ ഭാഗവും എല്ലാം കത്തിച്ചുകരിച്ചു ചാമ്പലാക്കി. ഇരുമ്പുകട്ടിലും ദൂരെക്കിടന്ന കസേരയുമൊന്നും കത്തിയില്ല. ആ മുറിയിൽ തീ കൂടുതൽ നാശം വരുത്തിയില്ല. അതു മഹാ ഭാഗ്യമായിക്കരുതാം. കുഞ്ഞുപൗലോസിന്റെ ആലോചനക്കുറവും അതു വരുത്തിയ നാശവും മററനേകം പൗലോസുമാർക്കും അന്തോണിമാർക്കും കുട്ടനും നാരായണനും കൃഷ്ണനും മേരിക്കും ത്രേസ്യക്കുമെല്ലാം ഒരു പാഠമായിരിക്കട്ടെ. കത്തുപിടിക്കുന്ന സാധനങ്ങളുടെ മുകളിൽ ചന്ദനത്തിരികൾ കത്തിച്ചുവെച്ചിട്ടുപോകരുതേ!! ശരിയായി നിയന്ത്രിക്കുന്നെങ്കിൽ തീ നമ്മുടെ ഉത്തമഭൃത്യനും മറിച്ചായാൽ ഭയങ്കരശത്രുവുമാണെന്നു് ഓർമ്മിച്ചു പെരുമാറുക.



മുറിപൂട്ടി പടികടന്നു്......യാത്രയായി.

## വിദേശ വൃത്താന്തങ്ങൾ

പരേതനായ റിച്ചാർഡ് ഡൗണി മെത്രാപ്പോലീത്താ ഒരു പണ്ഡിതനും പ്രാസംഗികനുമായിരുന്നതുപോലെതന്നെ ഒരു നല്ല ധനകാര്യതന്ത്രജ്ഞനുമായിരുന്നു. അനാവശ്യമായി ധനവ്യയം ചെയ്യാതിരിക്കാൻ അദ്ദേഹം എപ്പോഴും നിഷ്കർഷിച്ചിരുന്നു. അതിനാൽ മരിക്കുമ്പോൾ അദ്ദേഹത്തിനു 55,000 പവന്റെ ആസ്തി അവശേഷിച്ചിരുന്നു. ഈ വൻതുകയിൽ വ്യക്തിപരമായ ചില ചില്ലറദാനങ്ങൾ കഴിച്ചു ബാക്കിയെല്ലാം, ലിവർപ്പൂൾ കത്തീഡ്രൽപണിക്കു വിനിയോഗിക്കുന്നതിനാണു് അദ്ദേഹം തന്റെ മരണപത്രപ്രകാരം നിശ്ചയിച്ചിരിക്കുന്നതു്. ലോകത്തിലെ രണ്ടാമത്തെ വലിയ പള്ളിയായി അദ്ദേഹം പണിതുടങ്ങിയ ആ ബ്രഹ്മാണ്ഡദേവാലയത്തിന്റെ പണി ഇനിയും വളരെയധികം തീരേണ്ടതായിട്ടുണ്ടു്.

### പോളിഷ് മർദ്ദനത്തെപ്പററി ഡഗ്ലസ് ഹൈഡ്

കമ്മ്യൂണിസ്റ്റുതന്ത്രങ്ങളെല്ലാം അവരുടെ ഉള്ളറയിലിരുന്നു പരിശീലിച്ചിട്ടുള്ള ഡഗ്ലസ് ഹൈഡ് വാഷിംഗ്ടണിൽവച്ചു ഈയിടെ ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞു: പോളണ്ടിൽ ഇപ്പോൾ അഴിച്ചുവിട്ടിരിക്കുന്ന മർദ്ദനം കമ്മ്യൂണിസ്റ്റുകാരുടെ പരാജയസമ്മതമാണു്. പൗരസ്ത്യയൂറോപ്പിൽ അവരുടെ നയം ഒന്നു മയപ്പെടുത്തിനോക്കി. അതു ഫലിക്കാതെയാണു് വന്നതെന്നു സ്പഷ്ടമായി. അതിനാൽ അവിടെ മർദ്ദനം രൂക്ഷതരമാക്കണമെന്നു അദ്ദേഹം തീർച്ചപ്പെടുത്തിയിരുന്നതാണു്. മലെങ്കോവു് ആ നിശ്ചയം പ്രായോഗികമാക്കിക്കൊണ്ടുവരികയാണെന്നേയുള്ളു.

### കെനിയാ വിപ്ലവകാരികൾ അടങ്ങിയിട്ടില്ല

കെനിയായിൽ ഇമേൻറി എന്ന സ്ഥലത്തെ കത്തോലിക്കാ മിഷൻഭവനത്തിൽ ആയുധധാരികളായ അറുപതോളം മാവുമാവു വിപ്ലവകാരികൾ ഒരു രാത്രി ചെന്നുകയറി. 61 വയസ്സുള്ള എവുജേനം കവാല്ലോ എന്ന കന്യാസ്ത്രീയുടെ ഇടതുകരം ഛേദിച്ചശേഷം തല തല്ലിത്തകർത്തുകളഞ്ഞു. 22 കൊല്ലത്തോളം ആഫ്രിക്കാക്കാർക്കുവേണ്ടി സേവനമനുഷ്ഠിച്ച ഒരു സുകൃതിനിയാണു് ഈ കന്യക. പള്ളിമുറിയിൽതാമസിച്ചിരുന്ന ഫാദർ എഡ്മോൺഡോ കവിച്ചിയേയും അവർ മുറിപ്പെടുത്തി. എങ്കിലും അദ്ദേഹം ഓടി രക്ഷപെട്ടു. പിടിച്ചെടുത്ത ഒരു കന്യാസ്ത്രീയേയുംകൊണ്ടു് അവർ മടങ്ങുകയിൽ സ്ഥലനിവാസികളായ ക്രിസ്ത്യാനികളും ഏതാനും മിഷനറിമാരുംചേർന്നു് വിപ്ലവകാരികളെ എതിർക്കയാൽ കന്യാസ്ത്രീയെ വിട്ടയച്ചിട്ടു് അവർ പലായനംചെയ്തു. കമ്മ്യൂണിസ്റ്റുകാർ ഈ ലഹളക്കാരെ ഇളക്കിവിട്ടുകൊണ്ടു് അവിടെ സ്വാതന്ത്ര്യം ഉറപ്പിക്കാൻ ശ്രമിച്ചുവരികയാണു്.

### കമ്മ്യൂണിസ്റ്റുകാരിൽനിന്നു നാം കണ്ടുപഠിക്കേണ്ടതു്

അമേരിക്കയിൽ ബോസ്റ്റൺ അതിരൂപതയുടെ മെത്രാപ്പോലീത്തായായ റിച്ചാർഡ് കുഷിങ്ങ് തിരുമേനി ഒരു മഹാസമ്മേളനത്തിൽ പ്രസംഗിക്കയിൽ പ്രസ്താവിച്ചു: "കമ്മ്യൂണിസം ആപാദചൂഡം ദുഷിച്ചതാണു്. എങ്കിലും അവരിൽനിന്നു മൂന്നു കാര്യങ്ങൾ നമുക്കു കണ്ടു പഠിക്കാനുണ്ടു്. അതായതു്, അവരുടെ ഉദ്ദേശസാദ്ധ്യത്തിനായുള്ള തീക്ഷ്ണത, അനന്യസാധാരണമായ ഐക്യത, നേതാവിന്റെനേർക്കുള്ള അചഞ്ചലമായ വിശ്വസ്തത. കത്തോലിക്കർക്കും ജനാധിപത്യരാജ്യങ്ങൾക്കും ഈ ഗുണങ്ങളുടെ ഒരംശമെങ്കിലും ഉണ്ടായിക്കഴിഞ്ഞാൽ നാം ജയിച്ചുതന്നെ."

### കമ്മ്യൂണിസ്റ്റുകാരുടെ "തലച്ചോറു കഴുകൽ"

കമ്മ്യൂണിസ്റ്റു് ചൈനായിൽ തടങ്കലിലാക്കപ്പെടുന്നവരുടെ "തലച്ചോറു കഴുകുക" എന്നൊരുമർദ്ദനകർമ്മം നടക്കുന്നതായി നാം പലപ്പോഴും വായിച്ചുകേട്ടിട്ടുണ്ടല്ലോ. ബിഷപ്പു് ഫർഡ്ലർ ഷീൻ ഒരു ലേഖനമദ്ധ്യേ അതു ഇങ്ങനെ വിവരിക്കുന്നു: "തലയ്ക്കു മുകളിലേക്കു കൈകൾ രണ്ടും ഉയർത്തിപ്പിടിച്ചുകൊണ്ടു് തുടർച്ചയായി 72 മണിക്കൂർ നേരത്തേക്കു് ഒരു പുള്ളിയെ അവർ നിറുത്തുന്നു. അനന്തരം അര മണിക്കൂർ ഉറക്കം അനുവദിക്കുന്നു. വീണ്ടും മേല്പറഞ്ഞ പരിപാടി ആവർത്തിക്കുന്നു. നാലാഴ്ചത്തേക്കു ഈ ബന്ധനത്തിനു വിധേയയായ ഒരു സ്ത്രീ പറയുന്നു: "ഇംഗ്ലീഷ് ഭാഷയുടെ ഒരു വാക്കുപോലും അതിൽപ്പിന്നെ എനിക്കു അറിഞ്ഞുകൂടാതായി." മനുഷ്യബോധത്തിൽനിന്നു മാററിവുകളെല്ലാം നിഷ്കാസനം ചെയ്തു്, പകരം കമ്മ്യൂണിസ്റ്റു് തത്വങ്ങൾകുത്തിച്ചെലുത്താനാണു ഈ നടപടികളുടെ ഉദ്ദേശം. "പുറത്തു മഴ പെയ്തുകൊണ്ടിരിക്കുന്നു" എന്നു് ഇരുട്ടുശപരിശീലനത്തിനിടയ്ക്കു് ആയിരംപ്രാവശ്യം ആവർത്തിച്ചുപറവാൻ തടവുകാരനായ ഒരു അമേരിക്കൻഭടനെ അവർ നിർബന്ധിച്ചു. ലേശംപോലും മഴ പെയ്തിരുന്നതല്ല എങ്കിലും അവൻ അതു ആവർത്തിച്ചു. അനന്തരം "അമേരിക്ക സാമ്രാജ്യമോഹിയാണു്" എന്നു പറവാൻ ആജ്ഞാപിക്കപ്പെട്ടു. അയാൾ അതു പറഞ്ഞില്ല. അതിനാൽ മഴയുടെ പല്ലവി വീണ്ടും പറയിച്ചു നാലു മണിക്കൂർ നേരത്തേക്കു അതു ഉരുവിട്ടുകഴിഞ്ഞപ്പോൾ "അമേരിക്ക സാമ്രാജ്യമോഹിയാണു്" എന്നയാൾ അറിയാതെതന്നെ ഉച്ചരിച്ചുതുടങ്ങി. ഇതാണു് തലച്ചോറു കഴുകലിന്റെ പദ്ധതി പ്രയോഗിക്കുന്ന വിധം......"

### ബ്രിട്ടീഷ് പാർലമെൻറിൽ ഒരു കത്തോലിക്കൻകൂടെ

നോട്ടിങ്ങാംഷയറിലെ ഒരു പാർലമെൻറുമെമ്പർ ഈയിടെ നിര്യാതനായതിനെത്തുടർന്നു് അവിടെ ഉപതിരഞ്ഞെടുപ്പുണ്ടായി. യാഥാസ്ഥിതികകക്ഷിയിൽപ്പെട്ട ആൻറണി ഗോർമൻ എന്ന കത്തോലിക്കനാണു തിരഞ്ഞെടുക്കപ്പെട്ടതു്. ബ്രിട്ടീഷ് പാർലമെൻറിൽ മറേറതുകാലത്തേയുംകാൾ കൂടുതൽ കത്തോലിക്കാമെമ്പർമാർ ഇത്തവണയുണ്ടെന്നുള്ളതു ശ്രദ്ധാർഹമാണു്.

### ജർമ്മൻകത്തോലിക്കരുടെ ഭവനനിർമ്മാണപദ്ധതി

യുദ്ധാനന്തരം ഭവനരഹിതർക്കായി വീടുകൾ പണിചെയ്തുകൊടുക്കുന്നതിനുള്ള ഒരു ഏജൻസി ജർമ്മനിയിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഇതിനകം അമ്പതിനായിരത്തോളം വീടുകൾ അവർ പണിതിട്ടുള്ളതായി കാണുന്നു. അതിൽ 70 ശതമാനവും കുടുംബസഹിതം പാർക്കുന്ന ആളുകൾക്കാണു് നൽകപ്പെട്ടിരിക്കുന്നതു്. കഴിഞ്ഞ ഒരു കൊല്ലംതന്നെ പന്തീരായിരം ഭവനങ്ങളാണു് അവർ നിർമ്മിച്ചിട്ടുള്ളതു്. അവയിൽ അമ്പതിനായിരത്തോളം ജനങ്ങൾ അധിവസിച്ചുവരുന്നു.

### ഹിമാലയത്തിന്റെ ആദ്യപടം ജസ്വീററു് മിഷനറിമാർ നിർമ്മിച്ചു

1717-ൽ ചൈനാഗവർമ്മെൻറു് ആവശ്യപ്പെട്ടതനുസരിച്ചു് ഏതാനും ഫ്രഞ്ചു ജസ്വീററു് മിഷനറിമാരാണു് ഹിമാലയപർവ്വതത്തിൽ ആദ്യമായി ഒരു പര്യവേഷണം നടത്തിയതു്. ചൈനാസാമ്രാജ്യത്തിന്റെ അതിർത്തിയിൽനിന്നു് 50 മൈൽ നീളത്തിലുള്ള പർവ്വതനിരയുടെ ഒരു സർവ്വേ നടത്തി അതിന്റെ ഒരു പടവും അവർ ഉണ്ടാക്കിയെടുത്തു. എവറസ്റ്റു കൊടുമുടിയും അതിൽ അവർ രേഖപ്പെടുത്തുകയും, ലോകത്തിലേക്കും ഉയർന്ന ഗിരിശിഖരം അതാണെന്നു അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. ഹിമാലയത്തിന്റെ ഇന്നും സുപ്രസിദ്ധമായ ഒന്നാമത്തെ പടം ഇതാണു്. ആ പ്രദേശത്തെ ഭാഷാപദങ്ങളെടുത്തു ഹിമാലയം എന്നർത്ഥമുള്ള "ത്ക്കാവുമാവു് ലാർക്ക്മാ" എന്ന അഭിധാനം അതിനു നൽകിയതും അവർതന്നെയാകുന്നു.

### ആധുനികമനുഷ്യനു കുടുംബത്തിൽ സമയമില്ല

ബോസ്റ്റണിലെ കുഷിങ്ങ് മെത്രാപ്പോലീത്താ ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ഇക്കാലത്തെ മനുഷ്യനു് സ്വന്തവീട്ടിൽ പാർക്കുന്നതിനു സമയം കിട്ടുന്നില്ലെന്നുള്ളതു അത്യന്തം പരിതാപകരമായിരിക്കുന്നു. വല്ല ആസ്പത്രിയിലുമായിരിക്കും അവന്റെ ജനനം, നഴ്സുമാരുടെ ഭവനങ്ങളിൽ വളരുന്നു. വർഷകാലത്തു വിദ്യാലയമന്ദിരങ്ങളിൽ കഴിച്ചുകൂട്ടുന്നു. വേനല്ക്കാലത്തു് വല്ല സമ്മർക്യാമ്പിലും കാലം കഴിക്കുന്നു. അതുകഴിഞ്ഞാൽ രാത്രികാലങ്ങൾ മിക്കപ്പോഴും സ്നേഹിതന്മാരോടുകൂടി ക്ലബ്ബുകളിലും ഹോട്ടലുകളിലുമായിരിക്കും. സുഖമുള്ളപ്പോഴെല്ലാം ഏറിയപങ്കും കാറിലും ജീപ്പിലുമായി കഴിഞ്ഞുകൂട്ടുന്നു. സുഖക്കേടായാൽ ആസ്പത്രികളിലായിരിക്കും വാസം. മരിച്ചുകഴിഞ്ഞാൽ അവിടെനിന്നു സിമിത്തേരിയിലേക്കും കൊണ്ടുപോകുന്നു. തപാലുവന്നോ എന്നും അടുത്ത പരിപാടി എവിടെയായിരിക്കണമെന്നും അന്വേഷിക്കുന്നതിലേക്കു ഇടയ്ക്കു വീട്ടിലും ഒന്നു കയറിയിറങ്ങുന്നുണ്ടാകും. കുടുംബത്തിന്റെ പരിപാവനസ്ഥിതി ഇങ്ങനെ ശിഥിലമായിത്തീർന്നിരിക്കുന്നു."

### നഗരങ്ങളും ഗ്രാമങ്ങളും—ബെല്ലക്കിന്റെ വിശകലനം

ഗ്രാമീണജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് ഹിലെയർ ബെല്ലക്ക തന്റെ ഒരു ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ഏററം വിവേകമതികളായ മനുഷ്യർ ആരാണു്? മണ്ണിനോടു വേല ചെയ്യുന്നവരും, അവരുടെ പൂർവ്വികന്മാർ അങ്ങനെ വേലചെയ്തിട്ടുള്ളവരുംതന്നെ. മാനുഷികകാര്യങ്ങളിൽ ഈ പ്രവൃത്തിക്കുള്ള മാഹാത്മ്യം ഗ്രഹിക്കാത്തവരാരോ, സംശയമില്ല, അവരാണു് ഏററം ബുദ്ധിഹീനർ. ഗ്രാമങ്ങളിലെ കാളധികം നഗരങ്ങളിലേക്കു എവിടെ ജനങ്ങൾ തിങ്ങിക്കൂടുന്നുവോ, അവിടെ പരിഷ്കാരം അസ്തമിക്കാൻ പോകയാണു്. ആ നഗരങ്ങൾ വലുതായി വലുതായി, ഗ്രാമങ്ങളുമായുള്ള സമ്പർക്കം നിലയ്ക്കുകയും, ഗ്രാമങ്ങളെ അവർ മറക്കുകയും ചെയ്യുമ്പോൾ അതു അസ്തമിച്ചെന്നു കരുതിക്കൊള്ളുക."

### അമേരിക്കൻമെത്രാൻ കപ്പലിൽവച്ചു മരിച്ചു

ഐക്യനാട്ടിൽ ഇയ്യോവാ രൂപതയുടെ മെത്രാനായ ഡോക്ടർ ജെറേമിയാ കൊസ്റ്റല്ലോ എന്നദേഹം അയർലണ്ടിലുള്ള അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളെ സന്ദർശിച്ചശേഷം ഒരു അമേരിക്കൻ കപ്പലിൽ മടങ്ങുകയായിരുന്നു. കപ്പൽ ന്യൂയോർക്കിൽ അടുത്തപ്പോൾ അദ്ദേഹം തന്റെ ക്യാബിനിൽ മരിച്ചുകിടക്കുന്നതായിട്ടാണു് കണ്ടതു്. ഹൃദയസ്തംഭനംമൂലമാണെന്നു പറയപ്പെടുന്നു. അദ്ദേഹത്തിനു 64 വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam December 16, 1953 No. 17

## വിവിധവൃത്താന്തങ്ങൾ

### കത്തോലിക്കാ ചാൻസലറിന്റെ ഉറച്ചനില

ജർമ്മനിയിലെ കത്തോലിക്കാ ചാൻസലറായ ഡോക്ടർ അഡെനോവെറിന്റെ നില, പുതിയ തിരഞ്ഞെടുപ്പോടെ പൂർവ്വവൽ സ്ഥിരീകൃതമായിരിക്കയാണ്. ഇതിനകം ജർമ്മനിക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള ധീരകൃത്യങ്ങൾ ജനങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നുണ്ടെന്നു തിരഞ്ഞെടുപ്പു പ്രത്യക്ഷമാക്കി. "ജനങ്ങൾ മുട്ടുമടക്കി കിടക്കുന്നതായി അദ്ദേഹം കണ്ടു. അവരെ അദ്ദേഹം എഴുന്നേല്പിച്ചുനിറുത്തി" എന്നു് ഐറിഷ് നേതാവായ ഡാനിയേൽ ഒക്കോണലിനെപ്പററി എഴുതപ്പെട്ടിരിക്കുന്നതു് ഇദ്ദേഹത്തിന്റെ വിഷയത്തിലും സാർത്ഥകമായിരിക്കുന്നു എന്നത്രെ ഒരു പാശ്ചാത്യവിമർശകൻ അഭിപ്രായപ്പെടുന്നതു്. കിഴക്കേ ജർമ്മനിയിൽനിന്നും തടിച്ചുകൂടിയ ഒരു കോടിയോളം അഭയാർത്ഥികൾക്കു സങ്കേതം നൽകിയ കാര്യംമാത്രം സ്മരിക്കുന്നതായാലും അദ്ദേഹത്തിന്റെ ഭരണപാടവം വിശദമാകും. അഭയാർത്ഥികക്ഷി എന്ന പുതിയ പേരിൽ 27 സീററുകളുള്ള ഒരു പാർട്ടിതന്നെ ഇന്നു ജർമ്മൻ പാർലമെന്റിലുണ്ടു. ജർമ്മനിയെ ഏകീകരിക്കുന്നതിലും, യൂറോപ്യൻ സംരക്ഷണസംരംഭത്തിൽ ജർമ്മനിയും പങ്കെടുക്കുന്ന കാര്യത്തിലും അഡെനോവെർ ചെയ്യുന്ന സമസ്തശ്രമങ്ങളുടെയും പിമ്പിൽ ഈ പാർട്ടികളെല്ലാമുണ്ടു്. ഇങ്ങനെ എല്ലാപ്രകാരത്തിലും അദ്ദേഹത്തിന്റെ നില ഉറച്ചുവരുന്നതു യൂറോപ്പിനുതന്നെ വലിയൊരു രക്ഷയാണു്.

### യു. എൻ. ഓ. യ്ക്കു പററിയ പ്രധാന കേട്

ഐക്യരാഷ്ട്രസംഘടനയുടെ നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു എന്ന മുറവിളി നാലുഭാഗത്തുനിന്നും കേൾക്കുന്നുണ്ടു്. അമേരിക്കൻ സ്റ്റേററു് സെക്രട്ടറി ഡള്ളസ് അതിലേക്കു് ഉററുശ്രമിച്ചുതുടങ്ങിയിരിക്കുന്നു. തത്സംബന്ധമായ ഒരു നിരൂപണത്തിൽ "ഐറിഷ് കാത്തലിക്" എന്ന പത്രം പറയുന്നു: "യു. എൻ. നിയമാവലിക്കു പററിയ ഏററം വലിയ കേടു് ദൈവത്തെ അതിൽനിന്നു ഒഴിച്ചുനിറുത്തിയതാണെന്നു ഇനിയെങ്കിലും ഓർത്താൽ കൊള്ളാം."

### ബെല്ലക്കും ചെസ്റ്റർട്ടനും

ബെല്ലക്കിന്റെ ചരമപ്രസംഗത്തിൽ ബിഷപ്പ് കൗഡെറോയി പ്രസ്താവിച്ചതായതു്: "ഇംഗ്ലണ്ടിൽ കത്തോലിക്കാ സാഹിത്യകാരന്മാരുടെയുംകത്തോലിക്കാസഭയുടെതന്നെയും അത്ഭുതപൂർവ്വമായ വികസനത്തിന്റെ കാലത്താണു് അദ്ദേഹം ജീവിച്ചതു്. നമ്മുടെ ചരിത്രത്തിന്റെ പേജുകളിൽ ബെല്ലക്കിന്റെയും ചെസ്റ്റർട്ടന്റെയും നാമങ്ങൾ അതുല്യശോഭയോടെ വിരാജിക്കും. നമ്മുടെ പിതാക്കന്മാരുടെ സഭയുടെ പുനരുദ്ധാരണത്തിന്റെയും, നമ്മുടെ പുരാതനമായ സഭയുടെ പൂർവ്വികമഹത്വത്തിന്റെ പുനഃസ്ഥാപനത്തിന്റെയും ധീരയോദ്ധാക്കളെന്ന നിലയിൽ അവരുടെ നേർക്കു നമുക്കുള്ള കടപ്പാടു് അവിസ്മരണീയമാണു്. ക്രിസ്തീയതത്വശാസ്ത്രത്തിന്റെ നിയമനങ്ങളെ പരിത്യജിച്ചുതുടങ്ങിയിരുന്ന ഈ ജനസഞ്ചയത്തിനുവേണ്ടി ഒരു പുതിയ പദ്ധതി നിർദ്ദേശിച്ചുകൊടുക്കയാണു ചെസ്റ്റർട്ടൻ ചെയ്തതു്. ബെല്ലക്കാകട്ടെ നമ്മുടെ പൂർവ്വകാലചരിത്രരംഗങ്ങളെ സജീവമായ യാഥാർത്ഥ്യത്തോടുകൂടി ചിത്രീകരിച്ചു. പൂർവ്വികമഹത്വങ്ങൾ പുനർജ്ജീവിക്കുന്നതുപോലെ അദ്ദേഹം പ്രദർശിപ്പിച്ചു. അതിനാൽ അതിലേക്കു പിന്തിരിയുന്നതിനു അനേകരെ അദ്ദേഹം പ്രേരിപ്പിച്ചു."

### ഇസ്രായേൽ ഗവമ്മെന്റ് കത്തോലിക്കനെ സ്മരിക്കുന്നു

അറുപതിനായിരം ജനങ്ങൾ നിവസിക്കുന്ന ഇസ്രായേലിലെ ഒരു ചെറിയ നഗരമാണു് റാമാത്തുഗാൻ. അവിടെയുള്ള യഹൂദന്മാരിൽ ഭൂരിപക്ഷവും ഇററലിയിൽനിന്നു മടങ്ങിയെത്തിയിട്ടുള്ളവരാണു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ആയിരത്തോളം യഹൂദന്മാരുടെ ജീവനെ ഇററലിയിൽവച്ചു രക്ഷിച്ചു ഡോക്ടർ പലാത്തുച്ചി എന്ന പോലീസുദ്യോഗസ്ഥന്റെ സ്മരണ ഈയിടെ ആ നഗരവാസികൾ കൊണ്ടാടിയിരിക്കുന്നു. ജർമ്മൻകാരെ ഏല്പിക്കുന്നതിനു് ആജ്ഞാപിക്കപ്പെട്ട മേല്പറഞ്ഞ യഹൂദന്മാർ രക്ഷപെട്ടുപോകുന്നതിനു ഈ പോലീസുദ്യോഗസ്ഥൻ സഹായിക്കയാണു ചെയ്തതു്. വിവരം അറിഞ്ഞതോടെ അദ്ദേഹത്തെ ഡാക്കാവു തടങ്കൽപ്പാളയത്തിലടച്ചു. അദ്ദേഹം അവിടെ കിടന്നു മൃതിയടയുകയുംചെയ്തു. നന്ദിസൂചകമായി നടത്തിയ ആഘോഷത്തിൽ ഇസ്രായേൽ മന്ത്രിസഭാംഗങ്ങളെല്ലാം സന്നിഹിതരായിരുന്നു. നഗരത്തിന്റെ ഒരു തെരുവിനു ഈ ഉദ്യോഗസ്ഥന്റെ നാമം നൽകപ്പെട്ടു. അദ്ദേഹത്തിന്റെ സംബന്ധിയായ ഒരു മെത്രാനും ഇററലിയിൽനിന്നു ആഘോഷങ്ങളിൽ സംബന്ധിക്കാൻ ആഗതനായിരുന്നു.

### ഹിററ്ലർ-മുസ്സോലിനി സ്മാരകവാതായനം

ഓസ്ത്രിയായിൽ ബ്രിട്ടീഷ് മേഖലയിലുള്ള ഗ്രാസ്സ് എന്ന സ്ഥലത്തെ ഇടവകപ്പള്ളിയുടെ ഒരു ചില്ലുജനാല ഇന്നു സംസാരവിഷയമായിരിക്കുന്നു. രണ്ടുകൊല്ലം മുമ്പു സ്ഥാപിച്ചതാണു പ്രസ്തുത ജനാല. എന്നാൽ ഹിററ്ലരുടെയും മുസ്സോലിനിയുടെയും മുഖങ്ങൾ അതിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു് ഇപ്പോൾമാത്രമേ ആളുകൾ കണ്ടുതുടങ്ങിയിട്ടുള്ളു. ക്രൂശാരോഹണത്തിന്റെ ഒരു ചിത്രമാണു ചില്ലിൽ വരച്ചിരിക്കുന്നതു്. ഭയവിഹ്വലരായി താഴെ നോക്കിനില്ക്കുന്ന ജനാവലിയുടെ ഇടയ്ക്കു ഹിററ്ലരേയും മുസ്സോലിനിയേയുംകൂടി ചിത്രകാരൻ ഉൾപ്പെടുത്തിയിരിക്കുന്നു. നാസി ഫസിസ്റ്റ് ചിഹ്നങ്ങൾ രണ്ടുപേരും ധരിച്ചിട്ടുണ്ടു്. കുരിശിനെ ഉററുനോക്കി അവരും നിലകൊള്ളുന്നു. പ്രൊഫസർ ആൽബർട്ട് ബർക്കിൾ എന്ന ചിത്രകാരനാണു് ഇതിന്റെ നിർമ്മാതാവു്. "പണ്ടത്തെയും ഇന്നത്തെയും മതമർദ്ദനങ്ങൾ തമ്മിലുള്ള സാമ്യം കാണിക്കാൻ വേണ്ടിയാണു് ഞാൻ ഇവരെക്കൂടി അതിനിടയിൽ നിറുത്തിയിരിക്കുന്നതു്" എന്നത്രെ അദ്ദേഹം പ്രസ്താവിച്ചതു്. പ്രസ്തുത ജനാലയിൽ മാററമൊന്നും ചെയ്യാൻ തങ്ങൾ കരുതുന്നില്ലെന്നു അവിടത്തെ സഭാദ്ധ്യക്ഷന്മാരും പ്രസ്താവിച്ചു.

### നോർവേ രാജ്യത്തിലെ കത്തോലിക്കാ സഭ

മതനവീകരണത്തിനു മുമ്പു് നോർവേ ഉറച്ച ഒരു കത്തോലിക്കാരാജ്യമായിരുന്നു. എന്നാൽ നവീകരണാനന്തരം അവിടത്തെ ജനങ്ങൾ പ്രോട്ടസ്റ്റൻറുപിടിയിൽ അമർന്നുപോയി. 33 ലക്ഷം ജനങ്ങളുള്ള ആ രാജ്യത്തു് ഇപ്പോൾ അയ്യായിരത്തോളം കത്തോലിക്കരേയുള്ളു. എങ്കിലും അവിടെ കത്തോലിക്കാ വൈദികാദ്ധ്യക്ഷഭരണം സ്ഥാപിച്ചതിന്റെ 8-ാംശതകം ഈയിടെ അവർ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഇംഗ്ലണ്ടിലെ കാർഡിനൽ മെത്രാപ്പോലീത്തായായ ബർണ്ണാർഡ് ഗ്രിഫിൻ തിരുമേനിയും ആഘോഷങ്ങളിൽ പങ്കെടുത്തു. ഇംഗ്ലണ്ടിലെ ഒരു കർദ്ദിനാളായിരുന്ന നിക്കൊളാസ് ബ്രെക്ക്സ്പീയർ എന്ന ദേഹമാണു് 1153-ൽ നോർവെയിലെ ഒന്നാമത്തെ രൂപത സ്ഥാപിച്ചതെന്നുള്ളതും ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ. പ്രസ്തുത കർദ്ദിനാൾ നാലാം ആഡ്രിയാൻ എന്ന പേരിൽ പിന്നീടു മാർപ്പാപ്പാപദത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലീഷ് ജനതയിൽനിന്നുള്ള ഏക മാർപ്പാപ്പായാണു അദ്ദേഹം.

തൈക്കാട്ട്മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

### ന്യൂസിലണ്ടിൽനിന്നും ഇൻഡ്യാക്കാർക്കു സംഭാവന

വിദേശങ്ങളിലുള്ള അവശജനങ്ങളെ സഹായിക്കുന്നതിനുള്ള ഒരു സംഘടന ന്യൂസിലണ്ടു രൂപതയിലുണ്ടു്. ഈ സംഘടന ഇൻഡ്യയിലെ പാവപ്പെട്ടജനങ്ങൾക്കു വിതരണംചെയ്യുന്നതിലേക്കു ഒരു നല്ല സംഖ്യ വിലവരുന്ന തുണിത്തരങ്ങൾ കാർഡിനൽ 'ഗ്രേഷ്യസ്' തിരുമേനിയുടെ പേർക്കയച്ചിരിക്കുന്നു. ബോംബെയിലുള്ള ന്യൂസിലണ്ടു് ട്രെയിഡ് കമ്മീഷണർ മിസ്റ്റിസു മക്കോളയാണു് ഈ ദാനം തിരുമേനിയെ ഏല്പിച്ചതു്. വിററാമിൻ പിൽസ്, ഔഷധവിഭവങ്ങൾ, പാൽപ്പൊടി വിപ്പുകൾ ആദിയായ മററു പല സംഭാവനകൾ ഭാരതത്തിന്റെ ഇതരഭാഗങ്ങളിലേക്കും അവർ അയച്ചുകൊടുത്തിട്ടുണ്ടു്.

### മൂന്നു സഹോദരന്മാർ ഒന്നിച്ചു പട്ടമേററു

ഹോളണ്ടിലെ വിറേറം റെഡംപ്ടറിസ്റ്റ് ആശ്രമത്തിൽവച്ചു ഈയിടെ മൂന്നു സഹോദരന്മാർ ഒന്നിച്ചു ഗുരുപ്പട്ടമേററിരിക്കുന്നു. അതിൽ രണ്ടുപേർ ഇരട്ടപ്രസവത്തിലുണ്ടായതാണു്. സ്വന്തം ഇടവകയിൽവച്ചു പിറേറഞായറാഴ്ച നടന്ന സ്തുപസ്സുകർബ്ബാനയിൽ മൂത്തസഹോദരൻ കാർമ്മികനും, ഇരട്ടകൾ അഞ്ചും ആറും പട്ടക്കാരുമായിരുന്നു. അന്നു പ്രസംഗിച്ചതു് അവരുടെ എല്ലാവരുടെയും ജ്യേഷ്ഠസഹോദരനായ ഒരു റെഡംപ്ടറിസ്റ്റ് സന്യാസവൈദികനാണു്. ആ കുടുംബത്തിൽ ഈ നാലുപുത്രസന്താനങ്ങൾ മാത്രമേയുള്ളു എന്നതും പ്രസ്താവ്യമായിട്ടുണ്ടു്. മേല്പറഞ്ഞ സന്യാസസഭയിൽപ്പെട്ട ഒരു വൈദികനായ അവരുടെ ഒരു പിതൃവ്യനും പട്ടംകൊടുക്കുമ്പോൾ സന്നിഹിതനായിരുന്നു.

### പേപ്പൽ തിരുവെഴുത്തുകൾ കേസിന്റെ തെളിവിലേക്ക്

ഇംഗ്ലീഷ് ചാനലിലുള്ള രണ്ടു ചെറിയ തുരുത്തുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ചു് ബ്രിട്ടനും ഫ്രാൻസും തമ്മിൽ ഒരു കേസു നടക്കുന്നുണ്ടു്. കഴിഞ്ഞമാസത്തിൽ ഹെയ്ഗിലെ സാർവ്വരാജ്യകോടതിമുമ്പാകെ ഈ കേസു വിസ്താരത്തിനെടുത്തപ്പോൾ തെളിവിലേക്കു ഹാജരാക്കിയിരുന്ന രേഖകളുടെ കൂട്ടത്തിൽ പുരാതനമായ രണ്ടു പേപ്പൽ തിരുവെഴുത്തുകളും ഉൾപ്പെടുന്നു. ഒന്നു 1500 ജനുവരി 20-ലെ ആറാം അലക്സാണ്ടർ മാർപ്പാപ്പാതിരുമനസ്സിലെ ഒരു ബൂളയാണു്. അതിൽ ഈ ദ്വീപുകളെ ഒരു ഫ്രഞ്ചുരൂപതയുടെ ഭരണത്തിൽനിന്നെടുത്തു് ഒരു ബ്രിട്ടീഷ് രൂപതയുടെ അധികാരത്തിൻ കീഴാക്കുന്നതായി പറയുന്നുണ്ടു്. വേറൊന്നു് 1481 ഫെബ്രുവരി 26-ാം തീയതിയിലെ സിക്സ്റ്റുസ് മാർപ്പാപ്പായുടെ ഒരു തിരുവെഴുത്താണു്. ഈ തുരുത്തുകളിൽ കൊള്ളനടത്തുന്ന കടൽക്കള്ളന്മാർക്കു മേലിൽ മഹറോൻശിക്ഷയുണ്ടായിരിക്കുമെന്നു് അതിൽ പ്രസ്താവിച്ചിട്ടുണ്ടത്രെ.

### മോണ്ട്ഗോമറി പ്രഭുവിനു വീണ്ടും സ്ഥാനബിരുദം

ഫീൽഡ് മാർഷൽ മോണ്ടുഗോമറിക്കു് ഇപ്പോൾത്തന്നെയുള്ള സ്ഥാനമുദ്രകൾക്കു കണക്കില്ല. ഈയിടെ അദ്ദേഹം പാരിസിലെ ഒരു സംഗീതസദസ്സ് സന്ദർശിച്ച അവസരത്തിൽ അവർ അദ്ദേഹത്തിനു് ഒരു മുദ്രകൂടി നൽകിയിരിക്കുന്നു. നിസ്തുല സമുദായസേവനത്തിനുള്ള ഒരു കുരിശാണതു്. ചുവന്ന പട്ടയിലാണു് അതു ബന്ധിച്ചിരിക്കുന്നതു്. അദ്ദേഹം അതു് തന്റെ മുദ്രകളുടെ നിരയിൽ കുത്തിപ്പിടിപ്പിച്ചു. സദസ്സിനോടുള്ള ഉൽബോധനത്തിൽ അദ്ദേഹം പറഞ്ഞു: ശക്തമായ ക്രിസ്തീയവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണു് നിങ്ങളുടെ ജോലി. അതു നിങ്ങൾ മുറുക്കിപ്പിടിക്കുന്നിടത്തോളം കാലം നിങ്ങൾ വഴിതെററിപ്പോകുന്നതല്ല.

*Permissu Ecclesiastico*

Printed & Published by K. L. Varkey at the Mar Louis Memorial Press Ernakulam—1

